بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ　نَحْمَدُهٗ وَنُصَلِّيْ عَلٰى رَسُوْلِهِ الْكَرِيْمِ　وَعَلٰى عَبْدِهِ الْمَسِيْحِ الْمَوْعُوْدِ

وَلَقَدْ نَصَرَكُمُ اللّٰهُ بِبَدْرٍ وَّاَنْتُمْ اَذِلَّةٌ

വാല്യം 5

ലക്കം 48

# ബദർ

വീക്കിലി ഖാദിയാൻ

Weekly
BADAR Qadian
Malayalam

വാർഷിക വരിസംഖ്യ 500 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2020 നവംബർ 26/ഹി.ശം. 1399 നുബുവ്വത്ത് 26/1442 റബീഉൽ ആഖർ 10

## അല്ലാഹുവിന്റെ വചനം

وَالَّذِيْنَ اٰمَنُوْا وَعَمِلُوا الصّٰلِحٰتِ
سَنُدْخِلُهُمْ جَنّٰتٍ تَجْرِيْ مِنْ تَحْتِهَا الْاَنْهٰرُ
خٰلِدِيْنَ فِيْهَآ اَبَدًا ؕ وَعْدَ اللّٰهِ حَقًّا ؕ

(النساء:123)

'വിശ്വസിക്കുകയും സൽകർമ്മങ്ങൾ ചെയ്യുകയും ചെയ്യുന്നവരാരോ നാം അവരെ താഴ്ഭാഗത്തുകൂടെ അരുവികളൊഴുകുന്ന ആരാമങ്ങളിൽ പ്രവേശിപ്പിക്കും. അവർ അതിൽ എന്നെന്നും നിവസിക്കുന്നവരായിരിക്കും. ഇത് അല്ലാഹുവിന്റെ സത്യമായ വാഗ്ദാനമാകുന്നു.'
(4:123)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ് സയ്യിദുനാ അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സ്നേഹിതന്മാർ അമീറുൽ മുഅ്മിനീന്റെ പൂർണാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേകകാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും അമീറുൽ മുഅ്മിനീന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

## നബി(സ)യുടെ സാരോപദേശം:

### ജുമുഅ ദിവസം കുളിക്കൽ, എണ്ണയും സുഗന്ധവും തേക്കൽ, നിശബ്ദതയോടും ശ്രദ്ധിച്ചും ഖുത്ബ കേൾക്കൽ എന്നിവയുടെ ശ്രേഷ്ഠത.

(883) ഹദ്റത്ത് സൽമാനുൽ ഫാരിസി(റ) നിവേദനം. നബി(സ)തിരുമേനി പറഞ്ഞു: 'ഒരു മനുഷ്യൻ വെള്ളിയാഴ്ച ദിവസം കുളിക്കുകയും കഴിയുന്നത്ര ശുചിത്വം നേടുകയും ചെയ്തു. തന്റെ പക്കലുള്ള എണ്ണയിൽനിന്ന് അല്പമെടുത്ത് മുടിയിൽ പുരട്ടി. അല്ലെങ്കിൽ തന്റെ വീട്ടിലെ സുഗന്ധദ്രവ്യം അല്പമെടുത്ത് ശരീരത്തിൽ പൂശി. എന്നിട്ട് അവൻ ജുമുഅയ്ക്ക് പുറപ്പെട്ടു. രണ്ടുപേരെ പിടിച്ചു മാറ്റിയിട്ട് അവരുടെ നടുവിൽ ഇരിക്കുകയോ അതിലൂടെ കടന്നുപോകുകയോ ചെയ്തില്ല. എന്നിട്ട് അവനോടു നമസ്കരിക്കാൻ കല്പിച്ചത് അവൻ നമസ്കരിച്ചു. അനന്തരം ഇമാം സംസാരിക്കാൻ ഒരുങ്ങിയപ്പോൾ അവൻ നിശബ്ദനായിരുന്നു. എന്നാൽ, ആ ജുമുഅ മുതൽ അടുത്ത ജമുഅവരെയുള്ള കുറ്റങ്ങൾ അവന് അല്ലാഹു പൊറുത്തുകൊടുക്കാതിരിക്കുകയില്ല.'

(887) അബൂഹുറയ്റ(റ) നിവേദനം. നബി(സ)തിരുമേനി പറഞ്ഞു: 'എന്റെ സമുദായത്തിന് വിഷമം നേരിടുമെന്ന് ഞാൻ ഭയന്നിരുന്നില്ലെങ്കിൽ എല്ലാ നമസ്കാരത്തോടൊപ്പവും ദന്തശുദ്ധി വരുത്താൻ ഞാൻ അവരോടു കല്പിക്കുമായിരുന്നു.'

(888) ഹദ്റത്ത് അനസ്(റ) നിവേദനം. നബി(സ)തിരുമേനി പറഞ്ഞു: 'ദന്തശുദ്ധീകരണത്തിന്റെ വിഷയത്തിൽ ഞാൻ നിങ്ങളെ വളരെയധികം ഉപദേശിച്ചു കഴിഞ്ഞിട്ടുണ്ട്.'(സ്വഹീഹ് ബുഖാരി, വാല്യം 2, കിതാബുൽ ജുമുഅ, ഖാദിയാൻ 2006)

## ഈ ലക്കത്തിൽ

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വെല്ലുവിളി

ഖുത്ബ ജുമുഅ 2020 ഒക്ടോബർ 23 (സമ്പൂർണ തർജമ)

പര്യടന റിപ്പോർട്ട് ഹുദൂർ അയ്യദഹുല്ലാഹ്

**തങ്ങളുടെ ഉള്ളിൽ മാറ്റമുണ്ടാക്കുക എന്നത് നമ്മുടെ ജമാഅത്തിന് ഏറ്റവും പ്രധാനപ്പെട്ടതാണ്. ദൈവത്തിന്റെയടുത്തുള്ള മനുഷ്യന്റെ ജീവചരിത്രം സത്യമാണ്. അതിലെന്താണ് എഴുതിയിരിക്കുന്നതെന്ന് അവനെന്തറിയാം. അതുകൊണ്ട് മനസ്സിനെ ഉണർത്തിയുണർത്തി ചിന്തിക്കേണ്ടതാണ്.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

തങ്ങളുടെ ഉള്ളിൽ മാറ്റമുണ്ടാക്കുക എന്നത് നമ്മുടെ ജമാഅത്തിന് ഏറ്റവും പ്രധാനപ്പെട്ടതാണ്. കാരണം അവർക്ക് ചൂടുള്ള മഅ്രിഫത്ത്(ഈശ്വരജ്ഞാനം)കിട്ടിയിരിക്കുന്നു. മഅ്രിഫത്തു വാദിച്ചുകൊണ്ട് അതനുസരിച്ച് നടക്കുന്നില്ലെങ്കിൽ അതു വെറും പൊങ്ങച്ചമാണ്. അതിനാൽ മറ്റുള്ളവരുടെ അലസത നമ്മുടെ ജമാഅത്തിനെ അശ്രദ്ധരാക്കരുത്. അവരെ മടിയന്മാരാക്കാൻ വിടരുത്. അവർ അവരുടെ തണുപ്പൻ സ്നേഹം കണ്ട്, ഹൃദയം സ്വയം കഠിനതരമാക്കുകയുമരുത്.

ധാരാളം ആഗ്രഹങ്ങളും അതിമോഹങ്ങളും ഉൾക്കൊള്ളുന്നവനാണ് മനുഷ്യൻ. എന്നാൽ, നിയതി നിയമത്തിന്റെ അദൃശ്യകാര്യങ്ങൾ ആർക്കാണ് അറിയുക. മോഹങ്ങളനുസരിച്ച് ജീവിതം നടക്കുകയില്ല. മോഹങ്ങളുടെ പരമ്പരമറ്റൊന്നാണ്. നിയതി നിയമത്തിന്റെ പരമ്പര വേറൊന്നാണ്. അതു തന്നെയാണ് സത്യമായ പരമ്പര. ദൈവത്തിന്റെയടുത്തുള്ള മനുഷ്യന്റെ ജീവചരിത്രം സത്യമാണ്. അതിലെന്താണ് എഴുതിയിരിക്കുന്നതെന്ന് അവനെന്തറിയാം. അതുകൊണ്ട് മനസ്സിനെ ഉണർത്തിയുണർത്തി ചിന്തിക്കേണ്ടതാണ്.

അല്ലാഹുവിനോടുള്ള സ്നേഹത്തിൽ, തന്റെ ശരീരേച്ഛകളുടെ ഉദ്ദേശ്യങ്ങളെ ഇടയിൽനിന്ന് നീക്കുകയും സ്വന്തം അസ്തിത്വത്തെ അവന്റെ മഹത്ത്വത്തിൽ ലയിപ്പിക്കുകയും ചെയ്യുക എന്നത് തൗഹീദിന്റെ ഒരു ഇനമാണ്.

മനുഷ്യൻ, മൃഗം, പക്ഷികൾ, കന്നുകാലികൾ, ഭൂമി, ആകാശം, ഭൂമിയിലും ആകാശത്തും കാണുന്ന വസ്തുക്കൾ തുടങ്ങി ഒന്നിന്റേയും പേരും അടയാളവുംപോലും ഇല്ലാതിരുന്ന ഒരു കാലം കടന്നുകഴിഞ്ഞിട്ടുണ്ടെന്ന് നിങ്ങൾക്കെല്ലാവർക്കും അറിയാം. പ്രതാപവാനായ അല്ലാഹു വിശുദ്ധഖുർആനിലും നബി(സ)തിരുമേനി ഹദീഥിലും പറഞ്ഞിട്ടുള്ളതാണത്. ദൈവം മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഇതാണ് ഇസ്ലാമിന്റെ വിശ്വാസം. **വലം യകുൻ മഅഹു ശയ്ആ** ദൈവത്തോടൊപ്പം മറ്റൊന്നുമുണ്ടായിരുന്നില്ല. ഒരുകാലം വീണ്ടും വരാൻ പോകുന്നുവെന്നും ദൈവത്തോടൊപ്പം ആരുമുണ്ടാകുകയില്ലെന്നും അക്കാലം ഭയാനകമായ കാലമാണെന്നും അതിൽ വിശ്വസിക്കുക എന്നത് എല്ലാ മുഅ്മിനീംകളുടെയും മുസ്ലിംമീങ്ങളുടേയും ജോലിയാണെന്നും അതിൽ വിശ്വസിക്കാത്തവർ മുസ്ലിമല്ല കാഫിറാണെന്നും അവർ വിശ്വാസമില്ലാത്തവരാണെന്നും നമുക്ക് അവൻ ഖുർആനിലൂടേയും ഹദീഥിലൂടേയും വിവരം നല്കിയിരിക്കുന്നു. സ്വർഗം നരകം നബിമാർ(അ) ഗ്രന്ഥങ്ങൾ എന്നിവയിൽ വിശ്വസിക്കാൻ കല്പനയുള്ളതുപോലെ ആ നേരത്തിലും വിശ്വസിക്കേണ്ടത് നിർബന്ധമാണ്. 'സ്വൂർ' എന്ന കൊമ്പിലൂതുമ്പോൾ എല്ലാ നശിച്ചൊടുങ്ങുന്നതായിരിക്കും. ഇത് അല്ലാഹുവിന്റെ നടപടി ക്രമവും അവന്റെ സമ്പ്രദായവുമാണ്.' **(മൽഫൂദാത്ത്, വാല്യം 1, പേജ് 222 – 224, ഖാദിയാൻ 2018)**

**നബി(സ)തിരുമേനി തന്റെ മക്കൾക്ക് സ്വദഖ അനുവദനീയമല്ലെന്ന് കല്പിച്ചു. ഈ മഹാനായ ഔദാര്യവാന്റെ മക്കളോടു പെരുമാറുന്നതൊന്നും സ്വദഖ ആകുകയില്ലെന്നും അത് ആ ഔദാര്യവാന്റെ ഔദാര്യത്തിന് പകരം നല്കുന്നതിനുള്ള ഒരു ചെറിയ ശ്രമമായിരിക്കുമെന്നും മുസ്ലിം ഉമ്മത്തിന് പറഞ്ഞുകൊടുക്കുക എന്നതാണ് അതിലുള്ള യുക്തി.**

**കഷ്ടം! മുസ്ലിമീങ്ങൾ ഈ പോയന്റ് മനസ്സിലാക്കിയിരുന്നെങ്കിൽ! തങ്ങന്മാർക്ക് സ്വദഖ കൊടുക്കുകയും അല്ലെങ്കിൽ അവരുടെ ബുദ്ധിമുട്ടുകളെ തികച്ചും അവഗണിക്കുകയും ചെയ്യുക എന്ന രണ്ട് ദുഷിച്ച കുറ്റകൃത്യങ്ങളിൽനിന്ന് മുസ്ലിമീങ്ങൾ സുരക്ഷിതരായിരുന്നെങ്കിൽ!**

സയ്യിദുനാ ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) **വ മിമ്മാ റസഖ്നാഹും യുൻഫിഖൂൻ** എന്ന വചനത്തിന്റെ വിശദീകരണത്തിൽ പറയുന്നു:

ഔദാര്യം നിർവഹണം സ്ഥാപിതമാകുന്നു എന്നതാണ് ഒമ്പതാമത്തെ തരത്തിലുള്ള ചെലവ്. ഉദാഹരണത്തിന് മാതാപിതാക്കന്മാരെ സേവിക്കാൻ കല്പനയുണ്ട്. ഈ പെരുമാറ്റത്തിന് സേവനാവകാശം എന്ന് പറയാൻപറ്റില്ല. കാരണം മാതാപിതാക്കൾ ചെയ്യുന്നത് സേവനമല്ല. മറിച്ച് ഒരു സ്വാഭാവികമായ ആവേശത്താൽ കുട്ടിയെ പരിപാലിച്ചുവളർത്തുകയാണ്. ഈ ജോലിക്കായി കുട്ടി അവരെ നിയമിക്കുന്നില്ല. മറ്റേതെങ്കിലുമാളുകളെ അതിനായി നിശ്ചയിക്കുന്നുമില്ല. അവർക്കെന്തെങ്കിലും പകരം കിട്ടണമെന്ന ആഗ്രഹവും ഉണ്ടാകുകയില്ല. വലുതാകുമ്പോൾ ഏതെങ്കിലും കുട്ടി മാതാപിതാക്കൾക്ക് സേവനം ചെയ്യുന്നുവെങ്കിൽ അവരുടെ സേവനാവകാശമല്ല നിറവേറ്റുന്നത്. മറിച്ച് അവർ ചെയ്ത ഔദാര്യത്തിന് പകരം ചെയ്യാൻ ശ്രമിക്കുകയാണ്.

ഈ ഔദാര്യനിർവഹണത്തിന്റെ കല്പനയ്ക്കു വിധേയമായി തങ്ങളുടെ ഉസ്താദുമാരോടും ഔദാര്യം ചെയ്ത മറ്റുള്ളവരോടും അല്ലെങ്കിൽ അവരുടെ മക്കളോടുമുള്ള സൽപെരുമാറ്റവും വരുന്നുണ്ട്. ഈ കല്പനയ്ക്കു വിധേയമായി ഏറ്റവും വലിയ മാനുഷികമായ ഔദാര്യങ്ങൾ ചെയ്ത നബി(സ)തിരുമേനിയോടുള്ള സൽപെരുമാറ്റത്തിന്റെ പ്രതിഫലവും വരുന്നുണ്ട്. അത് ആദരണീയരായ സ്വഹാബത്ത് സ്വലാത്തിലൂടെയും ദുആകളിലൂടെയും സേവനത്തിലൂടെയും നിറവേറ്റാൻ ശ്രമിക്കാറുണ്ടായിരുന്നു. നബി(സ)തിരുമേനി തന്റെ മക്കൾക്ക് സ്വദഖ അനുവദനീയമല്ലെന്ന് കല്പിച്ചു. ഈ മഹാനായ ഔദാര്യവാന്റെ മക്കളോടു പെരുമാറുന്നതൊന്നും സ്വദഖ ആകുകയില്ലെന്നും അത് ആ ഔദാര്യവാന്റെ ഔദാര്യത്തിന് പകരം നല്കുന്നതിനുള്ള ഒരു ചെറിയ ശ്രമമായിരിക്കുമെന്നും മുസ്ലിം ഉമ്മത്തിന് പറഞ്ഞുകൊടുക്കുക എന്നതാണ് അതിലുള്ള യുക്തി.

**(ശേഷം പേജ് 12ൽ)**

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

لَآ اِلٰهَ اِلَّا اللّٰهُ مُحَمَّدٌ رَّسُوْلُ اللّٰهِ

# ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വെല്ലുവിളി

മുമ്പിൽവരാൻ എതിരാളികളെല്ലാവരേയും നാം വിളിച്ചു.

**ഇന്നസ്സുമൂമ ലശർറു മാഫിൽ ആലമി – ശർറസ്സുമൂമി അദാവത്തുസ്സ്വുലഹാഇ**

**അല്ലാഹുവിലേക്ക് ഞാൻ ജനങ്ങളെ വിളിക്കുന്നതിൽ ആക്ഷേപം ഉന്നയിക്കുന്ന മുല്ലാക്കൾ ഈ മാർഗത്തിലൂടെ എന്നെ പരീക്ഷിക്കുക; ഇക്കാലത്തെ ഏതെങ്കിലും പാതിരിയുമായി എന്നെക്കൊണ്ട് മത്സരിപ്പിക്കുക. ഞാൻ പരാജയപ്പെടുകയാണെങ്കിൽ എന്റെ എല്ലാ സ്വത്തുക്കളും അയാൾക്ക് നലകുന്നതായിരിക്കും.**

സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഗ്രന്ഥമായ 'ആയിനയെ കമാലാത്തെ ഇസ്ലാം' എന്ന ഗ്രന്ഥത്തിൽനിന്നാണ് ഞങ്ങൾ ഈ വെല്ലുവിളി സമർപിക്കുന്നത്. സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ) ഈ ഗ്രന്ഥത്തിൽ ഹദ്റത്ത് നവാബ് മുഹമ്മദലി ഖാൻ സാഹിബ്(റ), ഹദ്റത്ത് മസീഹ് മൗഊദ്(അ) നെഴുതിയ ഒരു കത്ത് ഇതിൽ പ്രസിദ്ധീകരിച്ചു. അതിൽ ഹദ്ത്ത് നവാബ് സാഹിബ് എഴുതി: 'അങ്ങ് മസീഹിന്റെ മഥീലാണെന്ന്(സദൃശൻ) വാദിച്ചതു മുതൽ വല്ലാത്തൊരു ചിന്താക്കുഴപ്പത്തിന്റെ അവസ്ഥയിലാണുള്ളത്. ചിലപ്പോൾ അങ്ങയുടെ വാദം ശരിയാണെന്ന് മനസ്സിലാകുന്നു. ചിലപ്പോൾ സംശയങ്ങളും സന്ദേഹങ്ങളും അതിജയിക്കുന്നു. അതുകൊണ്ടു സത്യസാക്ഷ്യത്തിന്റെ തെളിവിനുവേണ്ടി താഴെപറയുന്ന കാര്യങ്ങൾ ഉണ്ടാകേണ്ടതാണ്.

1. എതിരാളികളെ മുബാഹലയ്ക്കു വിളിക്കുക. (2) ജനങ്ങളിൽ ന്യായപൂർത്തി സ്ഥാപിതമാകുന്നതിന് അമാനുഷികമായ എന്തെങ്കിലും കാര്യം വെളിപ്പെടുക, തുടങ്ങിയവ. മറുപടി നല്കുന്നതിനു മുമ്പേ സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരു കാര്യം വ്യക്തമാക്കുകയുണ്ടായി. അവിടന്ന് പറഞ്ഞു: 'ഈ കത്ത് നവാബ് സാഹിബ് മറ്റേതോ സത്യാന്വേഷിയുടെ ആവശ്യപ്രകാരം എഴുതിയതാണ്. ഈ വിനീതനുമായി ആത്മാർഥതയുടെയും സ്നേഹത്തിന്റെയും ഒരു പ്രത്യേക ബന്ധം പുലർത്തുകയും ജമാഅത്തിനെ ആത്മാർഥമായി സഹായിക്കുകയും ചെയ്യുന്നയാളാണ് നവാബ് സാഹിബ്.' ഇതിനുശേഷം സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ) കത്തിനുള്ള മറുപടി എഴുതി. അന്വേഷിക്കപ്പെട്ട എല്ലാ കാര്യങ്ങളോടുമൊപ്പം തന്റെ സത്യസാക്ഷ്യത്തിനുള്ള അഞ്ചു തെളിവുകളും അവിടന്ന് വിവരിച്ചു. മറുപടിയ്ക്കു മുമ്പേ അവിടുന്നെഴുതി: 'ഈ കത്ത് കുറഞ്ഞത് മൂന്നു പ്രാവശ്യം ശ്രദ്ധിച്ച് വായിക്കുക. ഈ കത്ത് ബാഹ്യമായി നോക്കുമ്പോൾ താങ്കളുടെ പേരിലാണ്. പക്ഷേ, അതിലെ ഒരുപാട് വാക്യങ്ങൾ മറ്റുള്ളവരുടെ സംശയങ്ങൾ ദൂരീകരിക്കുന്നതിനുവേണ്ടിയുള്ളതാണ്; എങ്കിലും താങ്കൾ തന്നെയാണ് സംബോധിതൻ.' സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ സത്യസാക്ഷ്യത്തിന് നാലാമതായി വിവരിച്ച തെളിവിൽ, അവിടന്ന് മുകളിൽ ചേർത്തിട്ടുള്ള ഇനാം പ്രഖ്യാപിച്ചുകൊണ്ടുള്ള ഗംഭീരമായ വെല്ലിവിളിയും എഴുതിയിരിക്കുന്നു. ഞങ്ങൾ താഴെ ചേർക്കുന്നത് അവിടന്ന് തന്റെ സത്യസാക്ഷ്യത്തിന് വിവരിച്ച അഞ്ചാമത്തെ തെളിവുകളാണ്. അദ്ദേഹം പറയുന്നു:

"സത്യാന്വേഷി ഒരു ചോദ്യവുംകൂടി ഇവിടെ ചോദിക്കാനിടയുണ്ട്. അതിതാണ്, മസീഹ് മൗഊദിന്റെ(വാഗ്ദത്ത മസീഹ്)വാദം അംഗീകരിക്കാൻ ഏത് തെളിവുകളാണ് നിലവിലുള്ളത്? കാരണം ഏതെങ്കിലും വാദിയുടെ സത്യസാക്ഷ്യത്തിന് തെളിവുകൾ ഉണ്ടാകേണ്ടതാണ്;പ്രത്യേകിച്ചും ചതിയും വഞ്ചനയും വിശ്വാസവഞ്ചനയും നിറഞ്ഞിരിക്കുകയും വ്യജാവാദത്തിന്റെ ബാസാർ ചൂടുപിടിച്ചിരിക്കുകയും ചെയ്യുന്ന ഇക്കാലത്ത്. ഈ ചോദ്യത്തിനുള്ള മറുപടിയായി സത്യാന്വേഷിക്കു ദൃഷ്ടാന്തവും തെളിവുമെന്ന നിലയിൽ താഴെ പറയുന്ന കാര്യങ്ങൾ പറഞ്ഞാൽ മതിയാകും.

1. ഒന്നാമത്തേത് നബി(സ) തിരുമേനിയുടെ പ്രവചനം ആശയപരമായ നിലയിൽ കണ്ണികളൊന്നും മുറിഞ്ഞുപോകാതെ നബി(സ)തിരുമേനിവരെ എത്തിയിരിക്കുന്നു. ഇതിന്റെ ഉദ്ദേശ്യം എല്ലാ ഓരോ നൂറ്റാണ്ടിന്റേയും തലയ്ക്കൽ ദീനിനെ പുനരുദ്ധരിക്കുന്നതിനുവേണ്ടി ഒരാളെ നിയോഗിക്കുന്നതായിരിക്കുമെന്ന് അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു എന്നതാണ്. അദ്ദേഹം ദീനിനെ പുനരുജ്ജീവിപ്പിക്കുന്നതായിരിക്കും. അതിന്റെ ബലഹീനതകളെല്ലാം നീക്കി വീണ്ടും അതിന്റെ യഥാർഥ ശക്തിയിലും കഴിവിലും കൊണ്ടുവരുന്നതായിരിക്കും. ഈ പ്രവചനമനുസരിച്ച് തീർച്ചയായും ഈ പതിനാലാം നൂറ്റാണ്ടിന്റെ തലയ്ക്കലും ഒരാൾ അല്ലാഹുവിൽനിന്ന് നിയോഗിതനാകേണ്ടിയിരുന്നു. അയാൾ നിലവിലുള്ള ദോഷങ്ങളെ അകറ്റുന്നതിന് മുന്നിട്ടിറങ്ങി കാണിക്കണമായിരുന്നു. അതിനാൽ, ഈ വിനീതൻ കൃത്യസമയത്ത് നിയോഗിതനായിരിക്കുകയാണ്. ഇതിനുമുമ്പേ പതിനാലാം നൂറ്റാണ്ടിലെ മുജദ്ദിദ് 'മസീഹ് മൗഊദ്' ആയിരിക്കുമെന്ന് നൂറുക്കണക്കിന് വലിയ്യുമാർ തങ്ങളുടെ ഇൽഹാമിലൂടെ സാക്ഷ്യം പറഞ്ഞിരുന്നു. പതിമൂന്നാം നൂറ്റാണ്ടിനുശേഷം മസീഹിന്റെ വെളിപെടലുണ്ടാകുമെന്ന് സ്വഹീഹായ ഹദീഥുകൾ വിളിച്ചു വിളിച്ചു പറയുന്നു. ഈ വിനീതന്റെ ഈ വാദം ഈ നേരത്ത് കൃത്യം അതിന്റെ അവസരത്തിലും സമയത്തുമല്ലേ? നബി(സ) തിരുമേനി പറഞ്ഞിട്ടുള്ളത് തെറ്റാകാൻ സാധ്യതയുണ്ടോ? പതിനാലാം നൂറ്റാണ്ടിന്റെ തലയ്ക്കൽ മസീഹ് മൗഊദ് ജനിച്ചില്ലായിരുന്നെങ്കിൽ നബി(സ)തിരുമേനിയുടെ നിരവധി പ്രവചനങ്ങൾ തെറ്റായിപ്പോകുമായിരുന്നുവെന്നും ഇൽഹാമിലൂടെ ഈ വിവരം നല്കിയ നൂറുകണക്കിന് മഹാത്മാക്കൾ വ്യാജവ്യാദികളാകുമായിരുന്നുവെന്നും ഞാൻ സ്ഥാപിച്ചിട്ടുള്ളതാണ്.

2. ഇക്കാര്യവും ചിന്തിക്കേണ്ടതുണ്ട്; പതിനാലാം നൂറ്റാണ്ടിന്റെ മുജദ്ദിദായി ഈ വിനീതനല്ലാതെ മറ്റാരാണ് വാദിച്ചിട്ടുള്ളതെന്നും ആരാണ് അല്ലാഹുവിൽനിന്ന് വന്നിരിക്കുന്നുവെന്ന് അറിയിച്ചിട്ടുള്ളതെന്നും മുൽഹമാണെന്നും ദൈവനിയോഗിതനാണെന്നും വാദിച്ചിട്ടുള്ളതെന്നും ഉലമാഇനോടു ചോദിക്കുമ്പോൾ, അതിന് മറുപടി നല്കാതെ അവർ തികച്ചും മൗനംപാലിക്കുന്നു. ഇങ്ങനെ വാദിച്ചിട്ടുള്ളതായി ആരേയും അവർക്ക് സമർപിക്കുവാൻ സാധിക്കുന്നില്ല. മസീഹ് മൗഊദാണെന്ന വാദം, അല്ലാഹുവിൽനിന്നുള്ള മുൽഹമാണെന്നും അല്ലാഹുവിൽനിന്നുള്ള മുജദ്ദിദാണെന്നുമുള്ള വാദത്തെക്കാൾ ഒട്ടും വലുതല്ലെന്ന് ഓർമിക്കേണ്ടതാണ്. ആർക്കാണോ ഈ സ്ഥാനം കരസ്ഥമായിട്ടുള്ളത്, അല്ലാഹുവുമായി അയാൾ ഭാഷണം നടത്തുന്നുവെങ്കിൽ അതിന്റെ പേരാണ് 'മിൻജാനിബില്ലാഹ്' എന്നത് വളരെ വ്യക്തമാണ്. മഥീലെ മസീഹ് എന്നോ മഥീലെ മൂസാ എന്നോ ഉള്ള എല്ലാപേരും അദ്ദേഹത്തിന് അനുവദനീയമാണ്. മഥീൽ ആകുന്നതിൽ യഥാർഥമായ ശ്രേഷ്ഠതയൊന്നുമില്ല. യഥാർഥവും തനിമയാർന്നതുമായ ശ്രേഷ്ഠത 'മുൽഹം മിനല്ലാഹ്' ആകുന്നതിലും 'കലീമുല്ലാഹ്' ആകുന്നതിലുമാണ്. പിന്നെ ദൈവഭാഷണത്തിന്റെ ശ്രേഷ്ഠത ലഭിക്കുകയും ഏതെങ്കിലും ദീനീ സേവനത്തിന് അല്ലാഹുവിൽനിന്ന് നിയമിതനാകുകയും(മാമൂർമിനല്ലാഹ്) ചെയ്തയാൾക്ക് കാലത്തിന്റെ ഉചിതമായ അവസ്ഥയനുസരിച്ച് എന്തെങ്കിലും നാമം അല്ലാഹു വെക്കാവുന്നതാണ്. ഈ പേരിടലിൽ വലിയ കാര്യമൊന്നുമല്ല. ഇസ്ലാമിൽ മൂസാ, ഈസാ, ദാവൂദ്, സുലയ്മാൻ, യഅ്ഖൂബ് തുടങ്ങിയ ധാരാളം പേരുകളുണ്ട്. ധാരാളം നബിമാരുടെ പേരുകൾ ആളുകളിടുകയും ചെയ്യുന്നു. തങ്ങൾ പേരിടുന്ന കുട്ടിയ്ക്ക് അവരുടെ സൽസ്വഭാവങ്ങൾ ലഭിക്കണമെന്ന ഉദ്ദേശ്യത്തോടെയാണ് അവർ ഇങ്ങനെ പേരിടുന്നത്. ഇനി അല്ലാഹു ആർക്കെങ്കിലും തന്റെ ഭാഷണം നല്കുകയും നിലവിലെ എന്തെങ്കിലും ഉദ്ദേശ്യത്തിന്റെ അടിസ്ഥാനത്തിൽ അദ്ദേഹത്തിന് എന്തെങ്കിലും പേരിടുകയും ചെയ്താൽ അതിലെന്താണ് തെറ്റ്? (ആഇനയെ കമാലാത്തെ ഇസ്ലാം റൂഹാനീ ഖസാഇൻ, വാള്യം 5, പേജ് 340–341)

3. ഈ വിനീതന്റെ സത്യതയ്ക്കുള്ള മൂന്നാമത്തെ അടയാളം, ഞാൻ വരുന്നതിന് ഒരുപാടു കാലം മുമ്പേ അല്ലാഹുവിന്റെ ചിലയാളുകൾ എന്റെ വരവിനെക്കുറിച്ച് അറിയിച്ചിരുന്നുവെന്നതാണ്.

4. ഈ വിനീതന്റെ നാലാമത്തെ അടയാളം, എനിക്കുണ്ടായിരിക്കുന്ന വെളിപാടുപരമായ അനുഗ്രഹങ്ങളെ നേരിടാൻ ക്ഷണിച്ചുകൊണ്ട് അന്യമതക്കാർക്ക് പ്രത്യേകിച്ച് പാതിരിമാർക്ക് പന്ത്രണ്ടായിര(12000)ത്തിനടുത്ത് കത്തുകളും വിജ്ഞാപനങ്ങളും അയച്ചുവെന്നതാണ്. അവരിൽ യൂറോപ്പിലും അമേരിക്കയിലും ഇന്ത്യയിലുമുള്ള പ്രസിദ്ധരായവർക്ക് രജിസ്റ്റർ ചെയ്ത് കത്ത് അയക്കാത്തവരായി ഒരാൾപോലും ഉണ്ടാകുകയില്ല; അവരിലെല്ലാവരിലും സത്യത്തിന്റെ ആദരയുക്തമായ ഭയമുണ്ടായിട്ടുണ്ട്. ഇപ്പോൾ നമ്മുടെ ജനതയിലെ മുല്ലാ–മൗലവിമാർ ഈ ക്ഷണത്തിൽ ആക്ഷേപം ഉന്നയിക്കുകയാണ്. വാസ്തവത്തിൽ ഇത് അവരുടെ കളവു പറയലും മാലിന്യം തിന്നലുമാണ്. ദീനിന്റെ വിരോധികളായ ആരെങ്കിലും എന്റെ മുമ്പിൽ എന്നെ നേരിടാൻ വന്നാൽ, ഞാൻ അയാളുടെമേൽ വിജയം വരിക്കുന്നതാണെന്നും അയാൾ നിന്ദിതനാകുന്നതാണെന്നും എനിക്ക് ഖണ്ഡിതമായ നിലയിൽ സുവാർത്ത അറിയിക്കപ്പെട്ടിരിക്കുന്നു. മുസ്ലിമീങ്ങൾ എന്നു പറയുന്ന ഇവർ എന്നെ സംബന്ധിച്ച് സംശയം വെച്ചുപുലർത്തുകയാണ്. എന്തുകൊണ്ട് ഇക്കാലഘട്ടത്തിലെ ഏതെങ്കിലും പാതിരിയുമായി എന്നെക്കൊണ്ട് വാദപ്രതിവാദം നടത്തുന്നില്ല. 'ഇയാൾ യഥാർഥത്തിൽ കെട്ടിച്ചമച്ചുപറയുന്നയാളാണെന്നും ഇയാളുമായി മത്സരിച്ചാൽ ഒരു നഷ്ടവും ഉണ്ടാകാൻ പോകുന്നില്ലെന്നും ഞങ്ങൾ അതിന് ഉത്തരവാദികളാണെന്നും' ഏതെങ്കിലും പാതിരിയോടോ പണ്ഡിറ്റിനോടോ പറഞ്ഞ് അവരെ കൂട്ടിക്കൊണ്ടു വരിക. അപ്പോൾ പിന്നെ അല്ലാഹു താൻതന്നെ വിധിക്കുന്നതായിരിക്കും. ഞാൻ കള്ളം പറയു

(ശേഷം പേജ് 9ൽ)

# ഖുത്ബ ജുമുഅ

'മുആദേ!ഞാൻ നിന്നോട് ഉപദേശിക്കുകയാണ്. എല്ലാ നമസ്കാരത്തിനുശേഷവും ഒരിക്കലും ഉപേക്ഷ വരുത്താതെ ഈ ദിക്ർ ചൊല്ലുക, **'അല്ലാഹുമ്മ അയിന്നീ അലാ ദിക്രിക്ക വ ശുക്രിക്ക വ ഹുസ്നി ഇബാദത്തിക്ക.**

ശ്രേഷ്ഠമായ ഈമാനിതാണ്; താങ്കൾ അല്ലാഹുവിനു വേണ്ടി സ്നേഹിക്കുകയും അല്ലാഹുവേണ്ടി വെറുക്കുകയും ചെയ്യുക. താങ്കൾ നാവുകളെ ദൈവസ്മരണയിൽ നിലനിറുത്തുക. താങ്കൾ താങ്കൾക്കുവേണ്ടി ഇഷ്ടപ്പെടുന്നത് ജനങ്ങൾക്കു വേണ്ടിയും ഇഷ്ടപ്പെടുക. താങ്കൾ താങ്കൾക്കു വേണ്ടി ഇഷ്ടപ്പെടാത്തത് മറ്റുള്ളവർക്കുവേണ്ടിയും ഇഷ്ടപ്പെടാതിരിക്കുക.'

വിശുദ്ധ ഖുർആൻ ഓത്തുകാരനും റസൂലിനു പ്രിയപ്പെട്ടവനും കർമശാസ്ത്രപണ്ഡിതനും ഉന്നതനായ ബദ്രി സ്വാഹാബിയുമായ ഹദ്റത്ത് മുആദ് ബിൻ ജബലി(റ)ന്റെ സ്തുത്യർഹമായ ജീവിത ചരിത്രവിവരണം

ഒഡീഷയിലെ ഖൂർദാ ജില്ലാ മുബല്ലിഗ് ഇൻചാർജ് ഫർസാൻ ഖാൻ സാഹിബ്, മലേഷ്യ ലോക്കൽ മിഷണറി അബ്ദുല്ലാഹ് മുൽസീക്കോ സാഹിബ്, ഖാദിയാനിലെ മുഅല്ലിം അബ്ദുൽവാഹിദ് സാഹിബ് തുടങ്ങിയ പരേതാത്മാക്കളെ കുറിച്ചുള്ള അനുസ്മരണവും ജനാസ ഗാഇബും

**ഖുത്ബ ജുമുഅ 2020 ഒക്ടോബർ 23/1399 അഖാഅ് 23**
**മസ്ജിദ് മുബാറക് ഇസ്ലാമാബാദ്, ടിൽഫോർഡ്, (സർറെ)യു.കെ**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
أَمَّا بَعْدُ فَأَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ - اَلْحَمْدُ لِلّٰهِ رَبِّ
الْعٰلَمِيْنَ - الرَّحْمٰنِ الرَّحِيْمِ - مٰلِكِ يَوْمِ الدِّيْنِ - إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِيْنُ - اِهْدِنَا الصِّرَاطَ
الْمُسْتَقِيْمَ - صِرَاطَ الَّذِيْنَ أَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ -

ഇന്ന് ഞാൻ അനുസ്മരിക്കുന്ന സ്വഹാബിയുടെ പേര് ഹദ്റത്ത് മുആദ് ബിൻ ജബൽ എന്നാകുന്നു. അദ്ദേഹത്തിന്റെ പേര് മുആദ് എന്നായിരുന്നു. പിതാവിന്റെ പേര് ജബൽ ബിൻ അംറ് എന്നും മാതാവിന്റെ പേര് ഹിന്ദ് ബിൻത് സഹ്ൽ എന്നുമായിരുന്നു. അവർ ജുഹയ്ന ഗോത്രത്തിന്റെ ശാഖയായ ബനൂ റബ്അയിൽ നിന്നുള്ളവരായിരുന്നു. ഹദ്റത്ത് മുആദ് ബിൻ ജബലിന്റെ സംജ്ഞാനാമം അബ്ദുർറഹ്മാൻ എന്നായിരുന്നു. അദ്ദേഹം ഖസ്റജ് ഗോത്രത്തിന്റെ ശാഖയായ ഉദയ്യ് ബിൻ സഅ്ദ് ബിൻ അലിയിൽപ്പെട്ട ആളായിരുന്നു. സയ്റുസ്സ്വഹാബ എന്ന ഗ്രന്ഥത്തിന്റെ കർത്താവ് എഴുതുന്നു: 'സഅ്ദ് ബിൻ അലിക്ക് രണ്ട് ആൺമക്കളുണ്ടായിരുന്നു; സലിമയും ഉദയ്യും. സലിമയുടെ വംശാവലി ബനു സലിമ ആകുന്നു. ഇസ്ലാമിന്റെ കാലത്ത് ഉദയ്യ് ബിൻ സഅ്ദിന്റെ കുടുംബത്തിൽ രണ്ട് വ്യക്തികളാണ് ബാക്കിയുണ്ടായിരുന്നത്. ഒന്ന് മുആദും രണ്ടാമത്തേത് അദ്ദേഹത്തിന്റെ മകൻ അബ്ദുർറഹ്മാനും. ബനൂ ഉദയ്യിന്റെ വീടുകൾ, ബനൂ സലിമയുടെ അയൽപക്കത്താണ് ഉണ്ടായിരുന്നത്. ഹദ്റത്ത് മുആദ് ബിൻ ജബൽ, നല്ല വെളുത്ത നിറവും ഭംഗിയുള്ള മുഖവും സുർമ തേച്ചതുപോലെ മനോഹരമായ കണ്ണുകളുമുള്ള ആളായിരുന്നു. അദ്ദേഹം തന്റെ സമുദായത്തിലെ യുവാക്കളിൽ ഏറെ സൗന്ദര്യമുള്ള യുവാവും വളരെ ദാനശീലനുമായിരുന്നു. അബു നുഅയിം വിവരിക്കുന്നു: 'ഹദ്റത്ത് മുആദ് ബിൻ ജബൽ, അൻസ്വാറിലെ യുവാക്കളിൽ സഹിഷ്ണുതയിലും ലജ്ജയിലും ദാനശീലത്തിലും ഉത്തമനായിരുന്നു. ഹദ്റത്ത് മുആദ് ബിൻ ജബൽ രണ്ടാം അഖബ ബയ്അത്തിൽ 70 അൻസ്വാർ സഹാബാക്കളൊടോപ്പം പങ്കെടുത്തിരുന്നു. ഇസ്ലാം സ്വീകരിച്ച സമയത്ത് അദ്ദേഹത്തിന് 18 വയസ്സായിരുന്നു. ഹദ്റത്ത് മുആദ് ബിൻ ജബൽ, ബദ്ർ, ഉഹുദ്, ഖൻദഖ് എന്നിവയിലും തുടർന്നുള്ള യുദ്ധങ്ങളിലും നബി(സ)തിരുമേനിയുടെകൂടെ പങ്കെടുത്തിരുന്നു. ബദ്ർ യുദ്ധത്തിൽ പങ്കെടുക്കുന്ന നേരത്ത് അദ്ദേഹത്തിന്റെ പ്രായം ഇരുപതോ, ഇരുപത്തിയൊന്നോ ആയിരുന്നു. അദ്ദേഹത്തിന്റെ അഖിയാഫി സഹോദരൻ(പിതാവ് ഒന്നും മാതാവ് രണ്ടും ആയിട്ടുള്ള സഹോദരങ്ങൾ) ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ജദ്ദും അദ്ദേഹത്തോടൊപ്പം ബദ്ർ യുദ്ധത്തിൽ പങ്കെടുത്തിരുന്നു. ഉസുദുൽ ഗാബ എന്ന ഗ്രന്ഥത്തിന്റെ അടിസ്ഥാനത്തിൽ അദ്ദേഹത്തിന്റെ മാതാവൊത്ത സഹോദരന്റെ പേര് സഹ്ൽ ബിൻ മുഹമ്മദ് ബിൻ ജദ്ദ് എന്നായിരുന്നു. സഹ്ൽ ബനു സലിമയിൽപ്പെട്ടവരായിരുന്നു. അതുകൊണ്ടാണ് ബനൂ സലിമാ അദ്ദേഹത്തേയും തങ്ങളുടെ ഗോത്രത്തിൽ ഗണിക്കുന്നത്. മുഹാജിരീങ്ങൾ ഹിജ്റത്ത് ചെയ്തു മദീനയിൽ വന്നപ്പോൾ നബി(സ)തിരുമേനി, ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ മസ്ഊദിനേയും ഹദ്റത്ത് മുആദ് ബിൻ ജബലിനേയും സഹോദരന്മാരാക്കി.

വിവിധ ചരിത്ര ഗ്രന്ഥങ്ങളിൽ ഈ ഉദ്ധരണിയാണുള്ളത്. ഇസ്ലാം സ്വീകരിച്ചശേഷം ഹദ്റത്ത് മുആദ് ബിൻ ജബൽ, ബനൂ സലിമയിലെ യുവാക്കളോടൊപ്പം ചേർന്നു ബനു സലിമാ ഗോത്രത്തിന്റെ വിഗ്രഹങ്ങൾ ഉടച്ചുകളയഞ്ഞു.(ഉസുദുൽഗാബ ഫീ മഅ്രിഫ്ത്തിസ്സ്വഹാബ, വാല്യം 5, പേജ് 187, മുആദ് ബിൻ ജബൽ ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് ലബ്നാൻ 2003)(അത്ത്വബഖാത്തുൽ കുബ്റാ ലിഇബ്നി സഅ്ദ്, ഭാഗം 3, പേജ് 437–438, മുആദ് ബിൻ ജബൽ, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് ലബ്നാൻ 1990)(അൽ ഇസ്വാബ ഫീ തമീസിസ്സ്വഹാബ, വാല്യം 6, പേജ് 107–108, മുആദ് ബിൻ ജബൽ, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 1995)(സയ്റുസ്സ്വഹാബ, വാല്യം 3, പേജ് 497, മുആദ് ബിൻ ജബൽ, ദാറുൽഇശാഅത്ത് കറാച്ചി 2004)

എങ്ങനെയാണ് അവർ വിഗ്രഹങ്ങളെ തകർത്തതെന്ന് നേരത്തെ ഒരു സ്വഹാബിയുടെ അനുസ്മരണത്തിൽ ഞാൻ വിവരിച്ചതാണ്. ഇവിടെയും വിവരിക്കാം: ഹദ്റത്ത് അംറ് ബിൻ ജമൂഹ്, തന്റെ വീട്ടിൽ മരത്തിന്റെ ഒരു വിഗ്രഹമുണ്ടാക്കുകയും അതിനു 'മനാത്ത്' എന്ന പേരിടുകയും ചെയ്തു. അതിനെ ഏറെ ആദരിക്കുകയും ചെയ്തിരുന്നു. രണ്ടാം അഖബ ബയ്അത്തിന്റെ അവസരത്തിൽ ബനൂ സലിമ ഗോത്രത്തിലെ ചില യുവാക്കളും ബയ്അത്ത് ചെയ്തിരുന്നു. അതിൽ ഹദ്റത്ത് മുആദ് ബിൻ ജബലുമുണ്ടായിരുന്നു. അംറിന്റെ മകൻ മുആദും ബയ്അത്ത് ചെയ്തിരുന്നു. ഞാൻ പറയുന്ന ഈ സംഭവം മുആദ് ബിൻ അംറിന്റെ അനുസ്മരണത്തിൽ നേരത്തെ വിവരിച്ചിട്ടുള്ളതാണ്. പറയുന്നു: അവർ പിതാവ് അംറിനെ ഇസ്ലാമിലേക്ക് ക്ഷണിക്കാൻ ഒരു ഉപായം മെനഞ്ഞു. അതായത് അംറ് തന്റെ വീട്ടിൽ വളരെ ഭംഗിയായി വെച്ചിട്ടുണ്ടായിരുന്ന വിഗ്രഹത്തെ രാത്രിയിൽ എടുത്തുകൊണ്ടുപോയി ചപ്പചവറുകൾ ഇടുന്ന കുഴിയിലിട്ടു. സഹായത്തിന് മറ്റുകുട്ടികളേയും കൂട്ടിയിരുന്നു. അതിൽ മുആദ് ബിൻ ജബലുമുണ്ടായിരുന്നു. ഏതായിരുന്നാലും ഒരുദിവസം അവർ അതിനെ എടുത്തു ചവറുകൾക്കിടയിൽ വലിച്ചെറിഞ്ഞു. അംറ് അത് തിരഞ്ഞെടുത്ത് വീട്ടിൽകൊണ്ടുവന്നുവച്ചിട്ട് പറഞ്ഞു: 'എന്റെ ഈ വിഗ്രഹത്തോട് ഇങ്ങനെ ചെയ്യുന്നവൻ ആരാണെന്ന് എനിക്ക് മനസ്സിലായാൽ ഞാൻ അവനെ ഗുണപാഠമാകുന്ന തരത്തിൽ ശിക്ഷിക്കുന്നതാണ്.' അടുത്ത ദിവസവും യുവാക്കൾ ആ വിഗ്രഹത്തോട് അതുതന്നെ ചെയ്തു. അത് ചവറുകൾക്കിടയിൽ തലകീഴായി കിടക്കുന്നുതു കണ്ടപ്പോൾ അദ്ദേഹം അതിനെ എടുത്തുകൊണ്ടുവന്നു. മൂന്നാമത്തെ ദിവസം വീണ്ടും അതിനെ വൃത്തിയാക്കി ഭംഗിയായി സ്ഥാപിച്ചു. അതോടൊപ്പം തന്റെ വാളും അവിടെ തൂക്കിയിട്ടിട്ട് വിഗ്രഹത്തോടു പറഞ്ഞു: 'ദൈവത്താണ! നിന്നോടു ആരാണിങ്ങനെ പെരുമാറുന്നതെന്ന് എനിക്കറിയില്ല. എന്നാൽ, ഇനി ഇപ്പോൾ എന്റെ വാളും നിന്റെ അടുത്ത് വെച്ചിട്ട് ഞാൻ പോവുകയാണ്. നീ തന്നെ നിന്നെ സംരക്ഷിച്ചുകൊള്ളുക. നിന്റെ കൈയിൽ ഇപ്പോൾ വാളുമുണ്ട്. അടുത്ത ദിവസവും ആ വിഗ്രഹം തൽസ്ഥാനത്തില്ലെന്ന് ഹദ്റത്ത് അംറ് അറിഞ്ഞു. അന്ന് അതിനെ ആ പ്രദേശത്തുള്ള ഒരു കുഴിയിൽ ഒരു ചത്ത നായയോടൊപ്പം കെട്ടിയ നിലയിലാണ് കണ്ടെത്തിയത്. അതുകണ്ട് അദ്ദേഹം ഏറെ പരിഭ്രമിക്കുകയും, തികച്ചും അസ്വസ്ഥനായി ചിന്തിച്ചു തുടങ്ങുകയും ചെയ്തു. താൻ ദൈവമാക്കിവച്ചിട്ടുള്ള ഈ വിഗ്രഹത്തിന് അടുത്തുതന്നെ വാളുണ്ടായിട്ടും സ്വയം സംരക്ഷിക്കാൻ പോലും കഴിവും, ശക്തിയുമില്ല. എന്നിരിക്കെ എന്നെ സംരക്ഷിക്കാൻ ഇതിനെങ്ങനെയാണ് കഴിയുക? എന്നുമാത്രമല്ല അതിന്റെ കഴുത്തിൽ ചത്ത ഒരു നായയെ കെട്ടിയിട്ടുമുണ്ട്. ഇതെങ്ങനെ ദൈവമാകാനാണ്? ചുരുക്കത്തിൽ ഈ വിഗ്രഹം അദ്ദേഹത്തെ ഇസ്ലാമിലേക്ക് തിരിക്കാനും ഇസ്ലാം സ്വീകരിക്കാനും നിമിത്തമായിമാറി.(ഉസുദുൽഗാബ, വാല്യം 4, പേജ് 195, അംറ് ബിൻ അൽജമൂഹ്, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് ലബ്നാൻ 2003)

ഹദ്റത്ത് മുആദ് ബിൻ ജബലിന് നബി(സ)തിരുമേനിയോടുണ്ടായിരുന്ന സ്നേഹവും കൂറും ഒരു

സംഭവത്തിൽനിന്ന് നമുക്ക് ഊഹിക്കാൻ കഴിയും. അതായത് ഉഹുദ് യുദ്ധത്തിനുശേഷം നബി(സ)തിരുമേനി മദീനയിൽ തിരിച്ചു വന്നപ്പോൾ ഇടവഴികളിൽ നിന്നെല്ലാം അലമുറയിട്ട് കരഞ്ഞുവിലപിക്കുന്ന ശബ്ദം കേട്ടിരുന്നു. നബി(സ)തിരുമേനി ചോദിച്ചു: 'ഇതെന്താണ്?' അദ്ദേഹം പറഞ്ഞു: 'അൻസ്വാറിന്റെ സ്ത്രീകൾ തങ്ങളുടെ ശുഹദാക്കളെ ഓർത്തു കരയുകയാണ്.' നബി(സ)തിരുമേനി ചോദിച്ചു: 'ഹംസത്തിനു വേണ്ടി വിലപിക്കാനാരുമില്ലേ?' നബി(സ)തിരുമേനി ഹദ്റത്ത് ഹംസത്തിന്റെ മഗ്ഫിറത്തിനുവേണ്ടി ദുആ ചെയ്തു. ഹദ്റത്ത് സഅ്ദ് ബിൻ മുആദ്(റ), ഹദ്റത്ത് സഅ്ദ് ബിൻ ഉബാദ(റ), ഹദ്റത്ത് മുആദ് ബിൻ ജബൽ(റ), ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ റവാഹ(റ), എന്നിവർ നബി(സ)തിരുമേനി പറയുന്നത് കേട്ടപ്പോൾ താന്താങ്ങളുടെ പ്രദേശങ്ങളിൽ പോയി അലമുറയിട്ടു കരയുകയും മുറവിളി കൂട്ടുകയും ചെയ്യുന്ന മദീനയിലെ സ്ത്രീകളെ ഒരുമിച്ചുകൂട്ടിക്കൊണ്ടു പറഞ്ഞു: 'ഇനി നബി(സ)തിരുമേനിയുടെ പിതൃവ്യനുവേണ്ടി അലമുറയിട്ടു കരയുകയും മുറവിളികൂട്ടുകയും ചെയ്യാതെ ആരും അൻസ്വാർ ശുഹദാക്കൾക്കുവേണ്ടി കരയുകയില്ല. കാരണം 'ഹംസത്തിനുവേണ്ടി കരയാൻ മദീനയിൽ ആരുമില്ലേ?' എന്ന് നബി(സ)തിരുമേനി ചോദിച്ചിരിക്കുന്നു. ചുരുക്കത്തിൽ അദ്ദേഹത്തിന്(റ), നബി(സ)യോടുണ്ടായിരുന്ന അനുരക്തിയാണിത്. ഹദ്റത്ത് ഹംസയുടെ കാര്യത്തിൽ നബി(സ)തിരുമേനിക്ക് വിഷമമുണ്ടായി.(അസ്സീറത്തുന്നബ്വിയ്യ ലിഇബ്നികഥീർ വാള്യം 3, പേജ് 95-96, ഗസ്വ ഉഹുദ്, ദാറുൽമഅ്രിഫ, ബെയ്റുത്ത് 1986) അലമുറയിട്ടു കരയുന്നത് ഇസ്ലാമിൽ നിഷിധമാണ്. ഇവിടെ നബി(സ)തിരുമേനി കുറച്ചുനേരത്തേക്ക് അതിനുള്ള അനുമതി നൽകുകയുണ്ടായി. അഥവാ ജനങ്ങളുടെ വൈകാരിക പ്രകടനം കണ്ടപ്പോൾ ഹംസത്തിനുവേണ്ടിയും ഇങ്ങനെ വികാരപ്രകടനമുണ്ടായെങ്കിലെന്ന് നബി(സ)തിരുമേനി ആഗ്രഹിച്ചു. ഏതായിരുന്നാലും ഇസ്ലാമിൽ പൊതുവിൽ ഇത് നിഷിധമാണ്. നബി(സ)തിരുമേനി അത് വിലക്കിയിരിക്കുന്നു.

മക്കാവിജയത്തിനുശേഷം നബി(സ)തിരുമേനി ഹുനയ്നിലേക്ക് പോയി. ഹുനയ്ൻ മക്കയുടെ വടക്കുകിഴക്ക് ത്വാഇഫിനടുത്തുള്ള താഴ്വരയാണ്. അപ്പോൾ നബി(സ)തിരുമേനി മക്കയിൽ ജനങ്ങൾക്ക് ദീനും ഖുർആനും പഠിപ്പിക്കാൻ ഹദ്റത്ത് മുആദ് ബിൻ ജബലിനെ നിറുത്തിയിരുന്നു. (അത്ത്വബഖാത്തുൽ കുബ്റാ, വാള്യം 3, പേജ് 265, മുആദ് ബിൻ ജബൽ, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് ലബ്നാൻ 1990)(ഫർഹങ്കെ സീറത്ത്, പേജ് 109, സവാർ അക്കാഡമി പബ്ലിക്കേഷൻസ്)

ഹദ്റത്ത് മുആദ് ബിൻ ജബൽ(റ) തബൂക്ക് യുദ്ധത്തിൽ നല്ല രീതിയിൽ ഭാഗഭാക്കായിരുന്നു. നബി(സ)തിരുമേനി, ഹദ്റത്ത് കഅ്ബ് ബിൻ മാലിക്കിനെ സംബന്ധിച്ച്, അദ്ദേഹം ആ സമയത്ത് മദീനയിൽതന്നെ നിന്നിരുന്നു, ചോദിച്ചപ്പോൾ ബനൂ സലിമയിലെ ഒരാൾ നബി(സ)തിരുമേനിയോട് അദ്ദേഹത്തെപ്പറ്റി മോശമായി പറഞ്ഞു. ആ സമയത്ത് ഹദ്റത്ത് മുആദ് ബിൻ ജബൽ(റ) അയാളെ ശകാരിച്ചു. എന്നിട്ട് നബി(സ)തിരുമേനിയോട് പറഞ്ഞു:'യാ റസൂലല്ലാഹ്! ഞങ്ങൾ അദ്ദേഹത്തിൽ നന്മയല്ലാതെ ഒന്നും കണ്ടിട്ടില്ല.' (സ്വഹീഹുൽ ബുഖാരി, കിതാബുൽ മഗാസി, ബാബ് ഹദീഥ് കഅ്ബ് ബിൻ മാലിക്, ഹദീഥ് 4418)

ഇതായിരുന്നു ഉന്നതമായ ധാർമികത. ആരുടേയും ദോഷം പറയരുത്.

ഖത്താദഃ വിവരിക്കുന്നു, ഞാൻ ഹദ്റത്ത് അനസ്(റ)ഇങ്ങനെ പറയുന്നതായികേട്ടു: നബി(സ)തിരുമേനിയുടെ കാലത്ത് നാലു പേരാണ് ഖുർആൻ സമാഹരിച്ചത്. അവരെല്ലാവരും അൻസ്വാറിൽ നിന്നുള്ളവരായിരുന്നു. ഹദ്റത്ത് മുആദ് ബിൻ ജബൽ(റ), ഹദ്റത്ത് ഉബയ്യ് ബിൻ കഅ്ബ്(റ), ഹദ്റത്ത് സയ്ദ് ബിൻ ഥാബിത്ത്(റ), ഹദ്റത്ത് അബൂ സയ്ദ്(റ). ഹദ്ത്ത് അബൂ സയ്ദ്, ഹദ്റത്ത് അനസ്(റ)ന്റെ പിതൃവ്യൻ ആയിരുന്നു.(സ്വഹീഹ് മുസ്ലിം, കിതാബു ഫളാഇലുസ്സ്വഹാബ, ബാബു മിൻ ഫളാഇൽ ഉബയ്യ് ബിൻ കഅ്ബ്, ഹദീഥ് നമ്പർ 2465)

ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ അംറ്(റളിയല്ലാഹുഅൻഹുമാ)ൽ നിന്ന് നിവേദനം: 'ഞാൻ നബി(സ)തിരുമേനി ഇങ്ങനെ പറയുന്നതായികേട്ടു. നാലുപേരിൽനിന്ന് വിശുദ്ധ ഖുർആൻ പഠിക്കുക; അതായത് ഇബ്നു മസ്ഊദ്(റ), അബൂ ഹുദയ്ഫയുടെ അടിമയായിരുന്ന സാലിം(റ), ഉബയ്യ് ബിൻ കഅ്ബ്(റ), മുആദ് ബിൻ ജബൽ(റ). (സ്വഹീഹുൽ ബുഖാരി, കിതാബു മനാഖിബുൽ അൻസ്വാർ, ബാബ് മനാഖിബു മുആദ് ബിൻ ജബൽ, ഹദീഥ് 3806)

ഞാൻ ആദ്യം വായിച്ചത് ബുഖാരിയിലുള്ള നിവേദനമാണ്.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനി(റ) വിവരിക്കുന്നു: ഹദ്റത്ത് കഅ്ബിന്റെ വിവരണത്തിൽ മുമ്പേയും കുറച്ചു വിശദീകരണം ഇതുമായി ബന്ധപ്പെട്ടു വന്നിട്ടുള്ളതാണ്. നബി(സ)തിരുമേനി വിശുദ്ധ ഖുർആൻ പഠിപ്പിക്കാൻ അധ്യാപകരുടെ ഒരു സംഘത്തെ നിശ്ചയിച്ചിരുന്നു. അവർ മുഴുവൻ ഖുർആനും നബി(സ)തിരുമേനിയിൽ നിന്ന് ഹൃദിസ്തമാക്കി, മറ്റുള്ളവർക്ക് പഠിപ്പിച്ചിരുന്നു. അതിൽ ഇവർ നാലു പേർ അഗ്രഗണ്യരായ അധ്യാപകരായിരുന്നു. നബി(സ)തിരുമേനിയിൽനിന്ന് ഖുർആൻ പഠിച്ച്, ജനങ്ങൾക്ക് ഖുർആൻ പഠിപ്പിക്കുകയായിരുന്നു ഇവരുടെ ജോലി. തുടർന്ന് ഇവർക്കു കീഴിൽ നിരവധി സ്വഹാബാക്കൾ ജനങ്ങൾക്ക് വിശുദ്ധ ഖുർആൻ പഠിപ്പിച്ചിട്ടുണ്ടായിരുന്നു. അതിൽ അഗ്രഗണ്യരായ 4 അധ്യാപകരുടെ പേര് ഇപ്രകാരമാകുന്നു, അബ്ദുല്ലാഹ് ബിൻ മസ്ഊദ്(റ), സാലിം മൗല അബി ഹുദയ്ഫ(റ), മുആദ് ബിൻ ജബൽ(റ), ഉബയ്യ് ബിൻ കഅബ്(റ). ഇവരിൽ രണ്ടുപേർ മുഹാജിരീങ്ങളും രണ്ടുപേർ അൻസ്വാറുമായിരുന്നു. അബ്ദുല്ലാഹ് ബിൻ മസ്ഊദ്(റ) ഒരു തൊഴിലാളിയായിരുന്നു; സാലിം സ്വതന്ത്രനാക്കപ്പെട്ട അടിമയും. മുആദ് ബിൻ ജബലും ഉബയ്യ് ബിൻ കഅ്ബും മദീനയിലെ നേതാക്കന്മാരിൽപ്പെട്ടവാരായിരുന്നു. അതായത് എല്ലാവിഭാഗത്തിൽനിന്നും സകലവിഭാഗക്കാരേയും പരിഗണിച്ചു കൊണ്ടാണ് നബി(സ)തിരുമേനി ഖാരിമാരെ(ഓത്തുകാരെ)നിശ്ചയിച്ചിരുന്നത്. ഹദീഥിൽ വന്നിരിക്കുന്നു നബി(സ)തിരുമേനി ഇങ്ങനെ പറയാറുണ്ടായിരുന്നു: ഖുദുൽഖുർആന മിൻ അർബഅത്തിൻ (മിൻ) അബ്ദില്ലാഹ് ബിൻ മസ്ഊദ്, വ സാലിമിൻ വ മുആദി ബിൻ ജബൽ, വ ഉബയ്യി ബിൻ കഅ്ബ്. വിശുദ്ധ ഖുർആൻ പഠിക്കാൻ ആഗ്രഹിക്കുന്നവർ, ഇവർ നാലുപേരിൽനിന്ന് പഠിക്കട്ടെ. അതായത് അബ്ദുല്ലാഹ് ബിൻ മസ്ഊദ്(റ), സാലിം(റ), മുആദ് ബിൻ ജബൽ(റ), ഉബയ്യി ബിൻ കഅബ്(റ) എന്നിവരിൽ നിന്ന്. ഇവർ നാലുപേരും മുഴുവൻ ഖുർആനും നബി(സ)തിരുമേനിയിൽനിന്ന് പഠിക്കുകയും നബി(സ)തിരുമേനിക്ക് ഓതിക്കൊടുത്ത് (തങ്ങളുടെ പാരായണം) ശരിയാക്കിക്കുകയും ചെയ്തവരാണ്. ഇവരെകൂടാതെ മറ്റു പല സ്വഹാബാക്കളും നബി(സ)തിരുമേനിയിൽനിന്ന് നേരിട്ട് കുറച്ചൊക്കെ ഖുർആൻ പഠിച്ചിരുന്നു.

ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. ഒരിക്കൽ ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ മസ്ഊദ്, ഒരു വാക്ക് മറ്റൊരു രീതിയിൽ ഓതിയപ്പോൾ ഹദ്റത്ത് ഉമർ(റ) അദ്ദേഹത്തെ വിലക്കിക്കൊണ്ട് പറഞ്ഞു:'ഇങ്ങനെ അല്ല, ഈ രീതിയിലാണ് ഓതേണ്ടത്.' അപ്പോൾ അബ്ദുല്ലാഹ് ബിൻ മസ്ഊദ്(റ) പറഞ്ഞു: അല്ല, എന്നെ നബി(സ)തിരുമേനി ഇങ്ങനെ തന്നെയാണ് പഠിപ്പിച്ചത്.' ഹദ്റ ത്ത് ഉമർ(റ) അദ്ദേഹത്തേയുംകൂട്ടി നബി(സ)തിരുമേനിയുടെ സന്നിധിയിൽ പോയി. നബി(സ)തിരുമേനിയോട് പറഞ്ഞു, 'ഇദ്ദേഹം ഖുർആൻ തെറ്റായ രീതിയിലാണ് പാരായണം ചെയ്യുന്നത്.' നബി(സ)തിരുമേനി പറഞ്ഞു, 'അബ്ദുല്ലാഹ് ബിൻ മസ്ഊദേ! ഓതിക്കേൾപ്പിക്കുക.' അങ്ങനെ അദ്ദേഹം ഓതിക്കേൾപ്പിച്ചപ്പോൾ നബി(സ)തിരുമേനി പറഞ്ഞു, 'ഇത് ശരിയാണല്ലോ?' ഹദ്റത്ത് ഉമർ(റ) പറഞ്ഞു, 'യാ റസൂലല്ലാഹ്! അങ്ങ് എനിക്ക് ഈ പദം മറ്റൊരു രീതിയിലാണ് പഠിപ്പിച്ചത്.' നബി(സ)തിരുമേനി പറഞ്ഞു, 'അതും ശരിതന്നെയാണ്.' ഇതിൽ നിന്ന് മനസിലാകുന്നത് അവർ നാല് സ്വഹാബത്ത് മാത്രമല്ല, മറ്റു സ്വഹാബത്തും നബി(സ)തിരുമേനിയിൽ നിന്ന് വിശുദ്ധ ഖുർആൻ പഠിച്ചിട്ടുണ്ടായിരുന്നു എന്നാണ്. അങ്ങ് എന്നെ ഇങ്ങനെയാണ് പഠിപ്പിച്ചതെന്ന് ഉമർ(റ) പറയുന്നതിൽ നിന്ന്, ഹദ്റത്ത് ഉമറും, നബി(സ)തിരുമേനിയിൽ നിന്ന് വിശുദ്ധ ഖുർആൻ പഠിച്ചിരുന്നുവെന്ന് വ്യക്തമാകുന്നു.(ദീബാച്ച തഫ്സീറുൽ ഖുർആൻ, അൻവാറുൽഉലൂം, വാള്യം 20, പേജ് 427-428)

ഹദ്റത്ത് അനസ് ബിൻ മാലിക്ക്(റ) നിവേദനം. നബി(സ)തിരുമേനി പറഞ്ഞു: 'എന്റെ ഉമ്മത്തിൽ എന്റെ ഉമ്മത്തിനോട് ഏറ്റവുമധികം കാരുണ്യം ചെയ്തിട്ടുള്ളത് അബൂബക്ർ(റ) ആകുന്നു. അല്ലാഹുവിന്റെ ദീനിൽ ഏറ്റവുമധികം ഉറച്ചു നിൽക്കുന്ന ആൾ ഹദ്റത്ത് ഉമർ(റ)ആകുന്നു. ഏറ്റവുമധികം ലജ്ജ യുള്ളയാൾ ഹദ്റത്ത് ഉഥ്മാൻ(റ)ആകുന്നു. ഏറ്റവും നല്ല രീതിയിൽ തീർപ്പു കൽപ്പിക്കുന്നയാൾ ഹദ്റത്ത് അലി ബിൻ അബീത്വാലിബ്(റ) ആകുന്നു. ഏറ്റവുമധികം അല്ലാഹുവിന്റെ ഗ്രന്ഥം അറിയുന്നയാൾ ഹദ്റത്ത് ഉബയ്യ് ബിൻ കഅ്ബ്(റ) ആകുന്നു. ഹലാലും ഹറാമും ഏറ്റവുമധികം അറിയുന്നയാൾ മുആദ് ബിൻ ജബൽ(റ) ആകുന്നു. ഫർള് (നിർബന്ധകാര്യങ്ങൾ) ഏറ്റവും നന്നായി അറിയുന്നയാൾ സയ്ദ് ബിൻ ഥാബിത്ത്(റ)ആകുന്നു.' നബി(സ)തിരുമേനി പറയുന്നു: 'അറിയുക, എല്ലാ ഉമ്മത്തിലും ഒരു അമീൻ ഉണ്ട്. എന്റെ ഉമ്മത്തിലെ അമീൻ അബൂഉബയ്ദ ബിൻ ജർറാഹ്(റ) ആകുന്നു.'(സുനൻ ഇബ്നുമാജ, കിതാബ് ഇഫ്തിതാഹുൽകിതാബ് ഫിൽ ഈമാനി വ ഫളായിലുസ്സ്വഹാബത്തു വൽഇൽമി, ബാബു ഫളാഇലു ഖബ്ബാബ്, ഹദീഥ് 154)

ഈ നിവേദനം നേരത്തെയും ഏറെക്കുറെ ഇങ്ങനെതന്നെ വിവരിച്ചുകഴിഞ്ഞിട്ടുള്ളതാണ്.

ഹദ്റത്ത് അബൂഹുറയ്റ(റ) നിവേദനം. നബി(സ)തിരുമേനി പറഞ്ഞു: 'അബൂബക്ർ എത്ര നല്ല ആളാകുന്നു. ഉമർ എത്ര നല്ല ആളാകുന്നു. അബൂഉബയ്ദ ബിൻ അൽജർറാഹ് എത്ര നല്ല ആളാകുന്നു. ഉസയ്ദ് ബിൻ ഹുളയ്ർ എത്ര നല്ല ആളാകുന്നു. ഥാബിത് ബിൻ ഖയ്സ് ബിൻ ശമ്മാസ് എത്ര നല്ല ആളാകുന്നു. മുആദ് ബിൻ ജബൽ എത്ര നല്ല ആളാകുന്നു. മുആദ് ബിൻ അംറ് ബിൻ ജമൂഹ് എത്ര നല്ല ആളാകുന്നു.' ഇത് മുസ്നദ് അഹ്മദ് ബിൻ ഹമ്പലിലുള്ള നിവേദനമാകുന്നു. (മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ, മുസ്നദ് അബൂഹുറയ്റ(റ), വാള്യം 3, പേജ് 502, ഹദീഥ് 9421, ആലമുൽകുതുബ് ബെയ്റുത്ത്, ലബ്നാൻ 1998)

ഹദ്റത്ത് മുആദ് ബിൻ ജബൽ(റ) നിവേദനം. അദ്ദേഹം പറയുന്നു: 'നബി(സ)തിരുമേനി ഒരു ദിവസം അദ്ദേഹത്തിന്റെ കൈ പിടിച്ചുകൊണ്ട് പറഞ്ഞു, 'മുആദേ, ഞാൻ തീർച്ചയായും നിങ്ങളെ സ്നേഹിക്കുന്നു.' ഹദ്റത്ത് മുആദ്(റ) പറഞ്ഞു: 'യാ റസൂലല്ലാഹ്! എന്റെ മാതാപിതാക്കൾ അങ്ങയ്ക്ക് തെണ്ടമായിരിക്കട്ടെ! ഞാനും അങ്ങയെ സ്നേഹിക്കുന്നു.' നബി(സ)തിരുമേനി പറഞ്ഞു: 'മുആദേ! ഞാൻ നിന്നോട് ഉപദേശിക്കുകയാണ്. എല്ലാ നമസ്കാരത്തിനുശേഷവും ഒരിക്കലും ഉപേക്ഷ വരുത്താതെ ഈ ദിക്ർ ചൊല്ലുക, '*അല്ലാഹുമ്മ അയിന്നീ അലാ ദിക്രിക്ക വ ശുക്രിക്ക വ ഹുസ്നി ഇബാദത്തിക്ക.* എന്റെ അല്ലാഹുവേ! എന്നെ സഹായിച്ചാലും; നിന്നെ സ്മരിക്കാനും നി

ന്നോടു നന്ദി കാണിക്കാനും എന്റെ ആരാധന മനോഹരമായ നിലയിൽ നിറുത്താനും.(മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ, മുആദ് ബിൻ ജബൽ(റ), വാള്യം 7, പേജ് 380, ഹദീഥ് 22470, ആലമുൽകുതുബ് ബെയ്റൂത്ത്, ലബ്നാൻ 1998)

ഹദ്റത്ത് മുആദ് ബിൻ ജബൽ നിവേദനം. നബി(സ)തിരുമേനി പറഞ്ഞു, 'ഞാൻ നിങ്ങൾക്ക് സ്വർഗകവാടങ്ങളിലെ ഒരു കവാടത്തെ സംബന്ധിച്ച് പറഞ്ഞു തരട്ടയോ? അപ്പോൾ മുആദ്(റ) പറഞ്ഞു, 'അതേ പറഞ്ഞുതന്നാലും.' നബി(സ) തിരുമേനി പറഞ്ഞു, *'ലാ ഹൗല വലാ ഖുവ്വത്ത ഇല്ലാ ബില്ലാഹ്* എന്ന് ചൊല്ലിക്കൊണ്ടിരിക്കുക.' മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ, മുസനദ് മുആദ് ബിൻ ജബൽ(റ), വാള്യം 7, പേജ് 374, ഹദീഥ് 22450, ആലമുൽകുതുബ് ബെയ്റൂത്ത്, ലബ്നാൻ 1998)

ഹദ്റത്ത് മുആദിൽ നിന്ന് നിവേദനം, അദ്ദേഹം നബി(സ)തിരുമേനിയോട് ഏറ്റവും ശ്രേഷ്ഠമായ ഈമാനിനെ സംബന്ധിച്ച് ചോദിച്ചപ്പോൾ നബി(സ)തിരുമേനി പറഞ്ഞു, 'താങ്കൾ അല്ലാഹുവിന് വേണ്ടി സ്നേഹിക്കുകയും അല്ലാഹുവിന് വേണ്ടി വെറുക്കുകയും ചെയ്യുക. താങ്കൾ നാവുകളെ ദൈവസ്മരണയിൽ നിലനിറുത്തുക.' ഹദ്റത്ത് മുആദ്(റ)ചോദിച്ചു, 'യാ റസൂലല്ലാഹ് പിന്നെ എന്താണ്?' നബി(സ)തിരുമേനി പറഞ്ഞു,'താങ്കൾ താങ്കൾക്കുവേണ്ടി ഇഷ്ടപ്പെടുന്നത് ജനങ്ങൾക്കു വേണ്ടിയും ഇഷ്ടപ്പെടുക.' താങ്കൾക്കു വേണ്ടി ഇഷ്ടപ്പെടുന്നതുതന്നെയായിരിക്കണം മറ്റുള്ളവർക്കുവേണ്ടിയും ഇഷ്ടപ്പെടേണ്ടത്. 'താങ്കൾ താങ്കൾക്കു വേണ്ടി ഇഷ്ടപ്പെടാത്തത് മറ്റുള്ളവർക്കുവേണ്ടിയും ഇഷ്ടപ്പെടാതിരിക്കുക.'(മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ, മുസ്നദ് മുആദ് ബിൻ ജബൽ(റ), വാള്യം 7, പേജ് 385, ഹദീഥ് 22481, ആലമുൽകുതുബ് ബെയ്റൂത്ത്, ലബ്നാൻ 1998)

ഹദ്റത്ത് ജാബിർ ബിൻ അബ്ദുല്ലാഹ്(റ)യിൽ നിന്ന് നിവേദനം. ഹദ്റത്ത് മുആദ്(റ), നബി(സ) തിരുമേനിയുടെ കൂടെ നമസ്കരിക്കുകയും പിന്നെ തന്റെ ആളുകളുടെ അടുത്ത് വന്ന് അവർക്ക് നമസ്കരിപ്പിക്കുകയും ചെയ്യുമായിരുന്നു.'(സ്വഹീഹ് ബുഖാരി, കിതാബുൽ അദാൻ ഹദീഥ് 711)

ആദ്യം മസ്ജിദ് നബ്വിയിൽ വന്ന് നമസ്കരിക്കുകയും പിന്നീടുപോയി തന്റെ പ്രദേശത്തുള്ളവർക്ക് നമസ്കരിപ്പിക്കുകയും ചെയ്തിരുന്നു. ഇത് ബുഖാരിയിലെ നിവേദനമാകുന്നു.

ഹദ്റത്ത് ജാബിർ(റ)നിവേദനം. അദ്ദേഹം പറയുന്നു: 'ഹദ്റത്ത് മുആദ്, നബി(സ)തിരുമേനിയുടെകൂടെ നമസ്കരിക്കുകയും പിന്നെ വന്ന് ജനങ്ങൾക്ക് നമസ്കരിപ്പിക്കുകയും ചെയ്തിരുന്നു. ഒരു രാത്രിയിൽ അദ്ദേഹം നബി(സ)തിരുമേനിയുടെകൂടെ ഇശാഅ് നമസ്കരിച്ചു. പിന്നെ തന്റെ ആളുകളുടെ അടുത്തെത്തി സൂറഃ ബഖറ ഓതാൻ തുടങ്ങി. അപ്പോൾ ഒരാൾ അദ്ദേഹത്തിൽനിന്ന് മാറി, സലാം വീട്ടുകയും ഒറ്റക്ക് നമസ്കരിക്കുകയും ചെയ്തു. അതായത് നീണ്ട സൂറത്ത് ഓതുകയാണെന്ന് കണ്ടപ്പോൾ അദ്ദേഹത്തിൽ നിന്നുമാറി, സലാം വീട്ടി ഒറ്റയ്ക്ക് നമസ്കരിച്ചു. അപ്പോൾ ആളുകൾ പറഞ്ഞു, 'അല്ലയോ മനുഷ്യാ! നീ മുനാഫിഖ് ആയിരിക്കുന്നു.' അയാളെ മോശമായി പറഞ്ഞു. നീ ജമാഅത്തായ നമസ്കാരം ഒഴിവാക്കിയിരിക്കുന്നു. അപ്പോൾ അയാൾ പറഞ്ഞു: 'അല്ലാഹുവാണ! ഞാൻ ഒരിക്കലും മുനാഫിഖ് ആയിട്ടില്ല. ഞാൻ നബി(സ)തിരുമേനിയുടെ സവിധത്തിലെത്തി ഞാൻ ചെയ്തതെല്ലാം തീർച്ചയായും പറയുന്നതാണ്. കാപട്യം ഉണ്ടായിരുന്നുവെങ്കിൽ ഞാൻ ഒളിച്ചിരിക്കേണ്ടതാണല്ലോ? ഞാൻ തന്നെ ഈ കാര്യം നബി(സ)തിരുമേനിയോട് പറയുന്നതാണ്.' അങ്ങനെ അയാൾ നബി(സ)തിരുമേനിയുടെ അടുക്കലെത്തി, പറഞ്ഞു: 'യാ റസൂലല്ലാഹ്! ഞങ്ങൾ വെള്ളം കൊണ്ടുവരാൻ വേണ്ടി ഒട്ടകങ്ങളെ വളർത്തുന്നവരാണ്. അതായത് ഒട്ടകപ്പുറത്ത് വെള്ളവുമായി മറ്റ് സ്ഥലങ്ങളിൽ കൊണ്ടുപോയി ജനങ്ങൾക്ക് വെള്ളം എത്തിക്കുന്നുവരാണ്. അങ്ങനെ പകൽ മുഴുവൻ അധ്വാനിക്കുന്നു. ഹദ്റത്ത് മുആദ്, അങ്ങയോടൊപ്പം ഇശാഅ് നമസ്കരിക്കുകയും പിന്നീടുവന്ന് (നമസ്കരിപ്പിക്കുമ്പോൾ) സൂറഃ ബഖറ (ഓതാൻ) തുടങ്ങുകയുംചെയ്തു. അതായത് അങ്ങയോടൊപ്പം നമസ്കരിച്ച് വന്നിട്ട് ഞങ്ങളുടെ പ്രദേശത്ത് നമസ്കരിപ്പിക്കുന്നു. തുടർന്ന് നബി(സ)തിരുമേനി ഹദ്റത്ത് മുആദിലേക്ക് തിരിഞ്ഞുകൊണ്ട് പറഞ്ഞു: മുആദേ!താങ്കൾ ജനങ്ങളെ പരീക്ഷണത്തിൽ അകപ്പെടുത്തുകയാണോ? ജനങ്ങളെ എന്തിനാണ് പ്രയാസത്തിലാക്കുന്നത്? ഇന്ന ഭാഗം ഓതുക.' അതായത് എന്താണ് ഓതേണ്ടതെന്ന് പറഞ്ഞുകൊടുത്തു. സൂറത്തുകളിൽ ഇന്നത് ഓതണമെന്ന് പറഞ്ഞു. നബി(സ)തിരുമേനി ഇതു രണ്ടു പ്രാവശ്യം ആവർത്തിച്ചു പറയുകയുണ്ടായി. ഹദ്റത്ത് *ജാബിർ(റ) നിവേദനം. നബി(സ)തിരുമേനി പറഞ്ഞു: 'വശ്ശംസി വളുഹാഹാ, വള്ളുഹാ, വല്ലയ്‌ലി ഇദാ യഗ്ശാ, സബ്ബിഹിസ്മ റബിക്കൽ അഅ്ലാ* എന്നീ സൂറത്തുകൾ പാരായണംചെയ്യുക. നബി(സ)തിരുമേനി ഉദാഹരണമെന്നോണം ഈ നാലെണ്ണം പറഞ്ഞതാണ്. ഇത് സ്വഹീഹ് മുസ്ലിമിലുള്ള നിവേദനമാകുന്നു.(സ്വഹീഹ് മുസ്‌ലിം, കിതാബുസ്സ്വലാത്ത്, ബാബു അൽഖിർഅത്തു ഫിൽഇശാഇ, ഹദീഥ് നമ്പർ 465)

ബുഖാരിയിലുള്ള നിവേദനം ഇപ്രകാരമാകുന്നു. ഹദ്റത്ത് ജാബിർ ബിൻ അബ്ദുല്ലാഹ് അൻസാരി പറയുന്നു, 'മുന്നിലൂടെ ഒരാൾ വെള്ളം കൊണ്ടുപോകുന്ന രണ്ടു ഒട്ടകങ്ങളുമായി വരുന്നുണ്ടായിരുന്നു. സമയം രാത്രിയായിരുന്നു. യാദൃച്ഛികമായി അയാൾ ഹദ്റത്ത് മുആദ് നമസ്കരിക്കുന്നത് കാണാനിടയായി. മസ്ജിദിൽ നമസ്കാരം നടക്കുകയായിരുന്നു. അദ്ദേഹം ഇമാമത്ത് വഹിക്കുകയാണ്. ആഗതൻ തന്റെ ഒട്ടകത്തെ നിറുത്തി, ഹദ്റത്ത് മുആദിന്റെ അടുത്തേക്കുപോയി. ഹദ്റത്ത് മുആദ്(റ) സൂറ ബഖറ അല്ലെങ്കിൽ സൂറ നിസാഅ് ഓതുകയാണ്. അപ്പോൾ അയാൾ(ആഗതൻ) നമസ്കാരം ഒഴിവാക്കിപ്പോയി. ഇതുകേട്ടപ്പോൾ ഹദ്റത്ത് മുആദ് അയാൾ ചെയ്തതിൽ നീരസം പ്രകടിപ്പിച്ചു. അപ്പോൾ ആ ഒട്ടകക്കാരൻ നബി(സ)തിരുമേനിയുടെ സവന്നിധിയിലെത്തി. ഹദ്റത്ത് മുആദിനെ സംബന്ധിച്ച് നബി(സ)തിരുമേനിയോടു പരാതി പറഞ്ഞു. നബി(സ)തിരുമേനി മൂന്നുതവണ ഇങ്ങനെ പറഞ്ഞു, 'മുആദ്! നിങ്ങൾ പരീക്ഷണത്തിലാക്കുന്ന ആളാണല്ലോ? എന്തിനാണ് ജനങ്ങളെ പരീക്ഷണത്തിൽ അകപ്പെടുത്തുന്നത്? താങ്കൾ ഇത്ര വലിയ വലിയ സൂറത്തുകളോതി ജനങ്ങളെ പരീക്ഷണത്തിൽ അകപ്പെടുത്തുകയാണ്. എന്തുകൊണ്ട് **സബ്ബിഹിസ്മ റബ്ബിക്കൽ അഅ്ലാ, വശ്ശംസി വള്ളുഹാഹാ, വല്ലയ്‌ലി ഇദാ യഗ്ശാ** എന്നിവ ഓതുന്നില്ല? നിങ്ങളുടെ പിന്നിൽ വൃദ്ധരും ദുർബലരും പല ആവശ്യമുള്ളവരും ഒക്കെ നമസ്കരിക്കുന്നുണ്ടാകും.' ഇത് ഞാൻ പറഞ്ഞതുപോലെ ബുഖാരിയിലുള്ള നിവേദനം ആകുന്നു.(സ്വഹീഹ് ബുഖാരി, കിതാബുൽ അദാൻ ഹദീഥ് 705)

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനീ(റ) നമസ്കാരത്തിൽ ചെറിയ സൂറത്തുകൾ ഓതണമെന്ന നബി(സ)തിരുമേനിയുടെ ഹദ്റത്ത് മുആദ് ബിൻ ജബലിനുള്ള ഉപദേശത്തെ പരാമർശിച്ചുകൊണ്ട് പറയുന്നു, 'നബി(സ)തിരുമേനി സൂറ അഅ്ലായും സൂറ ഗാശിയയും ഫജ്റും ഇത്തരത്തിലുള്ള ചില സൂറത്തുകൾ പൊതുവിൽ ഫർള് നമസ്കാരങ്ങളിൽ ഓതുന്നതാണ് കൂടുതൽ ഇഷ്ടപ്പെട്ടിരുന്നത്. നസായി(ഹദീസ് ഗ്രന്ഥം)യിൽ ജാബിറിൽ നിന്നുള്ള നിവേദനം ഇങ്ങനെ കാണാം, ഹദ്റത്ത് മുആദ് ബിൻ ജബൽ ഒരിക്കൽ നമസ്കരിപ്പിക്കുകയായിരുന്നു. ഒരാൾ വന്നു നമസ്കാരത്തിൽ പിന്തുടർന്നു. ഹദ്റത്ത് മുആദ് നീട്ടി നമസ്കരിക്കാൻ തുടങ്ങി. ചില നിവേദനങ്ങൾ പ്രകാരം അദ്ദേഹം സൂറഃ ആലുഇംറാൻ അല്ലെങ്കിൽ സൂറഃ നിസാഅ് തിലാവത്ത് ചെയ്യാൻ തുടങ്ങി. നമസ്കാരം നീണ്ടപ്പോൾ ആഗതൻ തന്റെ നമസ്കാരം അവസാനിപ്പിച്ച്, ഒരു മൂലയിലേക്കുമാറി ഒറ്റയ്ക്ക് നമസ്കരിക്കാൻ തുടങ്ങി. അങ്ങനെ അത് കഴിഞ്ഞുപോവുകയും ചെയ്തു. നമസ്കാരത്തിനുശേഷം ആരോ ഒരാൾ ഈ സംഭവത്തെപറ്റി ഹദ്റത്ത് മുആദിനോട് പറഞ്ഞു, അതായത് 'താങ്കൾ നമസ്കരിക്കുമ്പോൾ ഒരാൾ വരികയും താങ്കളോടൊപ്പം നമസ്കാരം ആരംഭിക്കുകയും ചെയ്തു. എന്നാൽ, താങ്കൾ നമസ്കാരം നീട്ടിക്കൊണ്ടിരുന്നു. അപ്പോൾ അയാൾ നമസ്കാരം ഒഴിവാക്കി. ഒറ്റയ്ക്ക് ഒരു മൂലയിൽമാറി നമസ്കരിച്ചുപോവുകയുണ്ടായി.' ഹദ്റത്ത് മുആദ് പറഞ്ഞു, 'അയാൾ മുനാഫിഖ് ആകുന്നു.' പിന്നെ നബി(സ)തിരുമേനിയോടും അദ്ദേഹം ഈ സംഭവത്തെ പറ്റി പറഞ്ഞു. ഇവിടെ അദ്ദേഹം (ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനീ) പറയുന്നു: 'ഹദ്റത്ത് മുആദ്(റ) സ്വയം ഇതേപറ്റി വിവരിച്ചുകൊണ്ട് പറഞ്ഞു, 'യാ റസൂലല്ലാഹ്! ഞാൻ നമസ്കരിക്കുകയായിരുന്നു. പിന്നിൽ ഇന്നയാൾ പിന്തുടർന്നു. പക്ഷേ, നമസ്കാരം നീണ്ടപ്പോൾ, അയാൾ തന്റെ നമസ്കാരം നിറുത്തി, ഒറ്റക്ക് നമസ്കരിച്ചുപോയി. തന്നെപ്പറ്റി നബി(സ) തിരുമേനിയുടെ അടുക്കൽ പരാതി എത്തി എന്നറിഞ്ഞപ്പോൾ, അയാൾ നബി(സ)തിരുമേനിയുടെ സവിധത്തിലെത്തി പറഞ്ഞു, 'യാ റസൂലല്ലാഹ്! ഞാൻ വന്നപ്പോൾ ഇദ്ദേഹം നമസ്കരിപ്പിക്കുകയായിരുന്നു. ഞാനും അദ്ദേഹത്തെ പിന്തുടർന്നു. പക്ഷേ, അദ്ദേഹം നമസ്കാരം നീട്ടാൻ തുടങ്ങി. ഞങ്ങൾ ജോലിക്കാരാണ്. എന്റെ ഒട്ടകം തീറ്റ കിട്ടാതെ നിൽക്കുകയാണ്. ഞാൻ നമസ്കാരം മുറിച്ചു മസ്ജിദിന്റെ ഒരു മൂലയിൽ മാറി എന്റെ നമസ്കാരം മുഴുവനാക്കി. പിന്നെ ഒട്ടകത്തിനു തീറ്റകൊടുത്തു.' നബി(സ)തിരുമേനി ഇതുകേട്ടപ്പോൾ ഹദ്റത്ത് മുആദിനോട് ദേഷ്യപ്പെട്ടു. അദ്ദേഹത്തോട് പറഞ്ഞു: 'മുആദേ! താങ്കൾ ജനങ്ങളെ പരീക്ഷണത്തിൽ അകപ്പെടുത്തുകയാണോ? താങ്കൾക്ക് *സബ്ബിഹിസ്മ റബ്ബിക്കൽ അഅ്ലാ, വശ്ശംസി വളുഹാഹാ, വൽ ഫജ്ർ, വല്ലയ്‌ലി ഇദാ യഗ്ശാ* എന്നിവയിൽ ഏതെങ്കിലും ഓതുന്നതിൽ എന്താണ് പ്രയാസം? താങ്കൾ ഈ സൂറത്തുകൾ എന്തുകൊണ്ട് ഓതുന്നില്ല? നീണ്ട സൂറത്തുകൾ എന്തിനാണ് ഓതുന്നത്?' നബി(സ) തിരുമേനി ഈ സൂറത്തുകളെ ഇടത്തരം സൂറത്തുകളായാണ് ഗണിച്ചിരുന്നതെന്ന് ഇതിൽനിന്ന് മനസ്സിലാകുന്നു. ചില പ്രത്യേക സാഹചര്യങ്ങളിൽ നീണ്ട സൂറത്തുകളോ അസുഖമോ മറ്റോ ഉണ്ടെങ്കിൽ ചെറിയസൂറത്തുകളോ ഓതാവുന്നതാണ്. പക്ഷേ, ഇടത്തരം സൂറത്തുകൾ മേൽപറഞ്ഞവതന്നെയാണ്. ഇവയാണ് പൊതുവിൽ ഉറക്കെ ചൊല്ലുന്ന നമസ്കാരങ്ങളിൽ പാരായണംചെയ്യേണ്ടത്.'(തഫ്സീറെ കബീർ, വാള്യം 8, പേജ് 479, തഫ്സീർ സൂറത്തുൽ ഫജ്ർ)

എന്തായാലും ഓർമിക്കേണ്ടതാണ്, ഈ സൂറത്തുകൾമാത്രമേ ഓതാവൂ എന്നില്ല. നിയമപരമായ ഒരു അടിസ്ഥാന തത്ത്വമാണിത് എന്നേയുള്ളു. നീണ്ട സൂറത്തുകൾ ജമാഅത്തായ നമസ്കാരങ്ങളിൽ ഓതരുത്. ചിലയാളുകൾക്ക് തങ്ങളുടെ അവസ്ഥക്കനുസരിച്ച് ഏതു ചെറിയ സൂറത്താണോ മനഃപ്പാഠമായിട്ടുള്ളത് അവ ഓതാവുന്നതാണ്. ഇമാമത്തിന് മറ്റാരെയും കിട്ടുന്നില്ലെങ്കിൽ അവ ഓതേണ്ടിവരുന്നതാണ്. അവ ഓതാവുന്നതാണ്. ദീർഘമായ സൂറത്തുകൾ ജമാഅത്തായ നമസ്കാരങ്ങളിൽ ഓതാൻ പാടില്ല എന്നതാണ് പൊതുവായ തത്ത്വം. കാരണം വിവിധ തരത്തിലുള്ള ആളുകളാണ് നമസ്കരിക്കാൻ ഉണ്ടാകുക. വൃദ്ധന്മാരും രോഗികളും ജോലിക്കാരുമൊക്കെ ഉണ്ടാകുന്നതാണ്.

ഹദ്റത്ത് മുആദ് ബിൻ ജബൽ(റ) പറയുന്നു: 'ഞാൻ യാത്രാവാഹനത്തിൽ നബി(സ)തിരുമേനിയുടെ പിന്നിൽ ഇരിക്കുകയായിരുന്നു. എനിക്കും

നബി(സ)തിരുമേനിക്കും ഇടയിൽ ഒട്ടകത്തിനു മേൽ ഇരിക്കാൻ വിരിക്കുന്ന ഇരിപ്പിടത്തിന്റെ പിൻഭാഗമുണ്ടായിരുന്നു. നബി(സ)തിരുമേനി പറഞ്ഞു: 'മുആദ് ബിൻ ജബലേ! ഞാൻ പറഞ്ഞു, 'ലബ്ബയ്ക്ക്, യാ റസൂലല്ലാഹ്! ഞാനിവിടെയുണ്ട്. ഇത് എന്റെ സൗഭാഗ്യമാകുന്നു.' കുറച്ചുകൂടി മുമ്പോട്ടു പോയശേഷം വീണ്ടും നബി(സ)തിരുമേനി പറഞ്ഞു: 'മുആദ് ബിൻ ജബലേ! ഞാൻ പറഞ്ഞു, ലബ്ബയ്ക്ക്, യാ റസൂലല്ലാഹ്! ഇത് എന്റെ സൗഭാഗ്യമാകുന്നു.' നബി(സ)തിരുമേനി പറഞ്ഞു, 'അല്ലാഹുവിന് തന്റെ ദാസന്മാർക്കുമേലുള്ള അവകാശങ്ങൾ എന്തൊക്കെയാണെന്ന് അറിയാമോ?' ഞാൻ പറഞ്ഞു, 'അല്ലാഹുവും അവന്റെ റസൂലുമാണ് നന്നായി അറിയുന്നത്.' നബി(സ) തിരുമേനി പറഞ്ഞു: 'അല്ലാഹുവിന് തന്റെ ദാസന്മാരോടുള്ള അവകാശം എന്തെന്നാൽ, അവർ അവനെ ആരാധിക്കുക എന്നതാണ്. അതായത് ദാസന്മാർ അല്ലാഹുവിനെ ആരാധിക്കേണ്ടതാണ്. ആരേയും അവനോട് പങ്കുചേർക്കരുത്. പിന്നെ കുറച്ചു ദൂരം മുന്നോട്ടു പോയി. നബി(സ) പറഞ്ഞു, 'മുആദ് ബിൻ ജബൽ!' ഞാൻ പറഞ്ഞു, 'ലബ്ബയ്ക്ക്, യാ റസൂലുല്ലാഹ്! ഇത് എന്റെ സൗഭാഗ്യമാകുന്നു.' നബി(സ)തിരുമേനി പറഞ്ഞു, ദാസന്മാർക്ക് അല്ലാഹുവിനോടുള്ള കടമകൾ എന്തൊക്കെയാണെന്ന് അറിയുമോ? അതായത് ആദ്യം ദാസന്മാർ അല്ലാഹുവിനോട് ചെയ്യേണ്ട കാര്യങ്ങളാണ്. ഇനി അടിയാറുകളുടെ കടമകളാണ്. അതു ചെയ്താൽ, കാര്യങ്ങൾ അംഗീകരിച്ചാൽ അല്ലാഹു എങ്ങനെയാണ് ദാസന്മാരോട് പെരുമാറുക?' ഞാൻ പറഞ്ഞു, 'അല്ലാഹുവും അവന്റെ റസൂലുമാണ് നന്നായിഅറിയുന്നത്.' നബി(സ) തിരുമേനി പറഞ്ഞു, 'അവൻ അവരെ ശിക്ഷിക്കുന്നതല്ല.' അതായത് അല്ലാഹു പറയുന്നത് അനുസരിച്ചാൽ പിന്നെ അല്ലാഹു അവരെ ശിക്ഷിക്കാതിരിക്കുക എന്നത് ദാസന്മാരുടെ അവകാശമാകുന്നു, ഇത് സ്വഹീഹ് മുസ്‌ലിമിലുള്ള നിവേദനമാകുന്നു. (സ്വഹീഹ് മുസ്‌ലിം, കിതാബുൽ ഈമാൻ, ഹദീഥ് 30)

ഹദ്റത്ത് മുആദ് ബിൻ ജബൽ വിവരിക്കന്നു: 'ഞാൻ ഒരു യാത്രയിൽ നബി(സ)തിരുമേനിയുടെ കൂടെ ഉണ്ടായിരുന്നു. ഒരു ദിവസം ഞാൻ നബി(സ)തിരുമേനിയോട് വളരെ അടുത്തായിരുന്നു. ഞങ്ങൾ നടക്കുകയാണ്. ഞാൻ പറഞ്ഞു, 'യാ റസൂലല്ലാഹ്! സ്വർഗത്തിൽ പ്രവേശിക്കാനും എന്നെ തീയിൽ നിന്ന് ദൂരത്താക്കാനും ഉതകുന്ന കർമം ഏതാണെന്ന് എനിക്ക് പറഞ്ഞുതന്നാലും!' അപ്പോൾ നബി(സ)തിരുമേനി പറഞ്ഞു, താങ്കൾ ഒരു വലിയ കാര്യമാണ് ചോദിച്ചിരിക്കുന്നത്. എന്നാൽ, അല്ലാഹു എളുപ്പമാക്കാൻ ആഗ്രഹിക്കുന്നവർക്ക് അത് എളുപ്പവുമാണ്.' തുടർന്ന് പറഞ്ഞു: 'അല്ലാഹുവിനെ ആരാധിക്കുക, ആരെയും അവന് പങ്കാളികളാക്കരുത്. നമസ്കാരം നിലനിറുത്തുക, സകാത്ത് കൊടുക്കുക, റമളാനിലെ നോമ്പ് അനുഷ്ഠിക്കുക. ബയ്ത്തുല്ലായിലെ ഹജ്ജ് നിർവഹിക്കുക.' ഇത്രയും പറഞ്ഞതിനുശേഷം നബി(സ)തിരുമേനി പറഞ്ഞു, 'ഞാൻ നന്മയുടെ കവാടങ്ങളെ സംബന്ധിച്ച് പറയട്ടെ, നോമ്പ് പരിചയാകുന്നു. തീയെ വെള്ളം കെടുത്തിക്കളയുന്നതുപോലെ സ്വദഖ തിന്മകളെ ഭസ്മീകരിച്ചു കളയുന്നു. രാത്രിയുടെ മധ്യത്തിൽ നമസ്കരിക്കുക. അതായത് തഹജ്ജുദ് നമസ്കരിക്കുക. തുടർന്ന് നബി(സ) ഈ ആയത്ത് പാരായണംചെയ്തു: *തത്തജാഫാ ജുനൂബുഹും അനിൽമളാജിയി യദ്ഊന റബ്ബഹും ഖൗഫൻ വ്വ ത്വമഅൻ വ്വമിമ്മാ റസഖ്നാഹും യുൻഫിഖൂന. ഫലാ തഅ്‌ലമു നഫ്സുൻ മ്മാ ഉഖ്ഫിയ ലഹും മിൻ ഖുർറത്തി അഅ്‌യുനിൻ ജസാഅൻ ബിമാ കാനൂ യഅ്‌മലൂൻ*(32:17–18) (ദൈവശിക്ഷയെ) ഭയപ്പെട്ടുകൊണ്ടും (ദൈവകാരുണ്യത്തെ) ആഗ്രഹിച്ചുകൊണ്ടും തങ്ങളുടെ നാഥനോടു പ്രാർഥിച്ചുകൊണ്ട് അവരുടെ ശരീരഭാഗങ്ങൾ ശയ്യാതലങ്ങളിൽനിന്ന് അകന്നുകൊണ്ടിരിക്കുന്നതാണ്. നാം അവർക്കു നല്കിയതിൽനിന്ന് അവർ ചെലവഴിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. അതിനാൽ തങ്ങൾ പ്രവർത്തിച്ചുകൊണ്ടിരുന്നതിന്റെ പ്രതിഫലമായി കണ്ണുകളെ കുളിർപ്പിക്കുന്ന എന്തെല്ലാം അനുഗ്രഹങ്ങളാണ് അവർക്കുവേണ്ടി മറച്ചുവെക്കപ്പെട്ടിട്ടുള്ളതെന്ന കാര്യം ഒരാളും അറിയുന്നില്ല.

തുടർന്ന് നബി(സ) പറഞ്ഞു: 'ഇനി നിനക്ക് ഇവയുടെ ഉന്നത ശിഖരം, ഇതിന്റെ നെടുംതൂൺ ഇതിന്റെ മേൽത്തട്ട് എന്താണെന്ന് പറഞ്ഞുതരട്ടെയോ?'തുടർന്ന് പറഞ്ഞു: 'അത് ജിഹാദാകുന്നു.' പിന്നെ പറഞ്ഞു, 'ഇനി ഞാൻ ഇവയുടെ അച്ചുതണ്ട് അതായത് അതിനു ചുറ്റിലുമാണ് ഇവ കറങ്ങുന്നത് എന്താണെന്ന് പറഞ്ഞുതരട്ടയോ?' തീർച്ചയായും. യാ റസൂലുല്ലാഹ്! പറഞ്ഞുതന്നാലും.' നബി(സ) തിരുമേനി തന്റെ നാവ് പിടിച്ചുകൊണ്ട് പറഞ്ഞു, 'ഇതിനെ തടഞ്ഞുവയ്ക്കുക.' നബി(സ)തിരുമേനി പറഞ്ഞു, 'മുആദേ! നിനക്ക് നന്മ വരട്ടെ! തങ്ങളുടെ നാവുകൊയ്തെടുക്കുന്ന വിളവല്ലാതെ മറ്റൊന്നുംതന്നെ ജനങ്ങളെ നരകത്തിൽ മുഖം കുത്തി വീഴ്ത്തുന്നതല്ല.' (സുനൻ ഇബ്നുമാജ, കിതാബുൽ ഫിത്ൻ ഹദീഥ് 3973)

അതായത് നിങ്ങൾ നാവുകൊണ്ടാണ് സംസാരിക്കുന്നത്. നാവുകൊണ്ടേൽക്കുന്ന മുറിവ് വൈകാരിക പ്രശ്നങ്ങൾ ഉണ്ടാക്കുകയും ഫിത്ന വിതയ്ക്കുകയും ചെയ്യുന്നു. അതുമുഖേന നിരവധി തിന്മകൾ ഉടലെടുക്കുന്നു. നാവ് ദോഷങ്ങൾ വിവരിക്കുമ്പോൾ, അത് തിന്മകൾക്ക് നിമിത്തമാകുന്നു.' തുടർന്ന് നബി(സ)തിരുമേനി പറഞ്ഞു, 'അപ്പോൾ മനുഷ്യനെ അത് തീയിലേക്ക് മുഖം കുത്തി വീഴ്ത്തുന്നു. അതുകൊണ്ട് അത് നിയന്ത്രിച്ച് ഉപയോഗിക്കുകയും നല്ല കാര്യങ്ങൾ മാത്രം പറയുകയും ചെയ്യുക.'

ഹദ്റത്ത് കഅ്ബ് ബിൻ മാലിക്(റ) പറയുന്നു. ഹദ്റത്ത് മുആദ് ബിൻ ജബൽ(റ),നബി(സ)തിരുമേനിയുടെ ജീവിത കാലത്തും അബൂബക്ർ(റ)ന്റെ കാലത്തും മദീനയിൽ ഫത്വകൊടുത്തിരുന്നു.(അത്ത്വബഖാത്തുൽ കുബ്റാ, വാല്യം 2, പേജ് 265, മുആദ് ബിൻ ജബൽ(റ), ദാറുൽ കുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 1990)

മുഹമ്മദ് ബിൻ സഹ്ൽ ബിൻ അബൂ ഖയ്ഥമ(റ) തന്റെ പിതാവിൽനിന്ന് നിവേദനം. അദ്ദേഹം പറഞ്ഞു: നബി(സ)തിരുമേനിയുടെ കാലത്ത് മുഹാജിരീങ്ങളിൽ മൂന്നുപേരും അൻസ്വാറിൽനിന്ന് മൂന്നു പേരും ഫത്വ നൽകാറുണ്ടായിരുന്നു. അവർ ഹദ്റത്ത് ഉമർ(റ),ഹദ്റത്ത് ഉഥ്മാൻ(റ), ഹദ്റത്ത് അലി(റ), ഹദ്റത്ത് ഉബയ്യ് ബിൻ കഅ്ബ്(റ), ഹദ്റത്ത് മുആദ് ബിൻ ജബൽ(റ), ഹദ്റത്ത് സയ്ദ് ബിൻ ഥാബിത്ത് (റ)എന്നിവരായിരുന്നു.(അത്ത്വബഖാത്തുൽ കുബ്റാ, വാല്യം 2, പേജ് 267, ബാബു അഹ്ലുൽഇൽമി വൽ ഫത്വാ മിൻ അസ്വഹാബി റസൂലില്ലാഹി സ്വല്ലല്ലാഹു അലയ്ഹിവസല്ലം, ദാറുൽ കുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 1990)

അബ്ദുർറഹ്മാൻ ബിൻ ഖാസിം തന്റെ പിതാവിൽനിന്ന് നിവേദനം. അദ്ദേഹം പറഞ്ഞു: 'ഹദ്റത്ത് അബൂബക്ർ സിദ്ദീഖിന് ഏതെങ്കിലും കാര്യത്തെ പറ്റി ജ്ഞാനികളും കർമശാസ്ത്ര പടുക്കളുമായവരിൽ നിന്ന് അഭിപ്രായം ആരായേണ്ടി വരുമ്പോൾ അദ്ദേഹം മുഹാജിരീങ്ങളിലേയും അൻസ്വാറിലേയും ആളുകളെ വിളിച്ചുവരുത്തുമായിരുന്നു. ഹദ്റത്ത് ഉമർ(റ), ഹദ്റത്ത് ഉഥ്മാൻ(റ), ഹദ്റത്ത് അലി(റ), ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫ്(റ), ഹദ്റത്ത് മുആദ് ബിൻ ജബൽ(റ), ഹദ്റത്ത് ഉബയ്യ് ബിൻ കഅബ്(റ), ഹദ്റത്ത് സയ്ദ് ബിൻ ഥാബിത്ത്(റ) എന്നിവരെയാണ് വിളിച്ചുവരുത്തിയിരുന്നത്. ഇവർ എല്ലാവരും ഹദ്റത്ത് അബൂബക്റിന്റെ കാലത്ത് ഫത്വ നല്കിയിരുന്നു.(അത്ത്വബഖാത്തുൽ കുബ്റാ, വാല്യം 2, പേജ് 267, ബാബു അഹ്ലുൽ ഇൽമി വൽ ഫത്വാ മിൻ അസ്വഹാബി റസൂലില്ലാഹി സ്വല്ലല്ലാഹു അലയ്ഹിവസല്ലം, ദാറുൽ കുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 1990)

അതായത് ഇവർ ഫത്വ കമ്മിറ്റി അംഗങ്ങളായിരുന്നു. അഥവാ അവർക്ക് ഫത്വ നൽകാൻ അധികാരം നൽകിയിരുന്നു; നബി(സ)തിരുമേനിയിൽനിന്ന് അവർ അറിവ് സമ്പാദിച്ചിരുന്നതിന്റെ അടിസ്ഥാനത്തിൽ.

ഹദ്റത്ത് മുആദ് ബിൻ ജബൽ(റ), ഹദ്റത്ത് അബൂബക്ർ(റ)ന്റെ കാലഘട്ടത്തിൽ സിറിയയിലേക്ക് പോയി അവിടെ താമസിച്ചു. ഹദ്റത്ത് മുആദ് ബിൻ ജബൽ(റ) ശാമിലേക്ക് പുറപ്പെടുന്ന നേരത്ത് ഹദ്റത്ത് ഉമർ(റ) പറഞ്ഞു: അദ്ദേഹത്തിന്റെ യാത്ര, മദീനയേയും മദീനക്കാരേയും 'ഫിഖ്ഹിലും(കർമശാസ്ത്രത്തിൽ) ഏതൊരു കാര്യത്തിലാണോ അദ്ദേഹം അവർക്ക് ഫത്വ നല്കാറുണ്ടായിരുന്നത് അതിലും ആശ്രിതരാക്കി. ഹദ്റത്ത് ഉമർ(റ), ഹദ്റത്ത് അബൂബക്റിനോട് 'ജനങ്ങൾക്ക് ഇദ്ദേഹത്തിന്റെ ആവശ്യമുണ്ട്. അദ്ദേഹത്തെ(പോകുന്നതിൽ നിന്ന്) തടയുക' എന്നു പറഞ്ഞു. ഹദ്റത്ത് അബൂബക്ർ, 'ആരെങ്കിലും ശഹാദത്തിന് ആഗ്രഹിക്കുന്നുവെങ്കിൽ എനിക്ക് അവരെ തടയാൻ സാധ്യമല്ല' എന്നു പറഞ്ഞ് ആ അഭ്യർഥന നിരസിച്ചു. ഹദ്റത്ത് ഉമർ(റ) പറഞ്ഞു, 'അല്ലാഹുവാണ! മനുഷ്യന് തന്റെ കിടക്കയിലും ശഹാദത്ത് ലഭിക്കാറുണ്ട്.' (അത്ത്വബഖാത്തുൽ കുബ്റാ, വാല്യം 2, പേജ് 265, മുആദ് ബിൻ ജബൽ(റ), ദാറുൽ കുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 1990)

ഥൗർബിൻയസീദ് നിവേദനം. അദ്ദേഹം പറഞ്ഞു: 'ഹദ്റത്ത് മുആദ് ബിൻ ജബൽ(റ) രാത്രി നമസ്കരിക്കുമ്പോൾ ഇങ്ങനെ ദുആ ചെയ്യുമായിരുന്നു, 'കണ്ണുകൾ ഉറങ്ങുന്നു. നക്ഷത്രങ്ങൾ മിന്നിത്തിളങ്ങുന്നു. നീ ഹയ്യുൽഖയ്യൂമാകുന്നു. അല്ലാഹുവേ! സ്വർഗം ചോദിക്കുന്ന കാര്യത്തിൽ ഞാൻ അലസനും നരകത്തിൽനിന്ന് ഓടിമാറുന്നതിൽ ഞാൻ ദുർബലനുമാകുന്നു. അല്ലാഹുവേ! എനിക്കുവേണ്ടി നിന്റെ പക്കൽ സന്മാർഗം വെക്കേണമേ! അത് എനിക്ക് ഖിയാമത്തുനാൾ തിരികെ നൽകേണമേ, തീർച്ചയായും നീ വാഗ്ദാനം ലംഘിക്കുന്നവനല്ല.'(ഉസുദുൽഗാബ ഫീ മഅ്രിഫ്ത്തിസ്സ്വഹാബ, വാല്യം 5, പേജ് 188, മുആദ്

## തിരുനബിയുടെ തിരുമൊഴികൾ:

**അബ്ദുല്ലാഹ് ബിൻ മസ്ഊദിൽനിന്ന്(റ) നിവേദനം: രാത്രി പുലരും വരെ ഉറങ്ങിയ ഒരാളെപ്പറ്റി നബി(സ)തിരുമേനിയുടെ അരികിൽ പരാമർശമുണ്ടായി. അവിടന്ന് പറഞ്ഞു: 'ചെകുത്താൻ രണ്ടു കാതിലും മൂത്രമൊഴിച്ച മനുഷ്യനാണയാൾ.' അല്ലെങ്കിൽ 'അവന്റെ ചെവിയിൽ' എന്നാവണം അവിടന്ന് പറഞ്ഞത്.'(മുസ്‌ലിം, ഹദീഥ് 385)**

**ത്വാലിബെ ദുആ:**
**P.Abdul Ameer, Sadr, Ahmadiyya Jama-ath Pathapiriyam, Kerala**

## തിരുനബിയുടെ തിരുമൊഴികൾ:

**ഹദ്റത്ത് ആഇശാ(റ) നിവേദനം. നബി(സ)തിരുമേനി പറഞ്ഞു: 'നമസ്കാരത്തിൽ നിങ്ങളിലാരെങ്കിലും ഉറക്കം തൂങ്ങുന്നുവെങ്കിൽ, ഉറക്കം പോകുംവരെ ഉറങ്ങട്ടെ. നിങ്ങളിലൊരാൾ ഉറക്കച്ചടവോടെ നമസ്കരിച്ചാൽ ഒരുവേള അയാൾ പശ്ചാത്തപിക്കാൻ ഉദ്ദേശിച്ചിട്ട് സ്വയം പഴിച്ചേക്കാം.' (മുസ്‌ലിം, ഹദീഥ് 386)**

**ത്വാലിബെ ദുആ:**
**P.P.Raheem & Family,Ahmadiyya Jama-ath Payangadi, Kerala**

ബിൻ ജബൽ ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് ലബ്നാൻ 2003)

എന്തൊരു ഭയത്തിന്റേയും പേടിയുടേയും അവസ്ഥയാണിത്!

ഹദ്റത്ത് അനസ് ബിൻ മാലിക്(റ) വിവരിക്കുന്നു, 'നബി(സ)തിരുമേനി യാത്ര ചെയ്യുകയായിരുന്നു. പല്ലക്കിന്റെ പിൻഭാഗത്ത് ഹദ്റത്ത് മുആദുമുണ്ടായിരുന്നു. നബി(സ)തിരുമേനി പറഞ്ഞു, മുആദ് ബിൻ ജബലേ! അദ്ദേഹം പറഞ്ഞു: 'യാ റസൂലല്ലാഹ്, ഞാനിവിടെയുണ്ട്. അങ്ങയുടെ സന്നിധിയിൽതന്നെയുണ്ട്.' നബി(സ)തിരുമേനി പറഞ്ഞു, 'മുആദേ! അദ്ദേഹം പറഞ്ഞു, 'യാ റസൂലുല്ലാഹ്!' ഞാൻ അങ്ങയുടെ സവിധത്തിൽ തന്നെയുണ്ട്. നബി(സ)തിരുമേനി പറഞ്ഞു: മുആദേ! അദ്ദേഹം പറഞ്ഞു, യാ റസൂലല്ലാഹ്! അങ്ങയുടെ സവിധത്തിൽതന്നെ ഞാനുണ്ട്.' മൂന്ന് പ്രാവശ്യം നബി(സ)തിരുമേനി ഇങ്ങനെ അദ്ദേഹത്തെ വിളിച്ചു. തുടർന്ന് പറഞ്ഞു, 'ആരെങ്കിലും സത്യഹൃദയത്തോടെ അല്ലാഹുവല്ലാതെ മറ്റൊരു ആരാധ്യനുമില്ലെന്നും മുഹമ്മദ്(സ) അല്ലാഹുവിന്റെ ദൂതനാണെന്നും സാക്ഷ്യം വഹിച്ചാൽ അല്ലാഹു തീർച്ചയായും അയാൾക്ക് നരകം നിഷിദ്ധമാക്കുന്നതാണ്.' അദ്ദേഹം പറഞ്ഞു, 'ഞാൻ ജനങ്ങളോട് ഇതേപ്പറ്റി പറയട്ടെയോ?' അവർ സന്തോഷിക്കുന്നതായിരിക്കും. നബി(സ)തിരുമേനി പറഞ്ഞു: 'അങ്ങനെയായാൽ ജനങ്ങൾ ഇതിൽമാത്രം പ്രതീക്ഷയർപ്പിച്ചിരിക്കുന്നതാണ്. മറ്റു നന്മകൾ ചെയ്യുന്നതല്ല. അതുകൊണ്ട് ജനങ്ങളോട് പറയേണ്ട.' (സ്വഹീഹ് ബുഖാരി, കിതാബുൽഇൽമ്, ഹദീഥ് 128)

മരിക്കാറാകുമ്പോൾ ഇക്കാര്യം മറ്റു അറിവുള്ള ആളുകൾക്ക് എത്തിക്കേണ്ടതാണെന്ന വിചാരം അദ്ദേഹത്തിന് ഉണ്ടായിരുന്നിരിക്കണം. പിന്നീട് അദ്ദേഹം അതു പറഞ്ഞു. പക്ഷേ, തന്റെ നല്ല ജീവിതത്തിലും ആരോഗ്യമുള്ളപ്പോഴും പറഞ്ഞില്ല. ഹദ്റത്ത് വലിയുല്ലാഹ് ശാഹ് സാഹിബ്, ബുഖാരിയുടെ വ്യാഖ്യാനത്തിൽ എഴുതുന്നു, 'ചില ഹദീഥുകൾ പരസ്പരം ബന്ധമുള്ളവയാകുന്നു. അവ രേഖപ്പെടുത്തിയതിനുശേഷം ഈ പറഞ്ഞ ഹദീഥും വിവരിക്കുന്നുണ്ട്. ഇവിടെ ജ്ഞാനപരമായ ചില കാര്യങ്ങൾ പ്രത്യേക ആളുകളിൽ മാത്രം പരിമിതപ്പെടുത്തണമെന്ന് പറയുന്നു. കാരണം ജ്ഞാനപരമായ വിഷയമാണ്. അത് പ്രത്യേക ആളുകളിൽ പരിമിതപ്പെടുത്തേണ്ടതാണ്. എന്തുകൊണ്ടെന്നാൽ സാധാരണക്കാർ ഇതിന്റെ ശരിയായ വിവക്ഷിതം മനസിലാക്കാത്തതുകൊണ്ട് നഷ്ടത്തിലാകാൻ സാധ്യതയുണ്ട്. അവർ ഇതുമാത്രം പറഞ്ഞുകൊണ്ടിരിക്കുകയും കർമങ്ങൾ വേണ്ടെന്ന് ധരിക്കുകയും ചെയ്തേക്കാം. അതായത് ലാ ഇലാഹ ഇല്ലല്ലാഹ് മുഹമ്മദു റസൂലുല്ലാഹ് എന്ന് പറഞ്ഞാൽ മതിയെന്നും കർമങ്ങളൊന്നും ആവശ്യമില്ലെന്നും ധരിച്ചേക്കാം. ഇന്നത്തെ മുസ്‌ലിമീങ്ങളുടെ പ്രവൃത്തിയും അതുതന്നെയാണ്. പേരിന് മാത്രമുള്ള മുസ്‌ലിമായി കഴിഞ്ഞിരിക്കുന്നു. കലിമ മാത്രം ചെല്ലുകയും മറ്റു കർമങ്ങൾ ആവശ്യമില്ലെന്ന് ധരിക്കുകയും ചെയ്യുന്നു.

പിന്നീട് ഹദ്റത്ത് ശാഹ് സാഹിബ് എഴുതുന്നു: 'ഈ ഹദീഥ് ഇത്തരം കാര്യങ്ങളുടെ നിജസ്ഥിതി വ്യക്തമാക്കുന്നുണ്ട്.' ഇതുസംബന്ധമായി വിവിധ ഹദീഥുകൾ അദ്ദേഹം വിവരിക്കുന്നുണ്ട്. ഇതും അതിൽ ഉൾപ്പെടുത്തിയിരിക്കുന്നു. തുടർന്ന് എഴുതുന്നു: 'മുസ്‌ലിമിൽ ഹദ്റത്ത് ഇബ്നു മസ്ഊദിന്റെ ഒരു ഹദീഥ് ശരിയായ സനദോടുകൂടി വിവരിച്ചിട്ടുണ്ട്. അതിന്റെവാക്കുകൾ ഇപ്രകാരമാകുന്നു: *മാ അൻത ബി മുഹദ്ദിഥിൻ ഖൗമൻ ഹദീഥൻ ലാ യബ്‌ലുഗുഹു ഉഖൂലുഹും ഇല്ലാ കാനലി ബഅ്ളിഹിം ഫിത്നത്തുൻ* നബി(സ)തിരുമേനിയുടെ വചനത്തിന്റെ വിവക്ഷിതം ഇതാകുന്നു, 'ജനങ്ങളോടു അവരുടെ ബുദ്ധിയും വിവേകവുമനുസരിച്ച് സംവദിക്കേണ്ടതാണ്. കാരണം ചില കാര്യങ്ങൾ കുഴപ്പത്തിലേക്ക് എത്തിക്കുന്നതായിരിക്കും.' തുടർന്ന് എഴുതുന്നു: 'ഇതൊരു നീണ്ട നിവേദനമാണ്, ചുരുക്കത്തിൽ ശാഹ്സാഹിബ് എഴുതുന്നു: വിശ്വാസികളെന്ന പേരിൽ ജനങ്ങൾ ലാ ഇലാഹ ഇല്ലല്ലാഹ് എന്നതിനെ കേവലം നാവുകളുടെ പ്രഖ്യാപനത്തിൽ ഒതുക്കിവെച്ചിരിക്കുകയാണ്. ശരീഅത്തിന്റെ ബുദ്ധിമുട്ടുകളിൽ നിന്ന് ജനങ്ങളെ സ്വതന്ത്രരാക്കി അവർക്ക് വിശ്വാസത്തിന്റെ സർട്ടിഫിക്കറ്റ് നൽകാൻ ആഗ്രഹിക്കുന്നു. സ്വിദ്ഖൻ മിൻ ഖൽബിഹീ അതായത് ഹൃദയാത്മനാ നിർബന്ധകടമകളെ പരിഗണിക്കുന്നതേയില്ല. ഓരോ മൗലവിയും മിമ്പറിൽ ഖുത്ബ കൊടുക്കുന്നു. ഓരോരുത്തരും തന്റെ പിന്നിൽ നമസ്കരിച്ചു കലിമ ചൊല്ലിയാൽ സർട്ടിഫിക്കറ്റ് കിട്ടുമെന്നും മറ്റൊരു കാര്യത്തിന്റെയും ആവശ്യമില്ലെന്നും കരുതുന്നു.'

തുടർന്ന് അദ്ദേഹം എഴുതുന്നു: 'നാവുകൊണ്ട് പ്രഖ്യാപനം നടത്തുന്ന ഇത്തരം വിശ്വാസികളെ സംബന്ധിച്ച് നബി(സ)തിരുമേനി പറയുന്നു, 'അക്കാലത്ത് ഹൃദയങ്ങളിലോ, നാവുകളിലോ വിശ്വാസം ഉണ്ടായിരിക്കുകയില്ല. മറിച്ച് അത് കാർത്തിക നക്ഷത്രത്തിൽ ആയിരിക്കും. ഇത് അന്ത്യകാലത്തെ സംബന്ധിച്ച് ഉള്ളതാണ്. അന്ന് കലിമ ചെല്ലുന്നവർ ഉണ്ടാകുമെന്നാണ് പറഞ്ഞത്. തുടർന്ന് പറയുന്നു, *മൻ ലഖിയല്ലാഹ ലാ യുശ്‌രിക്കു ബിഹീ ശയ്അൻ.* അതായത് മരണംവരെ എല്ലാത്തരം ശിർക്കുകളിൽനിന്നും വിട്ടുനിൽക്കുന്നവർ സ്വർഗത്തിൽ പ്രവേശിക്കുന്നതായിരിക്കും. നബി(സ)തിരുമേനി ഹദ്റത്ത് മുആദിനെ രണ്ടുമൂന്ന് പ്രാവശ്യം വിളിച്ചു നിശബ്ദനായി. തുടർന്ന് ഇക്കാര്യങ്ങൾ പറഞ്ഞത് അദ്ദേഹത്തിൽ ശ്രദ്ധയും ജിജ്ഞാസയും ഉണ്ടാക്കുവാനായിരുന്നു. അദ്ദേഹം, താൻ സന്നിഹിതനാണ്, താൻ സന്നിഹിതനാണ് ലബ്ബയ്ക്ക് എന്ന് പറഞ്ഞുകൊണ്ട് ശ്രദ്ധയും താൽപര്യവും ഉണ്ടാക്കാനാണ് നബി(സ) ആഗ്രഹിച്ചത്. അങ്ങനെ ആ പ്രത്യേക അന്വേഷണ ത്വര ഉണ്ടായപ്പോഴാണ് നബി(സ) തിരുമേനി അത് പറഞ്ഞത്. പിന്നീട് ശാഹ് സാഹിബ് എഴുതുന്നു, 'അദ്ദേഹത്തിന് നല്ലപോലെ മനസ്സിലാക്കികൊടുക്കുകയാണ്. അത് മനസിൽ പ്രഭാവം ചെലുത്തണം. കാര്യം നല്ലതുപോലെ ബോധ്യപ്പെടുത്താൻ നബി(സ)തിരുമേനി മൂന്നു പ്രാവശ്യം ശ്രദ്ധ ക്ഷണിച്ചു. ഹദ്റത്ത് മുആദും നബി(സ)തിരുമേനിയെ പൂർണ്ണമായും ബഹുമാനിക്കുകയും മരണസമയത്ത് പ്രസ്തുത സംഗതി പറയുകയും ചെയ്തു. ഒരു പ്രധാന സംഗതി പറയാത്തതുകൊണ്ട് താൻ ശിക്ഷിക്കപെടാൻ പാടില്ല.(സ്വഹീഹുൽബുഖാരി, മുത്തർജിം വാല്യം 1, പേജ് 211–212, പ്രസാധകർ നല്ലാറത്ത് ഇശാഅത്ത് റബ്‌വ)

'നിനക്ക് അറിവുണ്ടായിരുന്ന കാര്യം എന്തുകൊണ്ട് ജനങ്ങളോട് പറഞ്ഞില്ല' എന്ന് അല്ലാഹു ചോദിക്കുമോ എന്ന് ഭയംകൊണ്ടാണ് അദ്ദേഹം അത് പറഞ്ഞത്. അതായത് ജ്ഞാനപരമായ വിഷയങ്ങൾ ചുരുങ്ങിയപക്ഷം ജ്ഞാനികൾക്കെത്തിക്കേണ്ടതാണ്.

ഇന്ന് മുസ്‌ലിമീങ്ങൾ കലിമ ചൊല്ലിക്കൊണ്ട്, തങ്ങൾ ശിർക്കിൽനിന്ന് മുക്തരാണെന്ന് ധരിക്കുന്നു. എന്നാൽ, അവരുടെ ഹൃദയങ്ങൾ ശിർക്കു കൊണ്ട് നിറഞ്ഞവയാണ്. അവരുടെ പ്രതീക്ഷ ഭൗതിക വസ്തുക്കളിലാണ്. ഖതീബുമാർ അഥവാ പ്രഭാഷകന്മാർ ഭൗതിക ദ്രവ്യങ്ങളിലാണ് പ്രതീക്ഷയർപ്പിക്കുന്നതെന്ന് അവരുടെ അവസ്ഥയും യാഥാർഥ്യവും അറിഞ്ഞാൽ വ്യക്തമാകുന്നതാണ്.

ഇവിടെ ഹദീഥിൽ, കലിമ ചെല്ലുന്നവർക്ക് നരകം നിഷിദ്ധമാക്കപ്പെടും എന്നത്, ഈ ശിക്ഷ അല്ലാഹുവാണ് നൽകുകയെന്നും, കലിമ ചൊല്ലുന്ന ഒരു മുസ്‌ലിമിനെ, അവൻ മുസ്‌ലിമാണോ അമുസ്‌ലിമാണോ എന്ന് ഫത്‌വ നൽകി തീരുമാനിക്കുക എന്നത് മനുഷ്യന്റെ പണിയല്ലെന്നും വ്യക്തമാക്കുന്നുണ്ട്. ഇവരുടെ സ്വയംകൃത ഫത്‌വ ഖുർആനിന്റെ അധ്യാപനത്തിന് വിരുദ്ധമാകുന്നു. ചുരുക്കത്തിൽ ഇന്ന് മുസ്‌ലിം എന്ന് പറയപ്പെടുന്നവർ, ഇന്ന് റബീഉൽ അവ്വൽ പ്രമാണിച്ച് നബിദിനം ആഘോഷിക്കുന്നവർ നബി(സ)തിരുമേനിയുടെ മാതൃക സ്വയത്തമാക്കണമെന്നും, തങ്ങൾ മുസ്‌ലിമീങ്ങളാണെന്ന് സ്വയംകരുതിയതുകൊണ്ട് കാര്യമില്ലെന്നും കലിമ ചൊല്ലുന്നവരുടെ കാര്യം അല്ലാഹുവിലേക്ക് വിടുകയാണ് വേണ്ടതെന്നും മനസ്സിലാക്കേണ്ടിയിരിക്കുന്നു. ഈ കാര്യങ്ങളാണ് നബി(സ)തിരുമേനിയുടെ ആത്മാവിനെ സന്തോഷിപ്പിക്കുക. അതാണ് ഉമ്മത്തിന്റെ ഭാഗത്തുനിന്ന് നബി(സ)തിരുമേനിക്ക് സന്തോഷം പകരുക. നബി(സ)തിരുമേനിയുടെമേൽ സ്വലാത്ത് ചൊല്ലുന്നതോടൊപ്പം അല്ലാഹു, നബി(സ)തിരുമേനിയുടെ ഉമ്മത്തിനെ അവകാശിയില്ലാതെ അനാഥമാക്കിയില്ല എന്നതിൽ അല്ലാഹുവിനോട് നന്ദി കാണിക്കുക. മറിച്ച് വാഗ്ദാനപ്രകാരം, നബി(സ) തിരുമേനിയുടെ പ്രവചന പ്രകാരം അവൻ ദീനിനെ പുനരുദ്ധരിക്കാൻ വാഗ്ദത്ത മസീഹിനെ അയച്ചിരിക്കുന്നു. അദ്ദേഹമാണ് ഈ കലിമയുടേയും ശരീഅത്തിന്റേയും വിധികളനുസരിച്ച് പ്രവർത്തിക്കേണ്ട യാഥാർഥ്യം നമുക്ക് പറഞ്ഞുതരിക. അങ്ങനെ ആകുമ്പോൾ യഥാർഥത്തിൽ നരകത്തിന്റെ അഗ്നി നമുക്ക് നിഷിദ്ധമാക്കപ്പെടുന്നതായിരിക്കും. അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ എതിർക്കുന്നവർക്ക് ബുദ്ധി നൽകുമാറാകട്ടെ. അവർ ഇക്കാര്യം മനസ്സിലാക്കുകയും ചെയ്യട്ടെ. അല്ലാഹു നമുക്കും ഇസ്‌ലാമിന്റെ യഥാർഥ അധ്യാപനവും കലിമയുടെ യാഥാർഥ്യവും മനസ്സിലാക്കാനും അതനുസരിച്ച് പ്രവൃത്തിക്കുവാനും തൗഫീഖ് നൽകുമാറാകട്ടെ.

ഹദ്റത്ത് മുആദ് ബിൻ ജബൽ(റ) വിവരിക്കുന്നു: ഞങ്ങൾ നബി(സ)തിരുമേനിയോടൊപ്പം തബൂക് യുദ്ധം നടന്ന വർഷം യാത്ര പുറപ്പെട്ടു. നമസ്കാരങ്ങൾ ജംഅ് ആക്കിയിരുന്നു. നബി(സ) തിരുമേനി ളുഹ്ർ, അസ്ർ നമസ്കാരവും മഗ്‌രിബ്, ഇശാഅ് നമസ്കാരവും ഒരുമിച്ചാണ് നമസ്കരിച്ചിരുന്നത്. ഒരു ദിവസം നബി(സ)തിരുമേനി നമസ്കാരങ്ങൾ കുറച്ചു വൈകി നമസ്കരിപ്പിച്ചു. അവിടന്ന് പുറത്തുവന്നു. ളുഹ്റും അസ്റും നമസ്കരിപ്പിച്ചു. പിന്നെ അകത്തേക്ക് പോയി. തുടർന്ന് പുറത്ത് വരികയും മഗ്‌രിബും ഇശായും ഒരുമിച്ച് നമസ്കരിപ്പിക്കുകയും ചെയ്തു. പിന്നെ ആ മഹാത്മാവ് പറഞ്ഞു, 'നാളെ നിങ്ങൾ ഇൻശാ അല്ലാഹ് തബൂക്കിന്റെ അരുവിക്കരയിലെത്തുന്നതാണ്.' നാലു നമസ്കാരങ്ങളും ഒരുമിച്ച് നമസ്കരിച്ചു എന്നതല്ല ഇതിന്റെ അർഥം. ഇടയിലുള്ള സമയം കുറവായിരുന്നു. ളുഹ്റും അസ്റും അസ്റിന്റെ സമയത്ത്, അവസാന നേരത്ത് ജംഅ് ആക്കിയിട്ടുണ്ടാകും. മഗ്‌രിബും ഇശായും മഗ്‌രിബിന്റെ ആദ്യസമയത്തും നമസ്കരിച്ചിട്ടുണ്ടാകും. ഏതായിരുന്നാലും നല്ലപോലെ നേരം വെളുക്കുന്നതിനു മുമ്പേ നിങ്ങൾ ആ അരുവിയുടെ കരയിലെത്തുന്നതാണ്. അതായത് നാളെ നിങ്ങൾ തബൂക് അരുവിക്കരയിൽ എത്തുന്നതാണ്. പകലായിരിക്കും എത്തുക. ഏകദേശ നിഗമനത്തിലാണ് നബി(സ)തിരുമേനി അത് പറഞ്ഞത്. ചുരുക്കത്തിൽ നിങ്ങൾ അവിടെ എത്തിയാൽ ഞാൻ എത്തുന്നതുവരെ ആരും തന്നെ അതിലെ വെള്ളത്തിൽ തൊടരുത്. ഞാൻ അവിടെ എത്തുന്നതുവരേയും ആരുംതന്നെ അതിലെ വെള്ളം കുടിക്കുകയോ, വെള്ളത്തിൽ തൊടുകയോ ചെയ്യരുത്. നിവേദകൻ പറയുന്നു: 'അങ്ങനെ ഞങ്ങൾ അവിടെ എത്തി. പക്ഷേ, അവർ രണ്ടുപേരും ഞങ്ങൾക്കുമുമ്പേ അവിടെ എത്തിയിരുന്നു. അരുവി ഒരു നാരുപോലെയാണ് ഒഴുകിയിരുന്നത്. അതിൽനിന്ന് അൽപാൽപം വെള്ളംവന്നിരുന്നു. വളരെ നേരത്തെയുള്ള ഒരു ചാലായിരുന്നു അത്. നിവേദകൻ പറയുന്നു: നബി(സ)തിരുമേനി അവരിരുവരോടും ചോദിച്ചു,

‘നിങ്ങൾ ഈ വെള്ളത്തിൽ സ്പർശിച്ചുവോ?’ തങ്ങൾ അതിൽ നിന്ന് വെള്ളമെടുത്ത് കുടിച്ചിരുന്നുവെന്ന് അവരിരുവരും പറഞ്ഞു. തുടർന്ന് നബി(സ)തിരുമേനി അവരിരുവർക്കും ശാസന നൽകിക്കൊണ്ട് പറഞ്ഞു, ‘ഞാൻ നിങ്ങളെ വിലക്കിയതല്ലേ? നിങ്ങൾ അതിനെ സ്പർശിച്ചു.’ അതായത് അല്ലാഹു ഇച്ഛിച്ചതുപോലെ നബി(സ) തിരുമേനി അവരോട് പറഞ്ഞു. നിവേദകൻ പറയുന്നു: ‘തുടർന്ന് ജനങ്ങൾ ആ അരുവിയിൽനിന്ന് തങ്ങളുടെ കൈകൊണ്ട് അൽപാൽപ്പമായി എടുത്ത് ഒരു പാത്രത്തിൽ സ്വരൂപിച്ചു. വെള്ളത്തിന്റെ വളരെ നേർത്ത ഒരു ചാലാണ് ഒഴുകിയിരുന്നത്.’ നിവേദകൻ പറയുന്നു:‘തുടർന്നു നബി(സ) തിരുമേനി തന്റെ രണ്ട് കൈയ്യും മുഖവും അതിൽ കഴുകി. ആ വെള്ളം ആ അരുവിയിൽ ത്തന്നെ ഒഴിക്കുകയും ചെയ്തു. അതായത് ആ അരുവിയുടെ കരയിലിരുന്ന് കൈയ്യുംമുഖവും കഴുകി. പൊടുന്നനെ അതിൽ ഒഴുക്കുണ്ടാകാൻ തുടങ്ങി. അതായത് നബി(സ)തിരുമേനി അവിടെ കൈയ്യും മുഖവും കഴുകുകയും അവിടെതന്നെ വെള്ളം വീഴ്ത്തുകയും ചെയ്തപ്പോൾ നേരത്തെ ചാലു പോലെ വന്നിരുന്ന അരുവി ശക്തമായി ഒഴുകാൻ തുടങ്ങി. അങ്ങനെ ജനങ്ങൾ നല്ലതുപോലെ ദാഹശമനം വരുത്തി. തുടർന്ന് നബി(സ)തിരുമേനി പറഞ്ഞു, ‘മുആദേ! നിനക്ക് ആയുസ്സ് നീണ്ടു കിട്ടുകയാണെങ്കിൽ ഈ പ്രദേശം തോട്ടങ്ങൾ നിറഞ്ഞതായി നിനക്ക് കാണാൻ കഴിയുന്നതാണ്.’(സ്വഹീഹ് മുസ്‌ലിം, കിതാബുൽഫളാഇൽ, ഹദീഥ് 706)

പ്രസ്തുത മുഅജിസത്ത് നബി(സ)തിരുമേനി തബൂക് എന്ന സ്ഥലത്തെത്തിയപ്പോഴാണ് ഉണ്ടായതെന്ന് ഹദീഥ് ഗ്രന്ഥങ്ങളിൽനിന്ന് മനസിലാകുന്നു. സീറത്ത് ഇബ്നു ഹിശാമിൽ, ഈ സംഭവം തബൂക്കിൽനിന്ന് തിരിച്ചുവരുമ്പോൾ ‘മുശഖ്ഖഖ്’ എന്ന താഴ്‌വരയിലാണ് ഉണ്ടായതെന്ന് പറയുന്നു. (അസ്സീറത്തുന്നബ്‌വിയ്യ ലി ഇബ്നി ഹിശാം പേജ് 821-822, ഗസ്‌വ തബൂക് ഫീ റജബി സനത്തിൻ തിസ്അ, പ്രസാധകർ ദാറുൽകുതുബു ബിൽ ഇൽമിയ്യ ബെയ്റുത്ത് 2001)

ഈ സംഭവം ഇമാം മാലിക് തന്റെ ഗ്രന്ഥമായ മുഅത്ത്വായിലും രേഖപ്പെടുത്തിയിട്ടുണ്ട്. മുഹമ്മദ് ബിൻ അബ്ദുൽ ബാഖി സർഖാനീ, ഈ ഹദീഥിനെ വ്യാഖ്യാനിച്ചുകൊണ്ടെഴുതുന്നു: ‘അബൂ വലീദ് ബാജി പറയുന്നു, സംഭവിച്ചുകഴിഞ്ഞ ഒരു അദൃശ്യമായ വാർത്തയാണ് പറയുന്നത്. ഹദ്റത്ത് മുആദിനെ, നബി(സ)തിരുമേനി പ്രത്യേകമായി പറയാൻ കാരണമുണ്ട്. എന്തെന്നാൽ അദ്ദേഹം സിറിയയിലേക്ക് താമസം മാറ്റിയിരുന്നു. അവിടെയാണ് അദ്ദേഹം വഫാത്തായത്. ഹദ്റത്ത് മുആദ്, ഈ പ്രദേശം കാണുമെന്നും അദ്ദേഹത്തിന്റെ അനുഗ്രഹത്താൽ ഈ താഴ്‌വര മരങ്ങളും തോട്ടങ്ങളുംകൊണ്ട് നിറഞ്ഞതാകുമെന്നും നബി(സ)തിരുമേനി വഹ്‌യ് മുഖേന അറിഞ്ഞതായിരിക്കും.

അല്ലാമാ ഇബ്നു അബ്ദുൽബിർറ് പറയുന്നു, ‘ഇബ്നു വസാഅ് പറഞ്ഞു, ഞാൻ അവിടെ നാലു പാടും കണ്ടിട്ടുണ്ട്. മരങ്ങളും ഹരിതാഭയും എത്രത്തോളമുണ്ടെന്നാൽ ഖിയാമത്തുവരേയും അത് നിൽക്കുമെന്ന് തോന്നി. അങ്ങനെയുള്ളതായിരുന്നു നബി(സ)തിരുമേനിയുടെ പ്രവചനവും. (ശറഹ് അസ്സർഖാനീ അലൽ മുഅത്ത്വാ, ഭാഗം 1, പേജ് 436, കിതാബു ഖസ്‌രിസ്സ്വലാത്തി ഫിസ്സഫ്‌രി, ബാബു അൽജംഅ് ബയ്നസ്സ്വലാത്തയിനി.....ദാറു അഹ്‌യാഉത്തുറാഥ് അൽഅറബി, ബെയ്റുത്ത് 1997)

സീറത്തുന്നബി(സ) അറ്റ്ലസിൽ എഴുതിയിരിക്കുന്നു: ‘തബൂക്കിലെ ശരീഅത്ത് വകുപ്പിന്റെ തലവൻ പറയുന്നു, ‘ഈ അരുവി പതിമൂന്നേ മുക്കാൽ നൂറ്റാണ്ടുവരേയും തുടർച്ചയായി ഉറവുള്ളതായിരുന്നു. പിന്നീട് താഴ്ന്ന പ്രദേശങ്ങളിൽ കുഴൽക്കിണർ കുഴിക്കുകയും ഈ അരുവിയിലെ വെള്ളം കുഴൽ കിണറുകളിലേക്ക് മാറുകയും ചെയ്തു. 15 കുഴൽക്കിണറുകളിലേക്ക് അത് മാറിയതിനെ തുടർന്ന് ഈ അരുവി ഇപ്പോൾ വറ്റിപ്പോയിരിക്കുന്നു. പിന്നെ ഞങ്ങളെ ഈ കുഴൽക്കിണറുകളുടെ അടുക്കൽകൊണ്ടുപോയി. അവിടെ നാലഞ്ചു പൈപ്പുകൾ ഇട്ടിരിക്കുന്നത് ഞങ്ങൾ കണ്ടു. യന്ത്രങ്ങൾ ഒന്നും കൂടാതെ വെള്ളം ശക്തമായി പുറന്തള്ളുന്നുണ്ടായിരുന്നു. ഇതു തന്നെയാണ് മറ്റു കുഴൽക്കിണറുകളിലും എന്ന് ഞങ്ങളോടു പറഞ്ഞു. ഇത് നബി(സ)തിരുമേനിയുടെ അനുഗ്രഹംതന്നെയാകുന്നു. തബൂക്കിൽ എത്രമാത്രം വെള്ളമുണ്ടെന്നാൽ മദീനക്കും ഖയ്ബറിനും പുറമേ മറ്റു സ്ഥലത്തും ഞങ്ങൾക്ക് ഇത്രമാത്രംവെള്ളം കാണാൻ കഴിഞ്ഞിട്ടില്ല. മറിച്ച് തബൂക്കിൽ മറ്റു രണ്ടു സ്ഥലങ്ങളെ അപേക്ഷിച്ച് കൂടുതൽ വെള്ളമുണ്ട് എന്നതാണ് വാസ്തവം. ഈ വെള്ളം പ്രയോജനപ്പെടുത്തിക്കൊണ്ട് ഇപ്പോൾ തബുക്കിൽ എല്ലാ സ്ഥലത്തും തോട്ടങ്ങൾ ഉണ്ടാക്കുകയാണ്. നബി(സ)തിരുമേനിയുടെ പ്രവചനപ്രകാരം തബൂക്ക് പ്രദേശം തോട്ടങ്ങൾകൊണ്ട് നിറഞ്ഞിരിക്കുന്നു. അത് ദിനംപ്രതി നിറഞ്ഞുകൊണ്ടിരിക്കുകയാണ്. ബാക്കി ഇൻശാ അല്ലാഹ് പിന്നീട് അനുസ്മരിക്കുന്നതാണ്.

ഇപ്പോൾ ജുമുഅക്കു ശേഷം ചില ജനാസകളും നമസ്കരിപ്പിക്കുന്നതാണ്. ഞാൻ അവരെ അനുസ്മരിക്കുന്നതാണ്. ഒന്നാമത്തെ ജനാസ ഒഡീഷയിലെ ഖുർദാ ജില്ലാ മുബല്ലിഗ് ഇൻചാർജ് ഫർസാൻ ഖാൻ സാഹിബിന്റേതാണ്. പ്രമേഹരോഗിയായിരുന്നു. സെപ്റ്റംബർ 10-ന് പെട്ടെന്ന് ടൈഫോയിഡും ശക്തമായ ന്യൂമോണിയയും കാരണം ആശുപത്രിയിൽ പ്രവേശിപ്പിച്ചു. അവിടെത്തന്നെ ദൈവവിധി അനുസരിച്ച് വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. മർഹൂം മൂസ്വിയായിരുന്നു. ദുഃഖാർത്തരായ കുടുംബാംഗങ്ങളിൽ ഭാര്യ സക്കീന ബേഗമിനെ കൂടാതെ മകൾ ഫരീഹ, മകൻ റയ്ഹാൻ എന്നിവരുമുണ്ട്. അദ്ദേഹം ജമാഅത്തീ പ്രവർത്തനങ്ങളിൽ വളരെ മുൻപന്തിയിലായിരുന്നു. ഭയഭക്തിയുള്ള ആളും കീഴിലുള്ള മുബല്ലിഗ് മുഅല്ലിമീങ്ങൾക്ക് പ്രത്യേക പരിഗണന നല്കിയിരുന്ന വ്യക്തിയുമായിരുന്നു. മൃദുഭാഷിയും സൗശീലനും വളരെ നല്ല ആത്മാർഥതയുള്ള ആളുമായിരുന്നു. 1980-ൽ ഖാദിയാൻ ജാമിഅയിൽ പ്രവേശിച്ചു. 1988-ൽ ജാമിഅയിൽനിന്ന് പാസായി പ്രവർത്തനരംഗത്ത് വന്നു. വളരെ ആത്മാർഥതയോടെ, അർപ്പണബോധത്തോടെ 32 വർഷം സേവനം ചെയ്തു. ഇക്കാലയളവിൽ പലസ്ഥലത്തും ബയ്അത്തുകൾ നടന്നു. ജമാഅത്തുകൾ സ്ഥാപിച്ചു. അദ്ദേഹത്തിന്റെ ഭാര്യ സക്കീന ബേഗം പറയുന്നു: ‘മൗലവി സാഹിബ് പറഞ്ഞു, ‘ആദ്യത്തെ നിയമനം ഹരിയാനയിൽ ആയിരുന്നു. കൃത്യമായ സ്ഥലം ഉണ്ടായിരുന്നില്ല. അവിടെ ഒരു അഹ്‌മദിയും ഉണ്ടായിരുന്നില്ല. അദ്ദേഹം പലസ്ഥലത്തും ചുറ്റിനടന്ന് തബ്‌ലീഗ് ചെയ്തിരുന്നു. അങ്ങനെ സെന്ററുകൾ സ്ഥാപിച്ചു. ഇതിനിടയിൽ ഹരിയാനയിലെ ഒരു ഗ്രാമത്തിലെത്തി. തബ്‌ലീഗ് ചെയ്തു. അവിടെ ആ നാട്ടുകാരനായ ഒരാൾ പറഞ്ഞു, ‘ഞങ്ങളുടെ എരുമ പാൽ തരുന്നില്ല. താങ്കളുടെ ജമാഅത്ത് സത്യമാണെങ്കിൽ താങ്കൾ (വെള്ളത്തിൽ) ഊതി തരിക. ഞാൻ അത് എരുമക്കു കൊടുക്കാം. അങ്ങനെ എന്റെ എരുമ പാൽതരുമോ എന്ന് നോക്കാം. താങ്കൾ സത്യത്തിലാണെങ്കിൽ ഈ അത്ഭുതം സംഭവിക്കുകയും ഞങ്ങൾ മുഴുവൻ കുടുംബവും ബയ്അത്ത് ചെയ്യുന്നതുമാണ്. മൗലവി സാഹിബ് പറയുന്നു: ഞാൻ സൂറഃ ഫാത്തിഹയും സ്വലാത്തും ഏതാനും ദുആകളും ചൊല്ലി വെള്ളത്തിലൂതി, അദ്ദേഹത്തിന് കൊടുത്തു. അദ്ദേഹം വെള്ളവുമായി പോയി. ഞാൻ രാത്രി മുഴുവൻ ആ ഗ്രാമത്തിലെ ഒരു മരത്തിനു ചുവട്ടിൽ ഇരുന്നു. അല്ലാഹുവേ! മസീഹ് മൗഊദ്(അ)ന്റെ സത്യസാക്ഷ്യത്തിനുള്ള മുഅ്ജിസത്ത് കാണിക്കേണമേ! എന്ന് ദുഃആ ചെയ്തുകൊണ്ടിരുന്നു. അദ്ദേഹം പറയുന്നു, രാവിലെ ഒരാൾ ഒരു ബക്കറ്റുമായി വരുന്നതാണ് മൗലവി സാഹിബ് കാണുന്നത്. നോക്കിയപ്പോൾ അതിൽ പാലുണ്ടായിരുന്നു. ആഗതൻ പറഞ്ഞു, മൗലവി സാഹിബേ! ഞങ്ങളുടെ എരുമ പാൽ തരാൻ തുടങ്ങി. സന്തോഷം പ്രകടിപ്പിച്ചുകൊണ്ട് പറഞ്ഞു, ഞാനും എന്റെ കുടുംബവും അഹ്‌മദിയ്യാ ജമാഅത്ത് സത്യമാണെന്ന് മനസിലാക്കുന്നു. ഞങ്ങൾ ഇതിൽ ചേരുകയാണ്.

അദ്ദേഹത്തിന്റെ മകൻ റയ്ഹാൻ പറയുന്നു, ‘എന്റെ പിതാവിൽ വിനയവും താഴ്മയും നല്ലപോലെ ഉണ്ടായിരുന്നു. വളരെ മൃദുലഹൃദയനും എല്ലാവരോടും സ്നേഹപൂർവ്വം പെരുമാറുന്ന ആളുമായിരുന്നു. അല്ലാഹുവിന്റെ തൃപ്തിക്കും ജമാഅത്തീ സേവനങ്ങൾക്കും വേണ്ടി തന്റെ ജീവിതം ചെലവഴിച്ചു. ജമാഅത്തീ സേവനങ്ങൾക്കൊപ്പം വീട്ടിലെ ജോലികളും ചെയ്തിരുന്നു. ഉമ്മയേയും സഹായിച്ചിരുന്നു. ജീവിതകാലം മുഴുവനും സ്വയം തന്റേയും ഞങ്ങളുടേയും നമസ്കാരം സംരക്ഷിച്ചു പോന്നു. എപ്പോഴും സ്വിറാത്തെ മുസ്തഖീമിൽ നടക്കണമെന്ന് ഉപദേശിക്കുമായിരുന്നു.’

അദ്ദേഹത്തോടൊപ്പം സേവനം ചെയ്തിരുന്ന എല്ലാ മുബല്ലിഗ്, മുഅല്ലിമീങ്ങളും എഴുതുന്നത് അദ്ദേഹം മാതൃകായോഗ്യനായ മുബല്ലിഗ് ആയിരുന്നെന്നും ഒരിക്കലും തങ്ങളോട് ദേഷ്യപ്പെട്ടിട്ടില്ലെന്നുമാണ്.

അടുത്ത ജനാസ, മലേഷ്യ ലോക്കൽ മിഷണറി അബ്ദുല്ലാഹ് മുൽസീക്കോ സാഹിബിന്റേതാണ്. ഒക്ടോബർ 7 ന് അബോധാവസ്ഥയിലാകുകയും ആസ്പത്രിയിലെത്തിക്കുകയും ചെയ്തെങ്കിലും ജീവൻ രക്ഷിക്കാൻ കഴിഞ്ഞില്ല. അന്നേ ദിവസം രാത്രിതന്നെ വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. അദ്ദേഹത്തിന് 61 വയസ്സായിരുന്നു. മർഹും മൂസ്വിയായിരുന്നു. സന്തപ്ത കുടുംബത്തിൽ ഭാരയ്ക്കു പുറമെ 8 മക്കളുമുണ്ട്. അദ്ദേഹം മലേഷ്യയിലെ രണ്ട് മുബല്ലിഗുമാരായ ഇസ്‌ലാഹുദ്ദീൻ സാഹിബിന്റേയും മസ്‌റൂർ അഹ്‌മദ് സാഹിബിന്റേയും ഭാര്യാപിതാവാണ്. അബ്ദുല്ലാഹ് മുൽസീക്കോ സാഹിബ്, ഫിലിപ്പൈൻസിലാണ് ജനിച്ചത്. യൂണിവേഴ്സിറ്റി പാസായ ശേഷം മുസ്‌ലിം ഓർഗനൈസേഷൻ മോറോ നാഷണൽ ലിബറൽ ഫ്രണ്ടിൽ ചേർന്നു. ഇത് സർക്കാരിനെതിരെ പ്രവർത്തിക്കുന്ന സംഘടനയാണ്. ഫിലിപ്പൈൻസിൽ ഇസ്‌ലാമിക രാഷ്ട്രം സ്ഥാപിക്കുകയാണ് ഈ സംഘടനയുടെ ലക്ഷ്യം. 1973-ൽ അദ്ദേഹത്തിന്റെ പിതാവ് ഫിലിപ്പൈൻസിൽനിന്ന് പാലായനം ചെയ്തു മലേഷ്യയിലെത്തി. സന്ദാകൻ സഭ(Sandakan Sabah) എന്ന സ്ഥലത്ത് താമസമാക്കി. ഏതായിരുന്നാലും അല്ലാഹു അദ്ദേഹത്തിന് പരിശുദ്ധ ഹൃദയം നൽകിയിരുന്നു. അദ്ദേഹം പലവട്ടം സ്വപ്ന ദർശനത്തിലൂടെ ഹദ്റത്ത് മസീഹ് മൗഊദ്(അ), ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനീ, ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിസ് എന്നിവരെ ദർശിച്ചിട്ടുണ്ട്. ഏതായാലും ദൈവഹിതപ്രകാരം ‘താകിനോബാലോ’ എന്ന സ്ഥലത്ത് നടന്ന ജൽസയിൽ പങ്കെടുക്കുകയും അവിടുത്തെ ജൽസ കാണുകയും അവിടുത്തെ അവസ്ഥകൾ അദ്ദേഹത്തിന്റെ വിശ്വാസം ദൃഢീകരിപ്പിക്കുകയും തുടർന്ന് അദ്ദേഹം ബയ്അത്ത് ചെയ്യുകയുമുണ്ടായി. അദ്ദേഹം താമസിച്ചിരുന്ന ‘സന്ദാക്കൻ സഭ’ എന്ന സ്ഥലത്ത് മുബല്ലിഗ് ഇല്ലായിരുന്നു. പക്ഷേ, അദ്ദേഹത്തിൽ ദാഹമുള്ള ഒരു ആത്മാവുണ്ടായിരുന്നു. അങ്ങനെ ദാഹമകറ്റാൻ വേണ്ടി ജമാഅത്തീസാഹിത്യങ്ങൾ വായിക്കാൻ തുടങ്ങി. തബ്‌ലീഗിലും നല്ല താൽപര്യമായിരുന്നു. ഈ താൽപര്യത്തെ കർമപഥത്തിൽ കൊണ്ടുവരികയും ബന്ധുമിത്രാദികൾക്കും തന്റെ പ്രദേശത്തും നല്ലതുപോലെ പ്രബോധനം നടത്തുകയും ചെയ്തു. അതിന്റെ ഫലമായി നി

രവധിപേർ അഹ്മദിയ്യത്തിൽ, ഇസ്‌ലാമിൽ പ്രവേശിച്ചു. തബ്‌ലീഗിലുള്ള ആവേശംകൊണ്ട് അദ്ദേഹം ജീവിതം വഖ്ഫു ചെയ്തു. തുടർന്ന് അദ്ദേഹത്തെ മുബല്ലിഗായി നിയമിക്കുകയായിരുന്നു. പിന്നെ അദ്ദേഹത്തിന് ഫിലിപ്പൈൻസിൽ, ഖയ്റുദ്ദീൻ സാഹിബിനോടൊപ്പം പ്രവർത്തിക്കാനും അവസരം ലഭിച്ചിട്ടുണ്ട്. ഏതായിരുന്നാലും തന്റെ ശുദ്ധപ്രകൃതവും അറിവിനോടുള്ള താൽപര്യവും വിനയവും താഴ്മയും ദൈവഭയവും കാരണം അദ്ദേഹത്തിന് അവിടെയും നന്നായി പ്രവർത്തിക്കാൻ അവസരം ലഭിച്ചു. ക്രിസ്ത്യാനികളുമായി സംവാദം നടത്തിയിരുന്നു. പലരേയും ഇസ്‌ലാമിന്റെ മടിത്തട്ടിലേക്കെത്തിച്ചു. ഉർദു സംസാരിക്കാൻ അറിഞ്ഞിരുന്നില്ല. പക്ഷേ, പഠിക്കാൻ താല്പര്യമുണ്ടായിരുന്നു. പല ഉദ്ധരണികളും പദ്യങ്ങളും ഹൃദിസ്തമാക്കിയിരുന്നു. അതിഥി സൽക്കാരത്തിന് വലിയ താല്പര്യമായിരുന്നു. ജുമുഅക്ക് വരുന്നവർക്ക് പ്രത്യേകം ആതിഥ്യം നൽകിയിരുന്നു. ചിട്ടയുള്ള വ്യക്തിയായിരുന്നു. എല്ലാവരും ചിട്ടയായി ജീവിക്കണമെന്ന് അദ്ദേഹം ആഗ്രഹിച്ചിരുന്നു. അതനുസരിച്ചാണ് തർബിയ്യത്ത് ചെയ്തിരുന്നത്. ഏതാനും വർഷമായി നടക്കാനും മറ്റും പ്രയാസമുണ്ടായിരുന്നു. എന്നിട്ടും തന്റെ പ്രയാസങ്ങളെ പ്രവർത്തനങ്ങൾക്ക് വിഘാതാമായി കണ്ടിരുന്നില്ല.

മൂന്നാമത്തെ ജനാസ, ഖാദിയാനിലെ മുഅല്ലിം അബ്ദുൽ വാഹിദ് സാഹിബിന്റേതാണ്. അദ്ദേഹം സെപ്തംബർ 12ന് 56-ാം വയസ്സിൽ വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. അദ്ദേഹം ക്രിസ്ത്യൻ കുടുംബത്തിൽപെട്ട ആളായിരുന്നു. അദ്ദേഹത്തിന്റെ കുടുംബത്തിൽ ഏറ്റവുമാദ്യം അദ്ദേഹത്തിന്റെ മൂത്ത സഹോദരനാണ്-അദ്ദേഹം റിട്ടയേർഡ് മുഅല്ലിമായിരുന്നു-ബയ്അത്ത് ചെയ്യാൻ സൗഭാഗ്യം ലഭിച്ചത്. തുടർന്ന് കുടുംബം മുഴുവൻ ബയ്അത്ത് ചെയ്തു. അഹ്മദിയ്യത്ത് സ്വീകരിച്ചശേഷം അദ്ദേഹം ജാമിയത്തുൽ മുബശ്ശിരീനിൽ മൂന്നുവർഷം കോഴ്സ് ചെയ്തു. അവിടെനിന്ന് പാസായശേഷം വിവിധ സ്ഥലങ്ങളിൽ തബ്‌ലീഗിനുപോയി. ഖാദിയാനിലും വിവിധസ്ഥലങ്ങളിലും തഅ്‌ലീം, തർബിയ്യത്ത് ഉത്തരവാദിത്വങ്ങൾ അദ്ദേഹത്തെ ഏൽപ്പിച്ചിരുന്നു. വളരെ ആത്മാർഥമായി ജോലി ചെയ്യുന്ന ആളായിരുന്നു. തബ്‌ലീഗിലും നല്ല പ്രാവീണ്യമുണ്ടായിരുന്നു. അദ്ദേഹം മുഖേന ഖാദിയാനിൽ മൂന്ന് ക്രിസ്ത്യാനികളും അനഹ്മദികളും ജമാഅത്തിൽ പ്രവേശിക്കുകയുണ്ടായി. അവരിൽ 2 പേർ അല്ലാഹുവിന്റെ അനുഗ്രഹത്താൽ മൂസികളാണ്. അതായത് ജമാഅത്തിൽ പ്രവേശിക്കുക മാത്രമല്ല, നന്മയിൽ മുന്നേറുന്നവരുമാണ്.അദ്ദേഹത്തിന്റെ സന്തപ്തകുടുംബത്തിൽ ഭാര്യയ്ക്കു പുറമെ ഒരു മകനും രണ്ട് പെൺമക്കളുമുണ്ട്. മകൻ ജാമിഅ പാസായി മുറബ്ബി ആയിരിക്കുന്നു.

അല്ലാഹു എല്ലാ പരേതാത്മക്കളുടേയും പദവികൾ ഉയർത്തുമാറാകട്ടെ. കാരുണയും പൊറുമയും നൽകുമാറാകട്ടെ. സന്താനങ്ങൾക്കും അവരുടെ നന്മകൾ തുടരാൻ തൗഫീഖ് ലഭിക്കുമാറാകട്ടെ. അവരുടെ ആഗ്രഹങ്ങൾ പ്രകാരം അവരുടെ മക്കളുടെ തർബിയത്ത് ചെയ്യുമാറാകട്ടെ. അവരെ ഖിലാഫത്തിന്റെ ശരിയായ സുൽത്വാൻ (സഹായി) ആക്കുമാറാകട്ടെ. അവരിൽ ചില കുട്ടികൾ ജീവിതം വഖ്ഫ് ചെയ്തവരുമുണ്ട്. അല്ലാഹു കരുണയും കൃപയും ചെയ്യുമാറാകട്ടെ. ഞാൻ പറഞ്ഞതുപോലെ ഇൻശാ അല്ലാഹ്, ജുമുഅയ്ക്കുശേഷം ഇവരുടെ ജനാസ നമസ്കരിപ്പിക്കുന്നതാണ്.

(വിവർത്തനം: എച്ച്. ശംസുദ്ദീൻ, കാവശ്ശേരി, ടൈപ്പ്സെറ്റിംഗ്: ഹാശിം അശ്റഫ്, ആലപ്പുഴ)

AL ISLAM
Al Islam - Official website of Ahmadiyya Muslim Community

(പേജ് 2ൽനിന്ന്)

ന്നവനാണെന്ന് തെളിഞ്ഞാൽ ഈ ലോകത്ത് എന്റെ പേരിലുള്ള സ്വത്തുവകകളെല്ലാം പാതിരിമാർക്കും പണ്ഡിറ്റുമാർക്കും നല്കുന്നത് എനിക്ക് സമ്മതമായിരിക്കും. ഇനി അവർ കള്ളം പറയുന്നവരാണെന്ന് തെളിഞ്ഞാൽ ഇസ്‌ലാം സ്വീകരിക്കണമെന്നതല്ലാതെ ഒരു നിബന്ധനയും എനിക്കില്ല. ഇക്കാര്യം ഞാനെന്റെ മനസ്സിൽ ഉറപ്പിച്ചുവെച്ചിരിക്കുകയാണ്. ആത്മാർഥമായാണ് ഞാനിത് വിവരിച്ചിട്ടുള്ളത്. പ്രതാപവാനായ അല്ലാഹുവിനെ സത്യം ചെയ്തുപറയുന്നു, ഞാൻ ഈ പോരാട്ടത്തിന് തയ്യാറാണ്. വിജ്ഞാപനമിറക്കാൻ സന്നദ്ധനാണെന്ന് മാത്രമല്ല, 12000 വിജ്ഞാപനങ്ങൾ ഞാൻ ഇതുസംബന്ധമായി പ്രസിദ്ധീകരിച്ചുകഴിഞ്ഞിട്ടുമുണ്ട്. എന്നല്ല ഞാൻ പറഞ്ഞ് പറഞ്ഞ് ക്ഷീണിച്ചിരിക്കുകയാണ്. ഒരു പണ്ഡിറ്റും പാതിരിയും സദുദ്ദേശ്യത്തോടെ മുന്നിൽ വന്നില്ല. എന്റെ സത്യതയ്ക്ക് ഇതിനേക്കാളുപരി എന്തു തെളിവാണ് വേണ്ടത്. ഞാൻ ഈ പോരാട്ടത്തിന് എപ്പോഴും സന്നദ്ധനാണ്. എനിക്കെതിരിൽ എന്തെങ്കിലും അടയാളം കാണിക്കാൻ നിങ്ങൾക്ക് കഴിയില്ലെങ്കിൽ അത്തരം പണ്ഡിറ്റോ പാതിരിയോ താൻ ഏകപക്ഷീയമായി ഏതെങ്കിലും അത്ഭുതദൃഷ്ടാന്തം കാണാൻ സന്നദ്ധനാണെന്നും ദിവ്യദൃഷ്ടാന്തം വെളിപെടുകയും തനിക്കതിനെ നേരിടാൻ കഴിയാതെ വരികയുമാണെങ്കിൽ ഉടനെ ഇസ്‌ലാം സ്വീകരിക്കുന്നതായിരിക്കുമെന്നും ഈ പദ്ധതി തനിക്ക് സമ്മതമാണെന്നും പത്രത്തിലൂടെ മാത്രം പ്രസിദ്ധീകരിച്ചാൽമതി. മുസ്‌ലിമിംകളിലുള്ള ആരെങ്കിലും തന്റേടം കാണിക്കുകയും ആരെയാണോ കാഫിറെന്നും നിർമതനെന്നും പറയുകയും ദജ്ജാലെന്ന് പേരിട്ട് വിളിക്കുകയും ചെയ്യുന്നത് അത് ഏതെങ്കിലും പാതിരിക്കെതിരിൽ പരീക്ഷിച്ചുനോക്കുക; നിങ്ങൾ വെറും തമാശ കണ്ടുകൊണ്ടിരുന്നാൽമതി.

5. എന്റെ കശ്ഫുപരവും വെളിപാടുപരവുമായ ജ്ഞാനങ്ങളിൽ മുസ്‌ലിമീങ്ങളുടെമേൽ ഞാൻ വിജയിയാണെന്ന് എനിക്ക് അറിയിപ്പ് നല്കപ്പെട്ടിരിക്കുന്നു എന്നതാണ് ഈ വിനീതന്റെ സത്യതയ്ക്കുള്ള അഞ്ചാമത്തെ അടയാളം. വെളിപാടുണ്ടെന്ന് വാദിക്കുന്ന അവരിലെ ആളുകൾ എനിക്കെതിരിൽ എന്നെ നേരിടാൻ വരേണ്ടതാണ്. എന്നിട്ട് ദൈവസഹായത്തിലും ദൈവികാനുഗ്രഹത്തിലും ദൈവദൃഷ്ടാന്തങ്ങളിലും എന്നെ അതിജയിക്കുകയാണെങ്കിൽ അവർക്കെന്നെ അറുത്തിടാവുന്നതാണ്. അതെനിക്ക് സമ്മതവുമാണ്. ഇനി എന്നെ നേരിടാൻ കഴിവില്ലെങ്കിൽ, കുഫ്ർ ഫത്‌വ നല്കുന്നവർ, ഇൽഹാമുപരമായി അവരാണ് എന്റെ സംബോധിതർ, ആരെ നേരിടാനുള്ള ദൈവികബോധനമാണോ എനിക്കുണ്ടായിട്ടുള്ളത്, അവർ ആദ്യം എന്തെങ്കിലും ദിവ്യദൃഷ്ടാന്തം കണ്ടാൽ ഒരു മടിയും കൂടാതെ എന്റെ വാദം സ്വീകരിക്കുന്നതാണെന്നും അതിന് താൻ ഹാജരാണെന്നും എനിക്കെഴുതുക. എന്റെ കരുണാമയനായ അല്ലാഹു എന്നോടൊപ്പമുണ്ട്. പക്ഷേ, അത്തരം മത്സരം സത്യനിഷേധികളുടെ നേതാക്കന്മാരുമായി നടത്തണമെന്നും അവർ ആഗ്രഹിക്കുകയാണെങ്കിൽ ഈ മത്സരം അവരുമായി നടത്തണമെന്നുമാണ് എനിക്കുള്ള കല്പന. എന്നാൽ, ഓർമിച്ചുകൊള്ളുക! അവർ ഒരിക്കലും മത്സരിക്കുകയില്ല. അവരുടെ മനസ്സുകളിൽ യാഥാർഥ്യത്തിന്റെ ആദരയുക്തമായ ഭയമുണ്ട്. തങ്ങളുടെ അക്രമത്തേയും ബലാൽക്കാരത്തേയും അവർക്ക് നല്ലവണ്ണം അറിയാം. അവർ ഒരിക്കലും മത്സരിക്കാൻ വരികയില്ല. എന്നാൽ, എന്റെ ഭാഗത്തുനിന്ന് അടുത്തുതന്നെ 'ദാഫിഉൽ വസാവസ്' എന്ന ഗ്രന്ഥത്തിൽ അവരുടെ നാമം പ്രസിദ്ധീകരിക്കുന്നതായിരിക്കും.

ഇനിയുള്ളത് ജനങ്ങളിൽ ഒറ്റപ്പെട്ട് കഴിയുന്നവരാണ്. അവർ ഇമാമിന്റേയും പണ്ഡിതന്മാരുടേയും അറിവുള്ളവരല്ല. അവർക്ക് ഫത്‌വയുമില്ല. അവരെ സംബന്ധിച്ച് എനിക്കുള്ള കല്പന അവർ ദിവ്യദൃഷ്ടാന്തം കാണാനാഗ്രഹിക്കുന്നെങ്കിൽ കൂടെവന്ന് താമസിക്കുക. അല്ലാഹു പരാശ്രയരഹിതനാണ്. ഒരാളിൽ വിനയവും വണക്കവും കാണുന്നില്ലെങ്കിൽ അവനിലേക്ക് അല്ലാഹു നോക്കുകയില്ല. പക്ഷേ, അവൻ ഈ വിനീതനെ നഷ്ടപ്പെടുത്തുകയില്ല. അവൻ തന്റെ തെളിവ് ലോകത്തിനുമേൽ പൂർത്തിയാക്കുന്നതായിരിക്കും. അധികം താമസിയാതെ അവൻ തന്റെ അടയാളം കാണിക്കുന്നതായിരിക്കും. പക്ഷേ, അടയാളങ്ങൾ കാണുന്നതിനു മുമ്പേ സ്വീകരിക്കുന്നവനാണ് അനുഗൃഹീതൻ. അവർ അല്ലാഹുവിന്റെ പ്രിയപ്പെട്ട ദാസരാണ്. അവർ സത്യസന്ധരാണ്. അവരിൽ വഞ്ചനയില്ല. അടയാളം ചോദിക്കുന്നവർ, അടയാളമൊന്നും ആവശ്യപ്പെടാതെ തെളിവുകൾകൊണ്ട് വിശ്വസിച്ച ആ മഹാത്മാക്കൾക്കുണ്ടായ ദൈവികതൃപ്തിയും അവന്റെ ഇഷ്ടവും തങ്ങൾക്ക് കരസ്ഥമായില്ലെന്നു പറഞ്ഞ് ദുഃഖത്താൽ തങ്ങളുടെ കൈകൾ മുറിക്കുന്നതായിരിക്കും.

അതിനാൽ അല്ലാഹു ഈ ജമാഅത്തിനെ തെളിവില്ലാതെ ഉപേക്ഷിച്ചുകളയുകയില്ലെന്ന കാര്യം ഓർമവെക്കാൻ പറ്റിയതാണ്. അവൻ പറഞ്ഞത് ബറാഹീനെ അഹ്മദിയ്യായിലുണ്ട്: 'ലോകത്ത് ഒരു താക്കീതുകാരൻ വന്നു. എന്നാൽ, ലോകം അദ്ദേഹത്തെ സ്വീകരിച്ചില്ല. പക്ഷേ, അല്ലാഹു അയാളെ സ്വീകരിക്കുകയും ശക്തിമത്തായ ആക്രമണങ്ങളാൽ അദ്ദേഹത്തിന്റെ സത്യത വെളിപ്പെടുത്തുകയും ചെയ്യും. ആരാണോ നിഷേധിച്ചത്, ആരാണോ നിഷേധിക്കാൻ സന്നദ്ധരായിട്ടുള്ളത് അവർക്ക് നിത്യതയും അപമാനവും വിധിക്കപ്പെട്ടിരിക്കുന്നു. ഈ മനുഷ്യൻ കറ്റുകെട്ടിപ്പറയുന്ന ആളാണെങ്കിൽ എന്നേ നശിച്ചൊടുങ്ങുമായിരുന്നുവെന്ന് അവർ ചിന്തിച്ചില്ല. കാരണം മറ്റാരോടുമില്ലാത്ത ശത്രുതയാണ് കെട്ടിച്ചമച്ചു പറയുന്നവനോടു അല്ലാഹുവിനുള്ളത്. ഈ വിഡ്ഢികൾ ഇതും മനസ്സിലാക്കുന്നില്ല. ഈ സ്ഥൈര്യവും തന്റേടവും ഏതെങ്കിലും പെരുങ്കള്ളനിലുണ്ടാകുമോ? ആരാണോ ഒരു അദൃശ്യ അഭയത്താൽ സംസാരിച്ചുകൊണ്ടിരിക്കുന്നത് അയാളുടെ ഭാഷണത്തിൽ ഗാംഭീര്യവും ഭയഭക്തിയും ഉണ്ടാകണമെന്നത് പ്രത്യേകമാക്കപ്പെട്ട കാര്യമാണ്. മുഴുലോകത്തേയും നേരിടാൻ തയ്യാറാകുന്ന ഒരു മനുഷ്യന്റെ കരളും ഹൃദയവുമാകുന്നു ഇത്. തീർച്ചയായും കാത്തിരിക്കുക. ആ നാൾ വരുന്നു, എന്നല്ല അടുത്തെത്തിയിരിക്കുന്നു. ശത്രു അപമാനിതനാകും. സുഹൃത്ത് അങ്ങേയറ്റം സന്തോഷത്തിലായിരിക്കും. സുഹൃത്ത് ആരാണ്? അടയാളം കാണുന്നതിനുമുമ്പേ എന്നെ സ്വീകരിച്ചവൻതന്നെ. ആയിരക്കണക്കിന് അടയാളങ്ങൾ കണ്ടിട്ടെന്നപോലെ തന്റെ ജീവനും ധനവും ആദരവും അർപണം ചെയ്തവൻതന്നെ. ഇതാണ് എന്റെ ജമാഅത്തും എന്റേതായവരും. ഞാൻ തനിച്ചാണെന്ന് അവർ കാണുകയും എന്നെ സഹായിക്കുകയും ചെയ്തു. എന്നെ ദുഃഖിതനായി കാണുകയും എന്റെ ദുഃഖത്തിൽ പങ്കുകാരാവുകയും ചെയ്തു. അറിയാത്തവരായിക്കൊണ്ട് പിന്നീട് അറിയുന്നവരെപോലെ മര്യാദ പാലിച്ചു. അവരുടെമേൽ അല്ലാഹുവിന്റെ കാരുണ്യമുണ്ടാവട്ടെ.(Ibid പേജ് 347-349)

(മൻസ്വൂർ അഹ്മദ് മസ്റൂർ)

★★★

# സയ്യിദുനാ ഹദ്റത്ത് അമീറുൽമുഅ്മിനീൻ അയ്യദഹുല്ലായുടെ യൂറോപ്യൻ പര്യടനം- 2015 ഒക്ടോബർ

വിവർത്തനം: അമീൻ മുഹമ്മദ് മാത്ര

### 2015 ഒക്ടോബർ 16 ശനിയാഴ്ച:

(കഴിഞ്ഞലക്കം തുടർച്ച....) തുടർന്ന് യാത്ര പുനരാരംഭിക്കുന്നതിന്റെ മുന്നോടിയായി ജർമനിയിൽ നിന്നു വന്ന ഖുദ്ദാം ഹുദൂറിൽ നിന്ന് ഹസ്തദാനം സ്വീകരിച്ചു.

ജർമൻ അമീർ അബ്ദുല്ലാഹ് വാഗസ് സാഹിബ്, മുബല്ലിഗ് ഇൻചാർജ് ഹയ്ദർ അലി സഫ്ർ സാഹിബ്, ജനറൽ സെക്രട്ടറി ഇൽയാസ് അഹ്മദ് മജൂക്കെ സാഹിബ്, നാഇബ് ജനറൽ സെക്രട്ടറി ജരിയുല്ലാഹ് സാഹിബ്, മുബല്ലിഗ് സിൽസില ഡോകൂർ അത്ഹർ സുബയ്ർ സാഹിബ്, അബ്ദുല്ലാഹ് സുപ്രാ സാഹിബ്, സ്വദ്ർ ഖുദ്ദാമുൽ അഹ്മദിയ്യ സെക്യൂരിറ്റി ടീം സമേതം ഹുദൂറിൽനിന്ന് ഹസ്തദാനം സ്വീകരിച്ചു സായൂജ്യരായി. 4.10-ന് ഇവിടെ നിന്ന് ഫ്രാൻസിലെ കലായിസ് (Calais)തുറമുഖത്തിലേക്ക് പുറപ്പെട്ടു. ബെൽജിയം രാഷ്ട്രത്തിലൂടെ തുടർന്നും അരമണിക്കൂർ യാത്ര ചെയ്ത് സംഘം ബോർഡർ ക്രോസ് ചെയ്ത് ഫ്രാൻസിൽ പ്രവേശിച്ചു. ഇവിടെ നിന്ന് 95 കിലോമീറ്റർ ദൂരത്താണ് കലായിസ് സ്ഥിതി ചെയ്യുന്നത്. 5.50-ന് ചാനൽ ടണലിലെത്തുകയും ജർമനിയിൽനിന്ന് അനുഗമിച്ച സെക്യൂരിറ്റി ടീം ഇവിടെ നിന്ന് ഹുദൂറിനെ യാത്രയാക്കി അനുമതിയോടെ തിരിച്ചു പോകുകയും ചെയ്തു.

പാസ്പോർട്ടും എമിഗ്രേഷനും ഇതര പേപ്പർ ക്ലിയറൻസും പൂർത്തിയാക്കിയതിന്നു ശേഷം 06.15-ന് യാത്രാ വാഹനം ട്രെയിനിൽ ബോർഡിംഗ് ചെയ്തു. ട്രെയിൻ 06.25-ന് കൃത്യസമയത്തുതന്നെ ബ്രിട്ടണിലെ സമുദ്രതീരത്തു സ്ഥിതി ചെയ്യുന്ന ഡോവർ തുറമുഖത്തേക്ക് പുറപ്പെട്ടു. അര മണിക്കൂർ യാത്രയ്ക്ക് ശേഷം ട്രെയിൻ ചാനൽ ടണൽക്രോസ് ചെയ്തു ബ്രിട്ടൺ മണ്ണിലേക്ക് പ്രവേശിക്കുകയും നിശ്ചിത സ്റ്റേഷനിൽ നിറുത്തുകയും ചെയ്തു. 10 മിനിറ്റിന്നു ശേഷം ഫ്രാൻസ് സമയമനുസരിച്ച് 07.00 മണിക്ക് യാത്രാ വാഹനങ്ങൾ ട്രെയിനിൽനിന്ന് പുറത്തു വരികയും മോട്ടർവേയില് യാത്രയാരംഭിക്കുകയും ചെയ്തു.

ആദരണീയ യു.കെ. അമീർ സാഹിബ്, യു.കെ മുബല്ലിഗ് ഇൻചാർജ്, പ്രത്യേക സാരക്ഷണ വിഭാഗം ഓഫീസർ മേജർ മഹ്മൂദ് അഹ്മദ് സെക്യൂരിറ്റി ടീമിനോടൊപ്പവും ഇതര ജമാഅത്തീ ഭാരവാഹികളും ചേർന്ന് ഹുദൂറിനെ വരവേറ്റു. ഒന്നര മണിക്കൂർ യാത്രയ്ക്കു ശേഷം 07.30-ന് വൈകുന്നേരം മസ്ജിദ് ഫള്ൽ ലണ്ടനിലെത്തി. ജമാഅത്തിലെ അഹ്മദിസ്ത്രീകളും പുരുഷന്മാരും കുട്ടികളും തങ്ങളുടെ പ്രിയ ഇമാമിന്ന് സ്വാഗതമോതി.

ഹുദൂർ എല്ലാവരോടുമായി കൈയുയർത്തി അസ്സലാമു അലയ്ക്കും പറഞ്ഞു. ശേഷം താമസ സ്ഥലത്തേക്കുപോയി. ഇപ്രകാരം ഹുദൂറിന്റെ ചരിത്ര പ്രാധാന്യമുള്ള ഈ അനുഗ്യഹീത യാത്ര പര്യവസാനിച്ചു. അൽഹംദു ലില്ലാഹി അലാ ദാലിക്. (ബദ്ർ ഉർദു വീക്കിലി, 10-12-2015)

(2019 ജൂലായിലെ ഹദ്റത്ത് അമീറുൽ മുഅ്മിനീന്റെ പര്യടന റിപ്പോർട്ടിന്റെ തുടർച്ചയ്ക്ക് ബദ്ർ ഉർദു ആഴ്ചപ്പതിപ്പിന്റെ 2019 ആഗസ്റ്റ് 15-22 ലക്കം നോക്കുക)

### 2019 ജൂലൈ 06 ശനിയാഴ്ച:

ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹ് 4.15-ന് ജൽസാ ഗാഹിൽ സുബ്ഹി നമസ്കാരത്തിനു നേതൃത്വം നല്കി.

രാവിലെ ഹുദൂർ വിവിധ ഓഫീസ് സംബന്ധമായ പ്രവർത്തനങ്ങളിൽ മുഴുകി. ലജ്നാ ജൽസാ ഗാഹിൽ ഇന്ന് ഹുദൂറിന്റെ പ്രഭാഷണ ദിവസമായിരുന്നു. ലജ്നാ ജൽസാ ഗാഹിൽ രാവിലെത്തെ സെഷൻ ഹദ്റത്ത് ബീഗം സാഹിബ മദ്ദുല്ലിഹായുടെ അധ്യക്ഷതയിൽ 10 മണിക്ക് തുടങ്ങി. 11.45 വരെ പരിപാടി നടന്നു. ഖുർആൻ പാരായണം, അതിന്റെ പരിഭാഷ, നസം, അറബി ഖസീദ, 4 പ്രസംഗങ്ങൾ തുടങ്ങിയവയാണ് ഈ സെഷനിൽ നടന്നത്. 3 പ്രസംഗങ്ങൾ ഉർദുവിലും ഒരെണ്ണം ജർമൻ ഭാഷയിലുമായിരുന്നു.

ഉച്ചക്ക് 12.00 മണിക്ക് ഹുദൂർ ലജ്നാ ജൽസാ ഗാഹിലെത്തി. നാളിമാ അഅ്‌ലാ, സ്വദ്ർ ലജ്നാ ജർമനി തന്റെ നാഇബ് നാളിമാത്തെ അഅലായോടൊപ്പം ഹുദൂറിനെ സ്വീകരിച്ചു. ലജ്നാ അംഗങ്ങൾ ആവേശഭരിതരായി മുദ്രാവാക്യങ്ങൾ മുഴക്കി തങ്ങളുടെ പ്രിയപ്പെട്ട നേതാവിന് വരവേറ്റു. യോഗ പരിപാടി അസീസ ദുർറെ അജം ഹേവേശ് സാഹിബയുടെ ഖുർആൻ പാരായണത്തോടെ ആരംഭിച്ചു. അതിന്റെ ഉർദു, ജർമൻ തർജമ അവതരിപ്പിച്ചു. അതിനു ശേഷം ആഇശാ സൻദസ് സാഹിബ വാഗ്ദത്ത മസീഹിന്റെ

*ഇക് ന ഇക് ദിൻ പേശ് ഹോഗ*
*തൂ ഫനാ കെ സാമ്നേ*
*ചൽ നഹീ സക്തി കിസീ കി*
*കുച്ച് ഖദാ കെ സാമ്നേ*

എന്നാരംഭിക്കുന്ന പദ്യം ആലപിച്ചു.

തുടർന്ന് വിദ്യാഭ്യാസ രംഗത്ത് ഉന്നത വിജയം കരസ്ഥമാക്കിയ 47 വിദ്യാർഥിനികൾക്ക് സർട്ടിഫിക്കറ്റുകളും മെഡലുകളും നല്കി. ഹദ്റത്ത് ബീഗം സാഹിബയാണ് മെഡലുകൾ വിദ്യാർഥിനികളുടെ കഴുത്തിലണിയിച്ചത്. അവർഡ് നേടിയ ഈ ഭാഗ്യവതികളുടെ പേരുകൾ ചുവടെ ചേർക്കുന്നു:

ശബാന അഹ്മദ് (ജർമനി)-(Consultant as General Practitioner)
റാഹത്തുൽ ഇസ്‌ലാം (ജർമനി)-(Phd in Dentistry)
ഫായിസാ നിയാസി ചൗദരി(ജർമനി)-(2nd State Examination in Teaching)
നായിലാ ജാവേദ്(ജർമനി)-(State Examination in Human Medicine)
ദുറെ അജീബ് ഹവേശ്(ജർമനി)-(2nd State Examination in Teaching)
മാരിയാ അബ്ബാസ്(ജർമനി)-(2nd State Examination in Teaching)
മസൂറ സബാഹത്ത് ഭട്ടി(ജർമനി)-(2nd State Examination in Teaching)
ഹുദാ സേർവി(ജർമനി)-(1st State Examination in Teaching)
Zonara Ullah Wahla (ജർമനി)-(1st State Examination in Teaching)
സ്വാലിഹ സബാഹത്ത് മീർ (ജർമനി)-(Magister Artium in Literature)
നായാബ് മുബശ്ശിർ ഗോൻദൽ(ജർമനി)-(Master of Arts in Sociology)
ത്വാഹിറല്ലാഹ്(ജർമനി)-(Master of Science in Geography)
മഹോശ് അഹ്മദ് അൻവർ(ജർമനി)-(Master of Science in Cell and Molecular Biology)
അനീല അഹ്മദ്(ജർമനി)-(Master of Arts in Islamic Studies)
അദീല ഥനാ(ജർമനി)-(Master of Science in Molecular Medicine)
മഹോശ് ഇഫ്തിഖാർ(ജർമനി)-(Master of Science in Life and Medical Science)
ഫരീഹ നാസിർ ബട്ട്(ജർമനി)-(Master of Laws in Economic Law)
നൂരിയ്യ അൻജും(ജർമനി)-(Master in Engineering in Civil Engineering)
അനീസ ഹയാത്ത്(ജർമനി)-(Master of Science in Industrial Engineering)
ഊഫീശാൻ മലിക്(ജർമനി)-(Master of Science in EconomicPadagogy)
ഹിബ്ബത്തുൽ ഹബീബ് നാസിർ (ജർമനി) -(Master of Arts in Leadership in the creative Industries)
സയ്യിദ് സബാഹുന്നൂർ ശോൽതസ്(ജർമനി) -(Diploma in Personal Specialist)
സോഹ ബാബർ(ജർമനി)-(Bachelor of Arts in international Business Management)
താബൻദ ഖാൻ(ജർമനി)-(Bachelor of Arts in Social Work)
അൻഅം ബേഗ്(ജർമനി)-(Bachelor of Arts in Educational Science)
ഥനാ ഹ്യൂബ്ശ്(ജർമനി)-(Bachelor of Arts in Sociology)
വഫാ നാസിർ ബട്ട്(ജർമനി)-(Bachelor of Arts in Architecture)
അനീല രിളാ അഹ്മദ്(ജർമനി)-(Bachelor of Arts in Psychology&Philology)
നിദാ റാണാ അബ്ബാസി(ജർമനി)-(Bachelor of Arts in Social Work)
സ്വായിമ മലിക്(ജർമനി)-(Bachelor of Arts in Educational Science)
ഹിബ പാക് തുർക്(ജർമനി)-(Bachelor of Arts in Islamic Science)
കാശിഫ ബട്ട്(ജർമനി)-(Bachelor of Arts in International Management)
താബൻദ മൻസൂർ ലോൺ(ജർമനി)-(Bachelor of Arts in History)
നിദാ അഹ്മദ് ഹുബ്ശ്(ജർമനി)-Bachelor of Science in History
ആലിയ യൂസുഫ്(ജർമനി)-(A-Levels)
അമത്തുർറഫീഖ്, (സ്വിറ്റ്സർലാന്റ്)-(Bachelor of Law in Economics)
ആയിശ സൻദാസ്(ജർമനി)-(BS Electrical Engineering in Electrical Engineering)
സാഇറ ജബ്ബാർ(ജർമനി)-(Bachelor of Engineering in Electrical Engineering)
റുമാന കൻവൽ(ജർമനി)-(M.Sc Honours in Food Technology)
ബാരീര ത്വാഹിർ(ജർമനി)-(BS Hons in Psychology)
ഫയ്സാന നയീം(പാക്കിസ്താൻ)-(BS Software Engineering in Software Engineering)
സബാ അഹ്മദ്(പാക്കിസ്താൻ)-(BS in Hons Statistics)
അതിയ്യത്തുൽ ഹബീബ്(ജർമനി)-(Bachelor of Buisness Adminstration)
റാളിയ ഹമീദ്(കനഡ)
Nawaziest Ul Bushra (പാക്കിസ്ഥാൻ)-O Level)
ലായിലാൻ അഹ്മദ് ഖാലിദ്(പാക്കിസ്താൻ)-O Level)
മർഹൂമ സഅ്ദിയ്യ ഫാഖിറ(പാക്കിസ്താൻ)-(MA in Mass Communication)(ഇവരുടെ അവാർഡ് പിതാവ് പുരുഷന്മാരുടെ ജൽസാഗാഹിൽനിന്നാണ് വാങ്ങിയത്)

അവാർഡ് വിതരണത്തിനുശേഷം 12.30-ന് ഹുദൂറിന്റെ പ്രഭാഷണം ആരംഭിച്ചു.

**ഹുദൂർ അയ്യദഹുല്ലായുടെ പ്രഭാഷണം.**

തശഹ്ഹുദ്, തഅവ്വുദ്, സൂറ ഫാത്തിഹ ഓതിയതിന്നു ശേഷം ഹുദൂർ നഹ്ൽ എന്ന അധ്യായത്തിലെ 98-ാം വചനവും തൗബ എന്ന അധ്യായത്തിലെ 112-ാം വചനവും പാരായണം ചെയ്തു. തുടർന്നു പറഞ്ഞു:

ഞാനോതിയ ആദ്യത്തെ വചനത്തിൽ അല്ലാഹു പറയുന്നു: പുരുഷനോ സ്ത്രീയോ ആരായാലും സത്യവിശ്വാസിയായുംകൊണ്ട് സൽപ്രവൃത്തി ചെയ്യുന്നതായാൽ തീർച്ചയായും അയാളെ നാം നല്ല നിലക്ക് ജീവിപ്പിക്കും. അവർ പ്രവർത്തിച്ചു കൊണ്ടിരുന്നതിൽ ഏറ്റവും നല്ലതനുസരിച്ച് നാം അവർക്ക് നിശ്ചയമായും അവരുടെ പ്രതിഫലം നല്കുന്നതുമാണ്.

സ്ത്രീകൾക്കും പുരുഷന്മാർക്കും അവരുടെ പ്രവർത്തിക്കു പ്രതിഫലം നല്കുമെന്ന നീതിയാണ് ഉന്നതനായ ദൈവത്തിന്റേത്. ചില കാര്യങ്ങൾ പുരുഷന്മാരുടെ മേൽ നിർബന്ധമാണ്. അഥവാ അവരുടെ സാഹചര്യങ്ങൾക്കനുസരിച്ച് അനിവാര്യമാണ്. അല്ലാഹു നമുക്കു നമ്മുടെ കടമകളും ഉത്തരവാദിത്വങ്ങളും വ്യക്തമാക്കിത്തന്നു. ഇസ്ലാമിക സമൂഹത്തിൽ സ്ത്രീകളുടേത് എന്തെല്ലാമാണെന്നും പുരുഷന്മാരുടേത് എന്തെല്ലാമാണെന്നും വ്യക്തമാക്കുകയും ചെയ്തു. ഇതൊരു നീണ്ട ലിസ്റ്റാണ്. ഈ സമയത്ത് അത് വിവരിക്കാൻ സാധിക്കുകയില്ല. ഉദാഹരണത്തിന് നമസ്കാരംതന്നെ എടുക്കുക. അത് നിർബന്ധമായ സാഹചര്യം ഒഴിച്ച് അവർ മസ്ജിദിൽ പോയി ജമാഅത്തായി നമസ്കരിക്കണമെന്ന ഉത്തരവാദിത്വം പുരുഷന്മാരുടെ മേൽ വെച്ചു. എന്നാൽ സ്ത്രീകൾക്ക് ഇത് നിർബന്ധമല്ല. ഏതു വരെ എന്നാൽ ജുമുഅക്കും മസ്ജിദിൽ പോകൽ പുരുഷന്മാർക്ക് നിർബന്ധമായതുപോലെ സ്ത്രീകൾക്ക് നിർബന്ധമില്ല. പുരുഷന്മാർ ജമാഅത്തായി നമസ്കരിക്കുമ്പോൾ അവർക്ക് ഇരുപത്തേഴ് മടങ്ങ് അധികം പ്രതിഫലം നല്കപ്പെടുമെന്ന് പറയുമ്പോൾ, സ്ത്രീകൾ ജമാഅത്തായി നമസ്കരിച്ചാൽ അവർക്ക് ഇരുപത്തേഴ് മടങ്ങ് അധികമുള്ളത് നിഷേധിക്കപ്പെടുമെന്നോ നല്കപ്പെടാതിരിക്കുമെന്നോ അതിന് അർഥമില്ല. മറിച്ച് അല്ലാഹു പറയുന്നത്, ഓരോരുത്തർക്കും അവരുടെ സാഹചര്യത്തിനനുസ്സരിച്ചുള്ള പ്രവൃത്തിയാണുള്ളത്. അവർ ഈ പ്രവൃത്തികൾ ചെയ്താൽ പുരുഷനായാലും സ്ത്രീയായാലും അവരുടെ പ്രതിഫലം നല്കുന്നതായിരിക്കും. സ്ത്രീകൾ വീടുകളിൽ നമസ്കരിക്കുക എന്നതും സ്വന്തം വീടിന്റെ ഉത്തരവാദിത്വങ്ങൾ നിർവഹിക്കുക എന്നതും പുരുഷന്മാർക്ക് ലഭിക്കുന്ന പ്രതിഫലത്തിനു സമമായ നിലയിൽ അവരെ അർഹരാക്കുന്നു. അതുകൊണ്ടു തന്നെയാണ് നബി(സ)തിരുമേനി ഒരിക്കൽ ഒരു സ്ത്രീയോട് പറയുകയുണ്ടായതും; 'സ്വന്തം വീടുകൾ സംരക്ഷിക്കുകയും കുട്ടികൾക്ക് ശിക്ഷണം നല്കുകയും ചെയ്യുക എന്നത്, ഒരു പുരുഷൻ ഇസ്ലാമിന്റെ വഴിയിൽ ശാരീരികമായും സാമ്പത്തികമായും ത്യാഗം ചെയ്യുമ്പോൾ അയാൾക്ക് ലഭിക്കുന്ന പ്രതിഫലത്തിന് സമമായ നിലയിൽ അവരെ അർഹയാക്കുന്നു.'

സ്ത്രീകൾ അവരിൽ അർപിതമായ ഉത്തരവാദിത്വവും പുരുഷന്മാർ അവരിൽ അർപിതമായ ഉത്തരവാദിത്വവും നിർവഹിക്കുകയാണെങ്കിൽ ഇരുവരും അല്ലാഹുവിനോടുള്ള ഭയവും തൃപ്തിയും മുന്നിൽ വെച്ചാണ് അത് ചെയ്യുന്നതെങ്കിൽ അവരുടെ ഇഹലോകജീവിതം പരിശുദ്ധമായിരിക്കും. അല്ലാഹുവിന്റെ കൽപനയനുസരിച്ച് നടന്ന കാരണത്താൽ അവന്റെ തൃപ്തി കരസ്ഥമാക്കുന്നവരായിരിക്കും. പരലോകത്തും അവരുടെ പ്രവർത്തനത്തിന് അനുസരിച്ചുള്ള പ്രതിഫലം നല്കപ്പെടുന്നതാണ്. ഇവിടെ ഈ വചനത്തിൽ ഇസ്ലാം പുരുഷന്റേയും സ്ത്രീയുടേയും അവകാശങ്ങൾ അംഗീകരിച്ചിരിക്കുകയാണ്. സ്ത്രീകളോടും പുരുഷന്മാരോടും അവരുടെ പ്രവർത്തിക്കനുസൃതമായ പ്രതിഫലം നല്കുന്നതാണെന്ന് പറഞ്ഞിരിക്കുന്നു. മറുഭാഗത്ത് സ്വന്തം സാഹചര്യങ്ങളും പ്രവർത്തനങ്ങളും ദൈവത്തിന്റെ അധ്യാപനമനുസരിച്ച് മാറ്റാനും ശ്രദ്ധ ക്ഷണിക്കുന്നു. അല്ലാഹുവിനോടുള്ള ഭയവും സന്തോഷവും തൃപ്തിയും നിലനിറുത്തിക്കൊണ്ടും സ്വന്തം ഉത്തരവാദിത്വങ്ങൾ മനസ്സിലാക്കിയും പ്രവർത്തിക്കേണ്ടതാണ്.

ഇസ്ലാം സ്ത്രീകളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നില്ലെന്ന ഇതരരുടെ വിമർശനത്തെ ഈ വചനം നിരാകരിക്കുന്നു. ബാഹ്യദൃഷ്ട്യാ തങ്ങളുടെ പ്രവർത്തനങ്ങൾ പുരുഷന്മാരുടെ പ്രവർത്തനങ്ങളേക്കാൾ അധ്വാനത്തിലും കഷ്ടപ്പാടിലും കുറവാണെങ്കിലും സൽപ്രവർത്തനം കാഴ്ചവെക്കുന്ന സ്ത്രീകൾക്ക് ഇഹലോകത്ത് അല്ലാഹുവിന്റെ തൃപ്തിയെ കുറിച്ചുള്ള സുവാർത്ത നല്കുകയും തന്റെ അനുഗ്രഹങ്ങൾ നല്കുമെന്ന് വിളംബരപ്പെടുത്തുകയും ചെയ്യുക മാത്രമല്ല ഇസ്ലാം ചെയ്യുന്നത് പ്രത്യുത, സ്വന്തം ഉത്തരവാദിത്വങ്ങൾ അല്ലാഹുവിന്റെ തൃപ്തി കാംക്ഷിച്ച് നിർവഹിക്കുന്നവർക്ക് മരണശേഷം മഹത്തായ പ്രതിഫലം നല്കുന്നതാണെന്നും വിളംബരപ്പെടുത്തുന്നു. സ്ത്രീ പുരുഷന്മാർക്ക് സമമായ അവകാശങ്ങൾ നല്കുന്നില്ലെന്ന ആക്ഷേപം ഉന്നയിക്കുന്നവരുടെ വിവരക്കേടാണ് ഇവിടെ വ്യക്തമാക്കുന്നത്. ഭൗതികമായി പുരോഗതി നേടിയ സമൂഹത്തിന്റെ നാമമാത്രമായ സ്വാതന്ത്ര്യത്തിൽ വശംവദരായി ഏതെങ്കിലും തരത്തിലുള്ള അപകർഷതാബോധത്തിൽ പെട്ടു ഇസ്ലാമിന്റെ സത്യതയെ കുറിച്ചും ഇസ്ലാമിലുള്ള സ്വന്തം അവകാശത്തെ കുറിച്ചും ചിന്താകുലരാകുകയും ചെയ്യുന്ന അമുസ്ലിമീങ്ങളുടെ വിവരക്കേടിനെക്കാൾ വലുതാണ് ഇവരുടേത്. അഥവാ സ്ത്രീകളും പഠിതാക്കളായ യുവതി യുവാക്കളും, പ്രത്യേകിച്ചും യുവതികളുടെ കാര്യമാണ് ഞാൻ പറയുന്നത് ഇസ്ലാം തങ്ങൾക്ക് നല്കേണ്ട അവകാശങ്ങൾ തന്നിട്ടുണ്ടോ എന്ന കാര്യത്തിൽ ചിന്താകുലരായിരിക്കുന്നു എന്ന് പറയാവുന്നതാണ്.

ഇസ്ലാമിൽ സ്ത്രീകൾക്ക് അവകാശങ്ങളില്ലെന്ന പ്രശ്നം സ്വന്തക്കാരുടേയോ ഇതരരുടേയോ മനസ്സിൽ ഉയരുന്നുണ്ടെങ്കിൽ അതിന്റെയർഥം അവർക്ക് ഇസ്ലാമിന്റെ മനോഹര അധ്യാപനത്തെ കുറിച്ച് ഒരു വിവരവും ഇല്ലെന്നാണ്. ദീൻ എന്താണെന്ന് ലോകത്തിനു പറഞ്ഞുകൊടുക്കേണ്ട ബാധ്യത ഇന്ന് ഓരോ അഹ്മദിയുടേതുമാണ്. നമ്മുടെ അവകാശങ്ങളും ഉത്തരവാദിത്വങ്ങളുമെന്താണ്? പ്രവാചകന്മാർ ലോകത്തു വരുന്നത് ദൈവവുമായി മനുഷ്യരെ അടുപ്പിക്കാനാണ്. മതം ഇഹലോക ജീവതത്തെ കുറിച്ചും മരണത്തിനുശേഷമുള്ള എന്നെന്നും നിലനില്ക്കുന്ന ജീവിതത്തെ കുറിച്ചും പ്രതിപാതിക്കുന്നു. ഒരു ഭൗതികൻ കേവലം ഇഹലോക ജീവിതത്തെ മാത്രം തന്റെ ജീവിത ലക്ഷ്യമായി മനസ്സിലാക്കുന്നു. അതുകൊണ്ട് ഇക്കാര്യം ഓരോ അഹ്മദി സ്ത്രീയും പുരുഷനും ആൺകുട്ടികളും പെൺകുട്ടികളുമാണ് ലോകത്തിന്റെ മുമ്പിൽ വെക്കേണ്ടത്. സമ്പൂർണ ശരീഅത്തായ ഇസ്ലാം സ്ത്രീക്കും പുരുഷനും അവരവരുടേതായ അവകാശങ്ങളും കടമകളും ഉത്തരവാദിത്വങ്ങളും എന്താണെന്ന് വിവരിച്ചിട്ടുണ്ട്. അതനുസരിച്ച് പ്രവർത്തിച്ചുകൊണ്ട് നാം അല്ലാഹുവിന്റെ തൃപ്തി നേടേണ്ടതാണ്. അവയെ നമ്മൾ ജീവിതത്തിന്റെ ഭാഗമാക്കേണ്ടതാണ്. നിർമതരായവരുടേയോ ലൗകികരുടേയോ സ്വാധീനത്തിൽ കുടുങ്ങരുത്. എന്നു മാത്രമല്ല, അവർക്ക് മതത്തിന്റെ യാഥാർഥ്യത്തെ കുറിച്ച് വ്യക്തമാക്കി കൊടുക്കുകയും വേണം. അവരെ ദൈവത്തോട് അടുപ്പിക്കേണ്ടതാണ്. അവരുടെ വിവരമില്ലായ്മയെ അടയാളപ്പെടുത്തുകയും നമ്മൾ അഹ്മദീ മുസ്ലിമീങ്ങൾ നേർമാർഗത്തിലാണെന്നും മതത്തെ കുറിച്ചും ദൈവത്തെ കുറിച്ചുമുള്ള നമ്മുടെ വീക്ഷണം ശരിയാണെന്നും നിങ്ങൾ അബദ്ധത്തിലാണെന്നും അവരോടു പറയണം.

ഈയൊരു വിചാരത്തോടുകൂടിയാണ് നമ്മൾ നമ്മുടെ ജീവിതത്തെ നയിക്കേണ്ടത്. ദൈവത്തിന്റെ കൽപനകളോട് നമ്മൾ നമ്മെ വിധേയപ്പെടുത്തേണ്ടതാണ്. ഇസ്ലാമിന്റെ സുന്ദരമായ അധ്യാപനത്തെ കുറിച്ച് ലോകത്തിന് ബോധ്യപ്പെടുത്തികൊടുക്കേണ്ടതാണ്. ഇതുണ്ടാകുമ്പോഴാണ് നമ്മൾ യഥാർഥ അഹമദികളെന്ന് വിളിക്കപ്പെടുക. അപ്പോൾ മാത്രമേ ഈ ജൽസയുടെ ഫലം പ്രാപ്തമാക്കാൻ കഴിയൂ. ഇതുപോലെ നിങ്ങൾ മീറ്റിംഗ് നടത്തുക. ശിക്ഷണപരമായ പരിപാടികളും സംഘടിപ്പിക്കുക. ഇത്രപേർ പങ്കെടുത്തതിൽ മാത്രം സന്തോഷിച്ച് ഇരിക്കരുത്. കാലത്തിന്റെ ഖലീഫ നമ്മളോട് പറഞ്ഞ കാര്യങ്ങൾ നിഷ്ഫലമായിപോകാതെ നോക്കുക. സാന്ദർഭികമായ ആവേശം നിഷഫലമാണ്. പ്രസംഗകരുടെ ചില കാര്യങ്ങൾ ഇവിടെ നിങ്ങളെ സാന്ദർഭികമായി ആവേശഭരിതരാക്കിയേക്കാം. ഒരു പ്രത്യേക താൽപര്യത്തോടും ശ്രമത്തോടുംകൂടി ഇക്കാര്യങ്ങൾ സ്വന്തം ജീവിതത്തിന്റെ ഭാഗമാക്കുന്നതുവരെ ഈ സാന്ദർഭിക വികാരാവേശങ്ങൾ നിഷ്ഫലമാണ്. നിങ്ങളുടെ അറിവ്, ബുദ്ധി, പ്രകാശിതമായ ബുദ്ധി വൈഭവം ഇതെല്ലാം നിഷ്ഫലമാണ്.നിങ്ങൾ ദൈവത്തിന്റെ കാര്യങ്ങൾ മനസ്സിലാക്കാതിരിക്കുകയും മനസ്സിലാക്കാൻ ശ്രമം നടത്താതിരിക്കുകയും അതല്ലെങ്കിൽ കേൾക്കുകയും മനസ്സിലാക്കുകയും ചെയ്തതിന്നു ശേഷം അതനുസരിച്ച് പ്രവർത്തിക്കാതിരിക്കുകയും ചെയ്താൽ എല്ലാം നിഷ്ഫലമാണ്.

ഈ മീറ്റിംഗുകളിൽ വിവരിക്കപ്പെടുന്ന കാര്യങ്ങളിൽനിന്ന് ഫലമെടുക്കുക. അവിടെ അല്ലാഹുവിന്റെ കാര്യങ്ങൾ അന്വേഷിച്ച് അതനുസരിച്ച് പ്രവർത്തിക്കാൻ പരിശ്രമിക്കുക. അപ്പോഴാണ് ഈ മീറ്റിംഗുകളും ഇതിലെ നടപടികളും ഫലം ചെയ്യുകയുള്ളൂ. ഖുർആനിക വചനത്തിന്റെ വെളിച്ചത്തിൽ ഞാൻ സൂചിപ്പിച്ചതുപോലെ അല്ലാഹു വിശ്വാസിയായ സ്ത്രീയ്ക്കും പുരുഷനും സൽകർമങ്ങൾക്കു പ്രതിഫലം നല്കുന്നതാണെന്ന് പറഞ്ഞിരിക്കുന്നു. ഞാനോതിയ രണ്ടാമത്തെ വചനത്തിൽ പ്രതിഫലത്തിന്റെ സുവാർത്ത ലഭ്യമാകുന്ന ചില സൽകർമത്തെ കുറിച്ച് സൂചിപ്പിക്കുന്നു:'പശ്ചാത്തപിച്ചു മടങ്ങുന്നവരും (അല്ലാഹുവിനെ)ആരാധിക്കുന്നവരും(അവനെ)സ്തുതിക്കുന്നവരും വ്രതമനുഷ്ഠിക്കുന്നവരും നമിത്തുന്നവരും സാഷ്ടാംഗം പ്രണമിക്കുന്നവരും നല്ല കാര്യങ്ങൾ ഉപദേശിക്കുന്നവരും നിഷിദ്ധ കാര്യങ്ങൾ വിലക്കുന്നവരും അല്ലാഹുവിന്റെ (നിയമ)പരിധികളെ കാത്തുസൂക്ഷിക്കുന്നവരുമാണ്(അവർ). സത്യവിശ്വാസികൾക്കു നീ സുവിശേഷം അറിയിക്കുക.'

ഇത് നബി(സ)തിരുമേനിയ്ക്കുള്ള നിർദേശമാണ്. ബഷ്ശിരിൽ മുഅ്മിനീൻ വിശ്വാസികൾക്ക് നീ സുവാർത്ത അറിയിക്കുക എന്ന നിർദേശത്തിൽ സ്ത്രീയും പുരുഷനും പെടുന്നു.

ഹദ്റത്ത് വാഗ്ദത്ത മസീഹ് (അ) ഒരു സ്ഥലത്ത്

## തിരുനബിയുടെ തിരുമൊഴികൾ:

**ഹദ്റത്ത് ഇബ്നു ഉമറിൽനിന്ന്(റ) നിവേദനം. രാത്രി നമസ്കാരത്തെ പറ്റി ഒരാൾ നബി(സ)തിരുമേനിയോടു ചോദിച്ചു. അവിടന്ന് പറഞ്ഞു: 'രാത്രിനമസ്കാരം ഈരണ്ടീരണ്ടാകുന്നു. അങ്ങനെ നിങ്ങളിലാരെങ്കിലും പ്രഭാതമായേക്കുമെന്ന് ഭയപ്പെട്ടാൽ ഒരു റക്അത്ത് നമസ്കരിക്കട്ടെ. അത് അവൻ നമസ്കരിച്ചതിനെ വിത്ർ(ഒറ്റ) ആക്കും.' (മുസ്ലിം, ഹദീഥ് 383)**

ത്വാലിബെ ദുആ
Rahman Shakeer & Family, Ahmadiyya Jama-ath Karulai, Kerala

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി Weekly **BADAR** Qadian
ഖാദിയാൻ

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2020-2022 Vol-5 Thursday 26 November 2020 Issue-48

MANAGER
NAWAB AHMAD
Tel : 91 1872224757
Mobile: 91 9417020616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 500/- (Per Issue : Rs. 9/-) (**WEIGHT** - 20-50 gms/issue)

എഴുതിയിരിക്കുന്നു: 'പശ്ചാത്താപത്തിന്റെ ശക്തി കൈവരിക്കുന്നതിന് അല്ലാഹു നമ്മെ പാപമോചനം തേടുന്നതിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ പാപങ്ങളിൽനിന്ന് രക്ഷപ്പെടണമെങ്കിൽ നമ്മളെ സ്വയം അതിൽനിന്ന് സുരക്ഷിതമാക്കി വെക്കേണ്ടതാണ്. അതുകൊണ്ട് പാപമോചനം തേടുന്നതിൽ സ്ഥിരത കൈവരിക്കുക. ഇത് എന്റെ വാക്കുകളാണ്. വാഗ്ദത്ത മസീഹിന്റെ വാക്കുകള് സൂചിപ്പിക്കുന്നത് ഇതു തന്നെയാണ്. കൂടാതെ വാഗ്ദത്ത മസീഹ് (അ) എഴുതുന്നു:ചില സമയത്ത് മനുഷ്യനറിയാതെ അവന്റെ ഹൃദയത്തിൽ നിമിഷനേരംകൊണ്ട് തുരുമ്പും അന്ധകാരവും പിടിക്കുന്നു. തുരുമ്പും ഇരുട്ടും പിടിക്കാതിരിക്കാനാണ് ഇസ്തിഗ്ഫാർ അഥവാ പാപപൊറുതി തേടൽ വെച്ചിട്ടുള്ളത്.

ഭൗതിക ലോകത്തിന്റെ വിനോദങ്ങളിലും അതിലെ പ്രവൃത്തികളിലും കളി തമാശകളിലും വ്യർഥമായ കാര്യങ്ങളിലും ഇക്കാലത്ത് വളരെയധികം ആകർഷണീയതയുണ്ട്. തുരുമ്പ് പിടിക്കുന്നതുവരെ ഹൃദയം അതിൽ ചായാൻ ശ്രമിക്കുന്നു. ദീനീ പ്രകാശത്തിന്റെ പരിശുദ്ധതെളിച്ചവും തെളിമയും ദുർബലമായിത്തീരുന്നു. ഭൗതിക ലോകത്തിന്റെ നിറങ്ങൾ ആധിപത്യം പുലർത്തുന്നു. ഭൗതിക ലോകത്തിന്റെ ഈ നിറങ്ങൾതന്നെയാണ് തുരുമ്പ്.

അതുകൊണ്ട് നമ്മൾ നമ്മുടെ ഭൗതിക ലോകത്തേയും പര്യവസാനത്തേയും നന്നാക്കുന്നതിനും നേരെ ചൊവ്വെ ആക്കുന്നതിനും തുടർച്ചയായി ഇസ്തിഗ്ഫാർ ചെയ്യേണ്ടത് അനിവാര്യമാണ്. ഇക്കാര്യത്തിൽ നമ്മൾ കൃത്യനിഷ്ഠ കാണിക്കേണ്ടിവരും. തുരുമ്പ് അകറ്റാനും അന്ധകാരത്തെ ഇല്ലായ്മ ചെയ്യാനും അല്ലാഹുവിന്റെ ഭാഗത്തേക്ക് ഒരു പ്രത്യേക ശ്രദ്ധയോടെ പാദമൂന്നേണ്ടത് നിർബന്ധമാണ്. ഇതെല്ലാം അല്ലാഹുവിന്റെ അനുഗ്രഹം കൂടാതെ പ്രാപ്യമാകുകയില്ല. അല്ലാഹുവിന്റെ കാരുണ്യം വലിച്ചെടുക്കാൻ പാപമോചനം തേടുന്നതിനോടൊപ്പം അവൻ പറഞ്ഞ മാർഗമനുസ്സരിച്ച് ആരാധന നിർ വഹിക്കേണ്ടതും അനിവാര്യമാണ്.

പശ്ചാത്താപത്തിലേക്ക് ശ്രദ്ധ ക്ഷണിച്ചതിന്നുശേഷം ഈ വചനത്തിൽ അല്ലാഹു ഇബാദത്ത് ചെയ്യുന്നവർക്കുള്ള സുവാർത്തയെ കുറിച്ചാണ് നമ്മളോടു പറയുന്നത്. ദൈവം പറഞ്ഞു തന്ന വഴിയിൽ ഏറ്റവും സുപ്രധാനമായത് നമസ്കാരമാണ്. സ്ത്രീ വീടിന്റെ കാവലാൾ എന്ന നിലയിൽ സ്വന്തം നമസ്കാരം കാത്തു സൂക്ഷിക്കുന്നതോടൊപ്പം മക്കളുടെ നമസ്കാരത്തേയും സംരക്ഷിക്കേണ്ടതാണ്. സ്ത്രീകളിൽ, മാതാക്കളിൽ നമസ്കാര ശീലമുണ്ടാവണം. ഇക്കാര്യത്തിൽ നിഷ്ഠയുണ്ടെങ്കിൽ മക്കളെ കുട്ടിക്കാലം മുതലേ നമസ്കാരത്തിലേക്ക് ശ്രദ്ധ ക്ഷണിക്കാൻ അതു നമ്മെ സഹായിക്കുന്നതാണ്. പൊതുവെ അത്തരം മാതാക്കളുടെ മക്കൾ നമസ്ക്കാരക്കാരായിരിക്കും. ഇത്തരം സ്ത്രീകൾ, ഇത്തരം മാതാക്കൾ തങ്ങളുടെ മക്കളെ വളർത്തിയെടുക്കുമ്പോത്തന്നെ സ്വന്തം സൃഷ്ടിയുദ്ദേശ്യത്തെ കുറിച്ചും ബോധവതികളായിരിക്കും.

നല്ല ശിക്ഷണം നല്കുന്ന മാതാക്കൾ, കുട്ടികളെ ആരാധന നിർവഹിക്കുന്നവരായി മാറ്റിയെടുക്കാൻ ശ്രമിക്കുന്ന മാതാക്കൾ ചുരുങ്ങിയത് തങ്ങളുടെ ഈ പരിശ്രമം മുഖേന മക്കളെ അല്ലാഹുവിനോട് അടുപ്പിക്കുകയാണ് ചെയ്യുന്നത്. അവർ അല്ലാഹുവിൽനിന്ന് സുവാർത്ത കരസ്ഥമാക്കുന്നവരായി മാറുന്നതാണ്. പിതാക്കളുടെ പ്രവർത്തിദോഷത്താൽ മോശമാകുന്ന കുട്ടികൾ ഒരു സമയത്ത് മാതാക്കളുടെ ദുആകളും ശിക്ഷണവും കാരണത്താൽ അല്ലാഹുവിലേക്ക് വരുന്നവരും നന്മകളുടെ മാർഗത്തിലേക്ക് ചലിക്കുന്നവരുമായി തീരുന്നതായിരിക്കും. അതുകൊണ്ട് ചില മാതാക്കൾക്ക് കുട്ടികളുടെ പ്രത്യേകിച്ചും ആൺകുട്ടികളുടെ ശിക്ഷണം ഒരു പ്രത്യേക പ്രായത്തിനുശേഷം വളരെ വലിയ വെല്ലുവിളിയാണെന്നതിൽ സംശയമില്ല. എന്നാൽ, മാതാക്കൾ ഒരിക്കലും ധൈര്യം കൈവിടരുത്. കൂടാതെ പെൺകുട്ടികൾ പ്രത്യേകിച്ചും പൊതുവെ മാതാക്കളുടെ സ്വാധീന വലയത്തിലായിരിക്കുമുണ്ടാകുക. പെൺകുട്ടികൾ വഴി മാറുന്നുണ്ടെങ്കിൽ അത് തികച്ചും മാതാക്കളുടെ തെറ്റാണ്. പെൺകുട്ടികൾ സ്വാതന്ത്ര്യത്തിലേക്ക് നീങ്ങുന്നുണ്ടെങ്കിൽ അത് തികച്ചും മാതാക്കളുടെ തെറ്റാണ്. പെൺകുട്ടികൾ യൂണിവേഴ്സിറ്റികളിൽ പോയി പ്രേമ ബന്ധങ്ങളുണ്ടാക്കുന്നെങ്കിൽ മാതാക്കൾക്ക് അതിൽ ചിന്തയുണ്ടാകണം. ദുആകൾ കൂടുതലായി ചെയ്യണം.

അല്ലാഹു പറയുന്നു, അല്ലാഹുവിനെ സ്തുതിക്കുന്നവനാകുന്നു എന്നത് വിശ്വസിയുടെ ഒരടയാളമാണ്. അല്ലാഹുവിന്റെ സ്തുതി ആവശ്യപ്പെടുന്നത് അവന്റെ അനുഗ്രഹങ്ങൾക്ക് നന്ദി കാണിക്കുന്നവരാകുക എന്നതാണ്. അല്ലാഹു മെച്ചപ്പെട്ട അവസ്ഥകളും സാമ്പത്തികമായി മേന്മ ലഭ്യമാക്കിയിട്ടുള്ളതും അവന് നന്ദി കാണിക്കാനാണ്. യഥാർഥമായ സ്തുതിയിലേക്ക് ശ്രദ്ധയുണ്ടാകുമ്പോഴാണ് ഈ ചിന്ത ഹൃദയത്തിൽ രൂഢമൂലമാകുന്നത്. സ്തുതിക്കർഹൻ അല്ലാഹു മാത്രമാണെന്നും തന്റെ അവസ്ഥ നന്നാകുന്നുണ്ടെങ്കിൽ അത് അല്ലാഹുവുമായി ചേർന്നുനില്ക്കുന്നതു കൊണ്ടാണെന്നും ബുദ്ധിമുട്ടുകളും ഞെരുക്കങ്ങളും നേരിടേണ്ടി വന്നാൽതന്നെയും അല്ലാഹുവിനെ സ്തുതിക്കുന്ന കാര്യത്തിൽ കുറവ് വരുത്തരുതെന്നും അല്ലാഹുവിനെ സ്തുതിക്കുന്നതിൽ മടികാണിച്ചാൽ അത് നന്ദികേടിലേക്ക് കൊണ്ടുപോകുമെന്നും മനസ്സിലാക്കുക. നന്ദികേട് അല്ലാഹുവിൽനിന്ന് മനുഷ്യനെ അകറ്റിക്കളയുന്നു. അതുകൊണ്ട് ഓരോ വ്യക്തിയും അല്ലാഹുവിനോട് നന്ദിയുള്ളവരാകുകയും അതിൽ നിഷ്ഠ പാലിക്കുകയുംവേണം.

ഇവിടെ വിവരിക്കപ്പെട്ട വിശ്വാസിയുടെ മറ്റൊരു പ്രത്യേകത അവർ അല്ലാഹുവിന്റെ മാർഗത്തിൽ യാത്ര ചെയ്യുന്നവരാകുന്നു എന്നതാണ്. ഇവിടെ വന്നിട്ടുള്ള നിങ്ങളിലധികപേരും സ്വന്തം രാജ്യത്ത് പീഢിപ്പിക്കപ്പെട്ടതുകൊണ്ട് പാലായനം ചെയതു വന്നവരാണ്. ഈ രാജ്യങ്ങളിൽ അഭയം തേടേണ്ടി വന്നവരാണ്. ഇതിന്റെ അടിസ്ഥാനത്തിൽ നിങ്ങളുടെ യാത്രയും ദൈവവഴിയിലാണ്.

(തുടരും)

---

(പേജ് 1ൽനിന്ന്)

നബി(സ)തിരുമേനി നിസ്വാർഥനായിരുന്നുവെന്നും അവിടന്ന് തന്റെ മക്കൾക്ക് സ്വദഖ നിഷിദ്ധമാക്കിയെന്നും മുസ്‌ലിമീങ്ങൾ പ്രത്യേക ശക്തിയോടുകൂടി വിവരിക്കുന്നത് എന്നെ എപ്പോഴും അത്ഭുതപ്പെടുത്താറുണ്ട്. എന്നാൽ, നബി(സ)തിരുമേനിയുടെ ഔദാര്യത്തിന് പകരം നല്കണമെന്ന വിചാരംപോലും അവർക്കുണ്ടാകുന്നില്ല. നബി(സ)തിരുമേനിയുടെ ഔദാര്യത്തിന് പകരം നല്കാൻ ചെറിയ ശ്രമം പോലും നടത്താത്ത ആത്മാവിന്റെ അടിമകളായി എങ്ങനെയാണ് മുസ്‌ലിമീങ്ങൾ മാറിയത്. ഔദാര്യം ചെയ്യുന്നയാൾ ആരുടെയും പ്രതിഫലം പ്രതീക്ഷിക്കാറില്ല. എന്നാൽ, ആരിലാണോ ഔദാര്യം ചെയ്യപ്പെടുന്നത് അയാളുടെ മാന്യത, ആ ഔദാര്യവാന്റെ ഔദാര്യത്തിന് നന്ദി, കർമംരൂപേണ ചെയ്യാൻ ആവശ്യപ്പെടുന്നില്ലേ? എന്റെ നോട്ടത്തിൽ ഈ കല്പനകൊണ്ട്, നബി(സ)തിരുമേനിയുടെ മക്കളിൽ ആരെങ്കിലും നിർധനരാണെങ്കിൽ നബി(സ)തിരുമേനിയുടെ ഔദാര്യം ഓർത്ത് അവരോടു പെരുമാറണം എന്നുള്ള മര്യാദ അല്ലാഹു മുസ്‌ലിമീങ്ങളെ പഠിപ്പിച്ചിരിക്കുകയാണ്. കാരണം നബി(സ)തിരുമേനിയുടെ മക്കൾക്ക് സ്വദഖ കൊടുക്കാനെ പാടില്ല. ആരെങ്കിലും തന്റെ സഹോദരന്മാർക്ക് സ്വദഖ കൊടുക്കാറുണ്ടോ? അപ്പോൾ ഈ ആത്മീയപിതാവിനോട് ആ സഹോദരന്മാരോടെന്നപോലെ പെരുമാറേണ്ടതല്ലേ? അഹോ കഷ്ടം! ഈ യുക്തി മനസ്സിലാക്കാത്തതുകൊണ്ട് മുസ്‌ലിമീങ്ങൾ രണ്ടു കല്പനകളിൽ ഒന്നിനെ ലംഘിക്കാൻ തുടങ്ങി. ഒന്നുകിൽ അവർ തങ്ങന്മാരിൽ സ്വദഖയും സക്കാത്തും ചെലവഴിക്കാൻ തുടങ്ങി. അല്ലെങ്കിൽ അവരുടെ സേവനത്തിൽനിന്ന് തികച്ചും പിന്തള്ളപ്പെട്ടു.

എന്നിൽ അല്ലാഹുവിന്റെ ഔദാര്യമാണ്. ഞാൻ വളരെകാലം മുമ്പേ ഈ പോയന്റ് മനസ്സിലാക്കി. നിർധനരായ തങ്ങന്മാരെ സേവിക്കാൻ എനിക്ക് പലതവണയും തൗഫീഖ് കിട്ടി. അവർക്ക് സ്വദഖ കൊടുക്കുന്നു എന്ന വിചാരത്തോടെയല്ല. മറിച്ച് നബി(സ)തിരുമേനി നമ്മളിൽ ചെയ്ത ആ മഹത്തായ ഔദാര്യത്തിന്, സൽപെരുമാറ്റം എന്ന നിലയിൽ അത് നിറവേറ്റാനുള്ള ഒരു നിസാരമായ ശ്രമം. അൽഹംദുലില്ലാഹി അലാ ദാലിക്. കഷ്ടം! മുസ്‌ലിമീങ്ങൾ ഈ പോയന്റ് മനസ്സിലാക്കിയിരുന്നെങ്കിൽ! തങ്ങന്മാർക്ക് സ്വദഖ കൊടുക്കുകയും അല്ലെങ്കിൽ അവരുടെ ബുദ്ധിമുട്ടുകളെ തികച്ചും അവഗണിക്കുകയും ചെയ്യുക എന്ന രണ്ട് ദുഷിച്ച കുറ്റകൃത്യങ്ങളിൽനിന്ന് മുസ്‌ലിമീങ്ങൾ സുരക്ഷിതരായിരുന്നെങ്കിൽ! അവർ അങ്ങനെ ചെയ്യുകയാണെങ്കിൽ അല്ലാഹുവും അവരുടെ മക്കളുടെമേൽ കരുണ ചെയ്തേക്കാം. (തഫ്സീർ കബീർ, വാള്യം 1, പേജ് 131, 132, ഖാദിയാൻ 2010)

---

## തിരുനബിയുടെ തിരുമൊഴികൾ:

**ഹദ്റത്ത് ആഇശ(റ)യിൽനിന്ന് നിവേദനം:'രാത്രിയുടെ ഏതു സമയത്തും നബി(സ)തിരുമേനി വിത്ർ നമസ്കരിച്ചിരുന്നു. രാത്രിയുടെ ആദ്യത്തിലും അതിന്റെ മധ്യത്തിലും അതിന്റെ അവസാനത്തിലും. പ്രഭാതോദയത്തിന്റെ തൊട്ടുമുമ്പേയുള്ള സമയത്തായിരുന്നു അവിടത്തെ വിത്ർ അവസാനിച്ചിരുന്നത്.' (മുസ്‌ലിം, ഹദീഥ് 391)**

**ത്വാലിബെ ദുആ:**
**K.Muhammad Safwan & Family**
**Ahmadiyya Jama-ath Kakkanad, Kerala**

## തിരുനബിയുടെ തിരുമൊഴികൾ:

**ജാബിർ(റ)ൽനിന്ന് നിവേദനം. നബി(സ)തിരുമേനി പറയുന്നത് ഞാൻ കേട്ടു: 'നിശ്ചയമായും രാത്രിയിൽ ഒരു സമയമുണ്ട്. ആ നേരത്ത് ഒരു മുസ്‌ലിം അല്ലാഹുവിനോടു ഐഹികമോ പാരത്രികമോ ആയ കാര്യത്തിൽ നന്മ തേടുന്ന പക്ഷം ആ തേടുന്നത് അല്ലാഹു അവന് നൽകാതിരിക്കില്ല. ആ സമയം എല്ലാ രാത്രിയിലുമുള്ളതാകുന്നു.'(മുസ്‌ലിം, ഹദീഥ് 388)**

**ത്വാലിബെ ദുആ:**
**K.Muhammad Shareef &Family**
**Ahmadiyya Jama-ath Vaniyambalam, Kerala**

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin